കിരണങ്ങൾ. 50

ദിവ്യഭോജന

വി. റോസ ഡെ ലീമ



L.O
R 71

ഫാദർ കല്ലിസ്റ്റസ് സി.ഡി.സി.

To The Rev. Scholastica, Chethipuzhay.

കിരണങ്ങളും നമ്പ്യും 50.

ലീമയുടെ ഓമന.

(വി. റോസ ദെ ലീമയുടെ ജീവചരിത്രം)

ഗ്രന്ഥകർത്താ:

ഫാദർ കല്ലിസ്റ്റസ് റ്റി. ഒ. സി. ഡി.

DHARMARAM COLLEGE LIBRARY 1633 BANGALORE

(Copyright reserved)

Lo R 21

ST. JOSEPH'S I. S. PRESS, ELTHURUTH.

1953.

വില: 0-8-0

NIHIL OBSTAT

Rev. Fr. Cassian T. O. C. D.
Rev. Fr. Silas T. O. C. D.

IMPRIMI POTEST

Very Rev. Fr. Maurus T. O. C. D.,
Prior General.

IMPRIMATUR

† George Alapatt
Bp. of Trichur,

Trichur,
23 April 1953.

അവതാരിക

റൈറ്റ് റവ. ഡോക്ടർ
ജോഷ്വാ ആലപ്പാട്ട്, പി. എച്ച്. ഡി; ഡി. ഡി.

വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാടു് എന്ന രീതിയിൽ, പേനായെടുക്കുന്നവനെല്ലാം സാഹിത്യകാരനായിത്തുടങ്ങിയിരിക്കുന്നു. സംസ്കാരത്തേയും, മാനുഷികമൂല്യങ്ങളേയും, സദാചാരത്തേയും ചവുട്ടിമെതിച്ചുകൊണ്ടു് എത്ര ബീഭത്സമായ ചീത്ത എഴുതിവിടാമൊ അത്രകണ്ടു സാഹിത്യം പുരോഗമിച്ചു എന്ന ഗതികേടാണു് മലയാളത്തിനു് ഇന്നു സംഭവിച്ചിരിക്കുന്നതു്.

ഇങ്ങനെ അന്ധകാരനിബിഡമായ അന്തരീക്ഷത്തിൽ അങ്ങിങ്ങായി ചില വെള്ളിനക്ഷത്രങ്ങളും ഉദിക്കാറുണ്ടു്. അമ്മാതിരിയുള്ള ഒരു വെള്ളിനക്ഷത്രമാണു് ഫാദർ കല്ലിസ്റ്റസിന്റെ "ലീമയുടെ ഓമന" എന്ന ഈ കൊച്ചുനോവൽ. എന്നാൽ കേവലം കപോലകല്പിതമല്ല ഇതിലെ ഇതിവൃത്തം. യഥാർത്ഥമായ ഒരു ചരിത്രസംഭവമാണു് ഈ മനോഹരപുഷ്പത്തിന്റെ ഉള്ളിലുള്ള തുമധു. സച്ചിദാനന്ദസ്വരൂപനായ മിശിഹായെ മണവാളനായി സ്വയം വരിച്ച ഒരു യുവതീരത്നത്തിന്റെ ദിവ്യമായ പ്രേമകഥ.

ഇതിലെ ഗദ്യശൈലി ഏറ്റവും ലളിതവും നിരവ്യവുമായിരിക്കുന്നു. സംഭാഷണം സ്വാഭാവികമായിട്ടുണ്ടു്. ഒട്ടും മുഷിച്ചിൽ തോന്നാതെ വായിച്ചു തീർക്കാവുന്ന ഒരു നല്ല നോവൽ.

പരിശുദ്ധവും കലാസുഭഗവുമായ മലയാളസാഹിത്യത്തിന്റെ ഉറവ തീരെ വറ്റിയിട്ടില്ല എന്നതിന്റെ ഒരടയാളമാണ് "ലീമയുടെ ഓമന". "സ്നേഹഗാനം" എന്ന ഗദ്യപദ്യകൃതിയെഴുതി പ്രസിദ്ധിയാർജ്ജിച്ച ഫാദർ കല്ലിസ്റ്റസിന്റെ അനുഗൃഹീതതൂലികയ്ക്ക് ഈ നോവലിലും പ്രശംസാർഹമായവിധം വിജയിച്ചിട്ടുണ്ട്.

നമ്മുടെ ബാലികാബാലന്മാരെ വഴിപിഴപ്പിക്കുന്ന നിരവധി ചെറുകഥകളും നോവലുകളും കേരളത്തിൽ പ്രചരിച്ചുവരുന്നുണ്ട്. അങ്ങനെയുള്ള ക്ഷുദ്രകൃതികൾക്കു പകരം ആകർഷണീയവും ഉപകാരപ്രദവുമായ സൽഗ്രന്ഥങ്ങൾ ധാരാളം പുറത്തിറങ്ങേണ്ടിയിരിക്കുന്നു. അതുകൊണ്ട് കേരളത്തിലെ ബാലികാബാലന്മാർക്കുവേണ്ടി രചിച്ചിട്ടുള്ള "ലീമയുടെ ഓമന"യെ അവർ സഹർഷം സ്വാഗതം ചെയ്യുമെന്നതന്നെ പ്രതീക്ഷിക്കുന്നു.

Bishop's House,
Trichur, 23-4-1953.

† G. C. Alapatt,
Bishop of Trichur.

മുഖവുര.

"Angel of the Andes" എന്ന ആംഗ്ലേയ കൃതിയെ ആസ്പദമാക്കിയാണു് "ലീമയുടെ ഓമന" വിരചിതമായിരിക്കുന്നതു്. അമേരിക്കയുടെ ആദ്യവിശുദ്ധയായ വി. റോസ ദെ ലീമായുടെ ജീവിതകഥ നിർമ്മലവും നിസ്വാർത്ഥവുമായ സ്നേഹത്തിന്റെ നിദർശനമാണു്. ദൈവസ്നേഹവും പരസ്നേഹവും വെവ്വേറെ രണ്ടു ഭാണ്ഡങ്ങളായി കെട്ടിമുറുക്കി കൊണ്ടുനടന്നവളല്ല അവർ. സ്വാഭാവികമായി അവ രണ്ടും അവളുടെ അനുദിനജീവിതത്തിൽ അലിഞ്ഞുചേർന്നിരുന്നു. അവളുടെ ജീവിതപാരായണം ആകർഷണീയമാക്കിത്തീർക്കുന്നതും പ്രസ്തുത ഗുണവിശേഷമാണു്. ഈ യുവസിദ്ധയുടെ പേരെങ്കിലും പറഞ്ഞുകേട്ടിട്ടില്ലാത്ത ബാലികാബാലന്മാർ കേരളത്തിലുണ്ടെന്നു തോന്നുന്നില്ല. എങ്കിലും അവളെക്കുറിച്ചു് അധികമൊന്നും അവർക്കറിഞ്ഞുകൂടായിരിക്കാം. "ലീമയുടെ ഓമന" ആ കുറവു് കുറച്ചെങ്കിലും പരിഹരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പുസ്തകത്തിന്റെ പുറങ്ങൾ മുന്നോട്ടു മറിക്കുന്തോറും, "ഇതൊരു ജീവചരിത്രമാണോ, നാടകമാണോ, നോവലാണോ, എന്തായിരിക്കാം" എന്ന വിചാരം അനുവാചകരെ അലട്ടിയേക്കാം. എന്തെങ്കിലുമെന്നു വിധി കല്പിക്കാം. മനം മടുക്കാതെ വായിച്ചവസാനിപ്പിക്കണമെന്നും, നല്ലതെന്നു തോന്നുന്നവർക്കു് അഭിനയത്തിനുപകരിക്കണമെന്നും മാത്രമേ ഗ്രന്ഥകർത്താവിനുദ്ദേശമുള്ളൂ.

പണ്ഡിതശിരോമണിയും വാത്സല്യനിധിയുമായ നിതാന്തവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോർജ്ജു് ആലപ്പാട്ടു്, പി. എച്ചു്. ഡി; ഡി. ഡി. അവർകളും തന്റെ ഗുരുപ്പട്ടത്തിന്റെ രജതജൂബിലിദിനത്തിൽ, സാരസമ്പന്നവും സരസസുന്ദരവുമായ ഒരു അവതാരികകൊണ്ടു "ലീമയുടെ ഓമന"യെ മകുടം ചാർത്തിയതിനു് എന്റെ വിനീത കൃപ്പുകൈ. നാളത്തെ ലോകത്തിൽ വിടർന്നു വിലസേണ്ട പൂമൊട്ടുകളായ കേരളത്തിലെ ബാലികാബാലന്മാരുടെ മുമ്പിൽ ഈ "ഓമന"യെ സസന്തോഷം സമർപ്പിച്ചുകൊള്ളുന്നു.

ചെത്തിപ്പുഴ കൊവേന്ത,
ചങ്ങനാശ്ശേരി.

ഫാദർ കല്ലിസ്തൂസു് ടി. ഒ. സി. ഡി.
25 – 3 – 1953.

†

ലീമയുടെ ഓമന.

ഒരു ജീവചരിത്രനോവൽ.

അദ്ധ്യായം 1.

"എന്താ മൈക്കിം! വല്ല ഒപ്പുത്തുമായ്ക്കും ആള് വന്നിട്ട് ണ്ടോ?" വികാരിയച്ചൻ കാലത്തേ കുബ്ബാനയും മറ്റും കഴിഞ്ഞു മുറിയിൽ വന്നു കാപ്പി കുടിച്ചു കഴിഞ്ഞതേയുള്ളു. അപ്പോഴാണു് കപ്യാരു അകത്തു കേറിവന്നതു്.

"ഇല്ലാ, അച്ചാ"

"പിന്നെ എന്താ പോന്നതു്?"

"ഒരു മാമ്മോദീസായ്ക്കു കൊച്ചിനെ കൊണ്ടുവന്നിട്ടുണ്ടു്."

"ആരുടെ കൊച്ചാ?"

"ആ ഗാസ്പർ ഫ്ളോർസിന്റെ 8-ാമത്തെ കുഞ്ഞാ".

"പിറന്നിട്ടെത്ര ദിവസമായി?"

"രണ്ടുമൂന്നാഴ്ച കഴിഞ്ഞു. ഏപ്രിൽ മുപ്പതാം തീയതി ജനിച്ചെന്നാ പറഞ്ഞതു്."

"ഹോ. ഇന്നു മേയ് 25-ാം തീയതി ആയല്ലോ. ഈ പെരുരാജ്യത്തല്ലാതെ ഇത്തരം അഴിമതികൾ നടമാടുമോ. ഇവക്കൊക്കെ സ്പെയിനിൽ കിടന്നാൽ മതിയായിരുന്നോ. എല്ലാരും തെക്കെ അമേരിക്കയിലോയ്ക്കു കെട്ടിപ്പെറുക്കി പോന്നിരിക്കയാ.

ഇവിടത്തെ ആൻഡീസ് പർവ്വതത്തിന്റെ ചെരുവിൽ സ്വർണ്ണ ഖനികളുണ്ടെന്നു കേട്ടപ്പോൾ തുടങ്ങിയതാ ഈ കുടിയേറ്റം. പള്ളിയും പട്ടക്കാരനും, കുമ്പാനയും കുമ്പസാരവും, മാമ്മോദീസായും ഒപ്പുശ്ശുമായും ഒന്നും കൂടാതെ, പണമേ ശരണം എന്നു വച്ച് കാട്ടാളന്മാരായി ജീവിക്കയാ".

"അയ്യോ പിതാവേ, അങ്ങനെയുള്ളവർ ഈ ലീമാപ്പട്ടണത്തിൽ ഏറെയുണ്ട്. പക്ഷേ, ഗാസ്പർ ദൈവപേടിയുള്ള ആളാ. കൊച്ചിന്റെഅമ്മ മേരിയാണെങ്കിൽ വലിയഭക്തയാ. കുമ്പസാരവും കുബ്ബാനയുമൊക്കെ കൂറച്ചു കൂടുതലെങ്കിലേയുള്ള. പിന്നെ, കൊച്ചിനു് വല്ല സുഖക്കേടുമായതുകൊണ്ടായിരിക്കാം കൊണ്ടുവരാൻ ഇത്ര താമസിച്ചുപോയതു്".

"ഉം,ആട്ടെ. വേഗംചെന്നു് മാമ്മോദീസായ്ക്കു വേണ്ടതെല്ലാം ഒരുക്കു. ഞാൻ ഇതാ പുറകെ വരുന്നു".

പള്ളിയുടെ ആനവാതുക്കൽ കുഞ്ഞിനെ കയ്യിൽ പിടിച്ചിരിക്കുന്ന ഒരു സ്ത്രീയും അടുത്തു ഒരു പുരുഷനും നില്പുണ്ട്. അവരാണു് കൊച്ചിന്റെ തലതൊട്ടമ്മയും തലതൊട്ടപ്പനും ആകാൻ വന്നിരിക്കുന്നതു്. തിരുവസ്ത്രങ്ങളും ധരിച്ചു് വികാരിയച്ചൻ അടുത്തുവന്നു് ജ്ഞാനസ്നാനത്തിന്റെ പ്രാരംഭചോദ്യങ്ങൾ തുടങ്ങുന്നതിനുമുമ്പു "കൊച്ചിനെന്തു പേരിടണം?" എന്നു ചോദിച്ചു.

"ഇസബെൽ എന്നിടാനാണു് പറഞ്ഞയച്ചിരിക്കുന്നതു്". തലതൊട്ടമ്മ എന്തോ പറയാൻ തുടങ്ങിയപ്പോഴേക്കും തലതൊട്ടപ്പൻ പറഞ്ഞുകഴിഞ്ഞു. എങ്കിലും അവശം വിട്ടില്ല.

"കൊച്ചിനു് റോസു് എന്നു പേരിടാനാണു് അതിന്റെ അമ്മ പറഞ്ഞയച്ചിരിക്കുന്നതു്".

"അതെന്തു പേരു്? അങ്ങനെയൊരു പേരു കൊച്ചിന്റെ കുടുംബത്തിൽ ആക്കെങ്കിലും ഉണ്ടോ?" തലതൊട്ടപ്പൻ ചാടിപ്പിടിച്ചു. "ഇസബെൽ എന്നതു് കുഞ്ഞിന്റെ അമ്മാമ്മയുടെ പേരാണു്. അതിടാനാണു് അവരു് പ്രത്യേകം പറഞ്ഞുവിട്ടിരിക്കുന്നതു്".

"റോസു്–ഇസബെൽ. ഇസബെൽ–റോസു്" അച്ചൻ ആകപ്പാടെ പരുങ്ങലിലായി. "റോസു് എന്നൊരു പേരു റോമൻ "മാർട്ടിറോളജി"യിൽ ഇല്ലല്ലോ. അങ്ങനെയൊരു വിശുദ്ധ കത്തോലിക്കാ സഭയിലില്ല. കത്തോലിക്കർ പുണ്യവാന്മാരുടെ പേരാണിടേണ്ടതു്. അല്ലാതെ വല്ല വള്ളിയുടെയും പൂവിന്റെ

യും പേരല്ല ഇടേണ്ടതു്. അതുകൊണ്ടു കൊച്ചിന്റെ പേരു ഇസബെൽ എന്നതന്നെ ആയിരിക്കട്ടെ". അച്ചൻ തിരുകർമ്മം തുടങ്ങി.

"ഇസബെൽ! ദൈവത്തിന്റെ പള്ളിയിൽനിന്നു നീ എന്തു നേപഷിക്കുന്നു?" എന്നു അച്ചൻ ചോദിച്ചു തീന്തോട്ടുകൂടി, കപ്യാരു പറഞ്ഞുകൊടുത്തതനുസരിച്ചു് തലതൊട്ടപ്പനും തലതൊട്ടമ്മയും "വിശ്വാസം" എന്നുത്തരം നൽകി.

"വിശ്വാസം നിനക്കു എന്തു നല്ലം?" എന്നു് അച്ചൻ വീണ്ടും ചോദിച്ചതിനു് "നിത്യായുസ്സു്" എന്നു രണ്ടുപേരും പറഞ്ഞു.

അച്ചൻ മാമ്മോദീസാ മുക്കിക്കഴിഞ്ഞു സങ്കീർത്തിയിൽ വന്നു. അപ്പോഴും "റോസു–ഇസബെൽ, ഇസബെൽ–റോസു്" ഈ പദ്ധതം അദ്ദേഹത്തിന്റെ ചിന്താവീഥിയിൽ കൂടി അലഞ്ഞുതിരിഞ്ഞിരുന്നു. "ആ കൊച്ചു ഒരു നല്ല റോസപ്പൂ പോലിരിക്കുന്നു. റോസു് പഴയ പേരായിരുന്നു. പക്ഷേ റോസു് ഒരു പുണ്യവതിയുടെ പേരല്ലല്ലോ. പിന്നെ, നാടിന്റെ മുറയനുസരിച്ചു് അമ്മാമ്മയുടെ പേരല്ലേ ഇടേണ്ടതു്. അല്ലെങ്കിൽ വേറൊരു വിദ്യയുണ്ടായിരുന്നു. ഇന്നു് സീയന്നായിലെ വി. കത്രീനായുടെ തിരുനാളല്ലേ. കൊച്ചിനു് "കത്രീനാ"യെന്നു പേരിടായിരുന്നു. അപ്പോഠം കുഞ്ഞിന്റെ അമ്മയും അമ്മാമ്മയും തമ്മിലുള്ള വടംവലിയും ഒഴിക്കാമായിരുന്നു. പോട്ടെ, ഇട്ടുകഴിഞ്ഞില്ലേ".

"എടോ മൈക്കിഠം!"

"എന്തോ അച്ചാ"

"മാമ്മോദീസാക്കണക്കു എഴുതിക്കഴിഞ്ഞോ? ഇങ്ങോട്ടു കൊണ്ടുവാ. ഞാൻ ഒപ്പുവെക്കട്ടെ".

"ഇതാ എഴുതിക്കഴിഞ്ഞു." പുസ്തകം അച്ചന്റെ അടുത്തു കൊണ്ടുവരുന്നു.

"എന്താ എഴുതിയതു്. താൻ ഒന്നു വായിക്കു."

"1856 ഏപ്രിൽ 30–ാം തീയതി ഗാസ്പർ ഫ്ളോർസിന്റേയും മേരി ഒലീവായുടെയും 8–ാമത്തെ മകഠം ജനിച്ചു. മേയ് 25–ാം തീയതി ലീമാ ഭദ്രാസന ദേവാലയത്തിൽ വെച്ചു മാമ്മോദീസാ നൽകപ്പെട്ടു. കൊച്ചിനു് റോസു് എന്ന പേരു കൊ...."

"ഏ, എന്തു പേരു കൊടുത്തു?"

"റോസു്. അതല്ലേ ഇട്ടതു്?"

"എടോ, താൻ എന്തൊക്കെയാണു് എഴുതിപ്പിടിപ്പിക്കുന്ന

തു്. ഇസബെൽ എന്നു വിളിച്ചതു് കേട്ടില്ലേ. എത്ര പ്രാവശ്യം ഞാൻ അതു മാമ്മോദീസായുടെ നമസ്കാരങ്ങളിൽ ആവർത്തിച്ചു പറഞ്ഞു!"

"ഓ, ഞാൻ ഓർക്കുന്നു. കൊച്ചിന്റെ അമ്മാമ്മയുടെ പേരു്. റോസു എന്നെഴുതിക്കഴിഞ്ഞല്ലോ. ഇനി എന്തു ചെയ്യും?"

"എഴുതിയതു മതിയായാലും വെട്ടിക്കളയേണ്ടാ." അച്ചൻ അല്പം ആലോചിച്ചശേഷം പറഞ്ഞു. "ഇസബെൽ എന്നുകൂടി ചുവടേ ചേർത്തേക്കൂ".

മാമ്മോദീസാ കഴിഞ്ഞു തലതൊട്ടമ്മ കുഞ്ഞിനെ കൊണ്ടു വരുന്നതു കണ്ട കൊച്ചിന്റെ അമ്മാമ്മ മുറ്റത്തേയ്ക്കു ഓടിവന്നു ചോദിച്ചു.

"കുഞ്ഞിനെന്താ പേരിട്ടതു്".

"ഇസബെൽ എന്നാ അച്ചൻ പേരിട്ടതു്". തലതൊട്ടമ്മ ഉത്തരം നൽകി. അകത്തു കിടന്നിരുന്ന മേരി ഒന്നു നെടുവീർപ്പിടുക മാത്രം ചെയ്തു.

* * * *

കാലങ്ങൾ മുന്നോട്ടു നീങ്ങി. റോസു വളർന്നു, ഓടിനടക്കാറായി. കുറെയൊക്കെ സംസാരിച്ചും തുടങ്ങി. ഒരു ദിവസം അവൾ മുറ്റത്തു് കളിച്ചുകൊണ്ടിരുന്നു.

"റോസു്, റോസു്! നീ എവിടെയാ?"

"എന്തോ, എന്തോ". ആരോ വിളിക്കുന്നതു കേട്ട റോസു തിരിഞ്ഞുനോക്കി.

"കുഞ്ഞു് ഓടിവാ: അമ്മ ഒരു ഉമ്മ തരാം" മേരി പറഞ്ഞു.

"എടീ ഇസബെൽ!" അമ്മാമ്മ ഓടിവന്നു ഇടയ്ക്കുകയറി പറയുകയാണു്, "എടീ, നിന്നോടു ഞാൻ പറഞ്ഞിരുന്നതല്ലേ നിന്റെ പേരു ഇസബെൽ എന്നാണെന്നു്. അങ്ങനെ വിളിച്ചാൽ മാത്രം വിളികേട്ടാൽ മതിയെന്നും. എടീ ഇസബെൽ!"

"എന്തോ, എന്തോ". റോസു നടക്കല്ലു കയറുന്നതിനിടയ്ക്കു വിളികേട്ടു.

"എടീ റോസെ!" മേരി കയർത്തുപറഞ്ഞു. നിന്നോടു എത്ര പ്രാവശ്യം ഞാൻ പറഞ്ഞിട്ടുണ്ടു് നിന്റെ പേരു റോസു എന്നു മാത്രമാണെന്നു്. നിന്റെ മുഖംതന്നെ റോസാപ്പൂപോലെയല്ലേ ഇരിക്കുന്നതു്?

"എടീ മേരി!" അമ്മാമ്മയ്ക്കു വല്ലാതെ അരിശംവന്നു. "നീ

യൊക്കെ കുമ്പസാരവും കുമ്പാനയുമായി നടക്കും. എന്നിട്ട് പിള്ളേക്ക് പൂവെന്നും കായെന്നും, ചുളയെന്നും കുരുവെന്നും ഒക്കെ പേരും ഇട്ടും. കാളിയെന്നും ചിരുതയെന്നും വിളിക്കാത്തതു ഭാഗ്യമായി."

"അമ്മയുടെ മുഖത്തു കണ്ണില്ലേ? അവളെത്ര സുന്ദരിയാണ്. അവളെ റോസെന്നു തന്നെയല്ലേ വിളിക്കേണ്ടതു". മേരി വിട്ടില്ല.

"എടീ, നിന്റെയൊക്കെ ഒരു പരിഷ്കാരം. നടക്കുന്നകണ്ടാൽ അറിയാം ഈ ചെറുപ്പക്കാരത്തികൾ അഹങ്കാരത്തിന്റെ കൂട്ടുകളാണെന്നു. പട്ടിൽ പൊതിഞ്ഞു വട്ടം കറങ്ങിയാണു റോട്ടിൽകൂടെ നടക്കുന്നതു. അങ്ങോട്ടുമിങ്ങോട്ടും കണ്ണുറിഞ്ഞും, കുഴഞ്ഞും കുണുങ്ങിയും നടന്നുപോകുന്ന കാണണം. ദേവസ്ത്രീകളാണെന്നാണു വിചാരം. അങ്ങനെയുള്ളവക്കു കുഞ്ഞുങ്ങളുണ്ടായാൽ നാട്ടിലെ വല്ലപേരും മതിയോ. എടീ മേരീ, പള്ളിയുടെ പ്രമാണം പുണ്യവാന്മാരുടെ പേരിടണമെന്നല്ലേ? പിന്നെയെന്തിനാ ഈ പരിഷ്കാരത്തിനു പോകുന്നതു? ഓ! നിന്റെ കുഞ്ഞിനു മാത്രമേ ചന്തമുള്ളായിരിക്കാം. പിന്നെ, ഇസബെൽ എന്നപേരിനു എന്താ പോരായ്ക. എന്റെ പേരല്ലേ? കുഞ്ഞായിരുന്നപ്പോൾ എനിക്കു ചന്തമൊന്നും ഇല്ലാഞ്ഞിട്ടാണോ എന്നെ പൂവെന്നും മറ്റുമല്ലാതെ ഇസബെൽ എന്നു പേരിട്ടതു?" ജരയും നരയും ബാധിച്ച ആ എഴുപതുകാരി തന്റെ കുട്ടിക്കാലത്തിലേക്കും ഇപ്പോഴത്തെ സ്ഥിതിയിലേക്കും ഒന്നു കണ്ണോടിച്ചപ്പോൾ അറിയാതെ ഞെട്ടിപ്പോയി.

"അതൊന്നും എനിക്കറിഞ്ഞുകൂടാ. എന്റെ കുഞ്ഞിനെ എങ്ങനെയാണു വിളിക്കേണ്ടതെന്നു ഞാനാണു തീച്ചയാക്കേണ്ടതു". മേരിയുടെ ഹൃദയം വാടിച്ചു.

"എടീ, ധിക്കാരം പറയാതെ. പള്ളിയും പട്ടക്കാരനും പുണ്യവാന്മാരുടെ പേരിടണമെന്നു പറയുന്നു. നീ പറയുന്നു, നിനക്കിഷ്ടമുള്ള പേരു കൊച്ചിനെ വിളിക്കുമെന്നു. എടീ, നിന്റെയൊക്കെ കുമ്പസാരവും കുമ്പാനയുമൊക്കെ എന്തുതരമായിരിക്കണമെടീ!"

"അവളുടെ പേരു ഒരു പുണ്യാളത്തിയുടെ പേരല്ലെങ്കിൽ അവളൊരു പുണ്യാളത്തി ആയിക്കൊള്ളും" അമ്മയുടെ സ്നേഹപ്രവചനത്തിലേയ്ക്കു നീങ്ങി.

"ഹോ, നീ നിവിയാ ചമയാന്നും തുടങ്ങിയല്ലോ. ഭക്ഷി പോകുന്ന പോക്കു്!"

"അതിനെന്താ?"

"അതിനെന്താണെന്നോ". അമ്മാമ്മയുടെ ക്ഷമയുടെ നെല്ലിപ്പലകയും തകന്നു. "അമ്പടീ, അമ്മയോടാണോ ധിക്കാരം പറയുന്നതു്?" അമ്മയുടേയും മകളുടേയും ശബ്ദകോലാഹലം കേട്ടു ഗാസ്പർ ഓടിവന്നു. രണ്ടുഭാഗത്തും ചേരാൻ നിവൃത്തിയില്ലാതെ പരുങ്ങിനില്ക്കുന്ന കൊച്ചിനെ കണ്ടപ്പോഴേ അയാൾക്കു കാര്യം മനസ്സിലായി. പേരിനെക്കുറിച്ചുള്ള പടവെട്ടു് അന്നൊന്നും തുടങ്ങിയതല്ല. കൊല്ലം മൂന്നായി.

"ഇതു് കണ്ണും ചെവിയും കേൾക്കാൻ പാടില്ലാതായല്ലൊ ഈ കലകലശബ്ദംകൊണ്ടു്. ഓരോരുത്തക്കും ഇഷ്ടംപോലെ അങ്ങു വിളിച്ചാൽ പോരെ? പിന്നെ ഈ കൊച്ചിനേയും എന്തിനാ കഷ്ടപ്പെടുത്തുന്നതു്". അയാൾ ബഹളം ശാന്തമാക്കാൻ ശ്രമംതുടങ്ങി.

"ഏ, ഇഷ്ടമുള്ള പേരുവിളിക്കാമെന്നോ! പള്ളിയിലിട്ട പുണ്യാളത്തിയുടെ പേരല്ലേ ക്രിസ്ത്യാനികൾ വിളിക്കേണ്ടതു്?" അമ്മാമ്മ വാദമുഖം അവതരിപ്പിച്ചു.

"മാമ്മോദീസായ്ക്കു കൊച്ചിനേയുംകൊണ്ടു പള്ളിയിൽ പോയപ്പോൾ ഞാൻ പറഞ്ഞയച്ചിരുന്നതല്ലേ, കൊച്ചിനെ റോസെന്നു് വിളിക്കണമെന്നു്. എന്നിട്ടു് എന്തിനാ മാറിഇടാൻ പോയതു്? പിന്നെ, പുതിയ പേരിട്ടല്ലേ, പുതിയ പുതിയ പുണ്യാളത്തികൾ ഉണ്ടാകുന്നതു്". മേരി ഒട്ടും വിട്ടുകൊടുത്തില്ല.

"നിങ്ങളൊക്കെ ഒന്നു അടങ്ങിയിരിക്കാമൊ. ഇതെന്തൊരു അലോഹ്യം. അമ്മായിമ്മയും മരുമകളും തമ്മിൽ പോരും പടവെട്ടും ഉണ്ടാകുമെന്നു ഞാൻ കേട്ടിട്ടുണ്ടു്. ഇതു് അമ്മയും സ്വന്ത മകളും തമ്മിലാണല്ലോ. ഈ സ്ത്രീകൾക്കു് കുറെ കലമ്പണമെന്നേയുള്ളു. നാഴി നനച്ചുവെച്ചായാലും വെറുതെ വഴക്കുണ്ടാക്കി വാ തോരാതെ പറഞ്ഞുകൊണ്ടിരിക്കണം. പേരിനു വേണ്ടിയുള്ള ഈ പട തുടങ്ങിയിട്ടു കൊല്ലം എത്രയായി! ഈ ജാതിയുടെ സ്വഭാവമിതാണു്".

"ഏ, പിന്നെ ഒരു കാര്യമുണ്ടു്. ജാതിയെക്കുറിച്ചൊന്നും നിങ്ങളു് പറയേണ്ടാ. അതു ഞങ്ങളു് നോക്കിക്കൊള്ളാം". മേരിയ്ക്കു ദ്വേഷ്യം വന്നു.

"അതേ, പെണ്ണുങ്ങടം അടുക്കളയിൽ കിടന്നു് വല്ലതുമൊക്കെ പറയും. ആണുങ്ങടംക്കു അതു പിടിക്കുന്നില്ലെങ്കിൽ കോംക്കാൻ പോണ്ടാ". ഇക്കാര്യത്തിൽ അമ്മാമ്മയും ഒരുമിച്ചു. ഗാസ്പർ വേഗം മുറ്റത്തേയ്ക്കിറങ്ങിപ്പോയി.

അദ്ധ്യായം 2.

"ഹും, ഹും, അമ്മേ, വാ. വാ അമ്മേ!" ഞൊറിയിൽപിടിച്ചു് നാലുവയസ്സു പ്രായമുള്ള റോസു് പുറകെ നടന്നിരുന്നു.

"എന്തിനാടീ റോസേ, നീ ആ മുറ്റത്തുപോയി കളിക്കു".

"ഹും, ഹും. അമ്മേ, വേഗംവാ".

"എന്തിനാണെന്നു പറയെടീ".

"ഹും, അമ്മേ, എന്നെ എഴുത്തു പഠിപ്പിക്കാൻ. ഉം, വേഗം വാ".

"എടീ, പിന്നെ പഠിപ്പിക്കാമേടീ. എൻെറ കയ്യിൽ ഒരു കൊച്ചു്, കാൽക്കൽ വേറൊരുകൊച്ചു്, നീ ഞൊറിയിൽ തൂങ്ങി പുറകെയും. ഒന്നല്ല പത്തുപതിനൊന്നുപേരോടു് എന്നും പടവെട്ടണം ഞാൻ. നീ പോയി കളിക്കു. പിന്നെ പഠിപ്പിക്കാമെടീ".

"അമ്മേ, ഹും, ഇന്നലെ പറഞ്ഞതു് ഇന്നു പഠിപ്പിക്കാമെന്നല്ലേ. വാ അമ്മേ, വാ. ഹും, ഹും".

"നേരമില്ലെന്നു പറഞ്ഞിട്ടില്ലേടീ. നീ പോയി ആ കൊച്ചിനെ നോക്കാൻ നിറുത്തിയിരിക്കുന്ന മരിയാനയോടു് നിന്നെ പഠിപ്പിക്കാൻ പറ. വേഗം പോ".

റോസു് അടുക്കളയിലേയ്ക്കോടി, മരിയാനയുടെ പുറകെ കൂടി.

"ചേച്ചീ, ഹും, ചേച്ചി, എന്നെ എഴുത്തു പഠിപ്പിച്ചുതാ. വേഗം വാ". മരിയാന വേലക്കാരിയായിരുന്നെങ്കിലും റോസും മറ്റു കുട്ടികളും അവളെ ചേച്ചിയെന്നാണു് വിളിച്ചിരുന്നതു്. കിരാതത്വം ചുവയ്ക്കുന്ന ഔന്നത്യബോധം പിന്നീടല്ലേ അവരുടെ തലയിൽ നഴഞ്ഞുകയറുന്നതു്!

"എടീ, പിന്നെയാട്ടെ".

"ഹും, അമ്മ പറഞ്ഞു മരിയാനയോട് പറയാൻ. ഹും. വേഗം വാ".

"എടീ ഒട്ടും നേരമില്ലെടീ ഇപ്പോ. കഞ്ഞി തിളച്ചിട്ടില്ല. പിന്നെ കറിയ്ക്കു നുറുക്കണം. പാത്രം കഴുകണം. കൊച്ചിനെ കുളിപ്പിക്കണം. പിന്നെ അല്പം കഴിയുമ്പോഴേ പത്തുപതിനാറുപേരെ സദ്യയ്ക്കിരുത്തേണ്ടേ? എന്നും മൂന്നുനേരം മാറിമാറി ഇതുതന്നെയല്ലേ ജോലി! നിന്നെ എഴുത്തു പഠിപ്പിക്കാനാണ് എനിക്കു നേരം! ഇവിടെ അടുത്തു കന്യാസ്ത്രീകൾ ഒരു സ്കൂൾ നടത്താൻ പോകുന്നുണ്ട്. അതു തുടങ്ങിയിട്ടു നീ അവിടെപോയി പഠിച്ചാൽമതി. നീ മുറത്തു ചെന്നു കളിക്കു. അവിടെ ഫെർഡിനാൻഡും മറിയും കാണും."

"ചേച്ചീ, ഹും, എനിക്കു കളിക്കേണ്ടാ, എന്നെ ഇപ്പോ പഠിപ്പിക്കണം".

"എടീ നേരമില്ലെന്നു പറഞ്ഞില്ലേ. വേഗം പോ".

റോസു മടുത്തുപിൻമാറി. അവൾക്കു വായിക്കാനും എഴുതാനും പഠിക്കാൻ വലിയ ആഗ്രഹമാണ്. എന്നാൽ ആക്കാലം സമയമില്ല. അടുത്തെങ്ങും സ്കൂളുമില്ല. വീട്ടിലെ ശുപക്കുട്ടിൽ ഉണ്ണീശോയുടെ ഒരു കൊത്തുരൂപമുണ്ടായിരുന്നു. ഇടയ്ക്കിടെ ആ ഉണ്ണീശോയുടെ മുമ്പിൽ മുട്ടുകുത്തി അപേക്ഷിക്കുവാൻ മരിയാന അവളെ തഴക്കിയിട്ടുണ്ട്. അതുകൊണ്ട് കളിക്കാൻ മുറത്തേയ്ക്കു പോകുന്നതിനുമുമ്പ് അവൾ ഉണ്ണീശോയുടെ രൂപത്തിന്റെ മുമ്പിൽ പ്രാർത്ഥിക്കുവാനായി മുട്ടുകുത്തി.—

"എന്റെ കൊച്ചുണ്ണീശോയെ, നിന്നെ അറിയാനും സ്നേഹിക്കാനും എന്നെ പഠിപ്പിക്കണേ. പിന്നേ, എന്നെ വായിക്കാനും എഴുതാനുംകൂടി പഠിപ്പിക്കണമെ." എപ്പോഴും ഇതായിരുന്നു അവളുടെ പ്രാർത്ഥനയുടെ പല്ലവി. അല്പനേരം അതേ പ്രാർത്ഥനതന്നെ ഉരുവിട്ടശേഷം കളിക്കാനായി റോസു മുറത്തേയ്ക്കിറങ്ങി. അവളുടെ കളിത്തോഴനും അവളെക്കാൾ രണ്ടുവയസ്സു കൂടുതൽ പ്രായമുള്ളവനുമായ ഫെർഡിനാൻഡ് അടുത്തെവിടെയെങ്കിലും ഉണ്ടായിരിക്കുമെന്നുള്ള പ്രതീക്ഷയിൽ വിളിതുടങ്ങി.

"ആങ്ങളേ, ഓടിവാ, ആങ്ങളേ, വേഗംവാ, നമുക്കു കളിക്കാം". ആരെയും കാണുന്നില്ല. അവൾ കുറച്ചുകൂടി ഉറക്കെ വിളിച്ചു. പിന്നെ പടിവാതുക്കൽ ചെന്നു വിളിച്ചു നോക്കി.

ആങ്ങളയെ കാണ്മാനില്ല. അങ്ങനെ കണ്ണീതയായി നില്ക്കുമ്പോൾ അപരിചിതനായ ഒരു കോമളബാലൻ വഴിയിൽ കൂടി നടന്നു വന്നു് അവളെ സമീപിച്ചു. ആ സായാഹ്നത്തിൽ ആദിത്യനെ ആഛാദനംചെയ്തുകൊണ്ടിരുന്ന ഒരു ചെറുമേഘം അല്പം ഒന്നു ഒഴിഞ്ഞുമാറിക്കൊടുത്തു. റോസിന്റെ പൂങ്കവിളിൽ പകലോന്റെ പ്രഭ തെളിഞ്ഞുമിന്നി.

"എന്താ നീ ഇങ്ങനെ വിഷണ്ണയായി നില്ക്കുന്നതു്?" ബാലൻ ചോദിച്ചു.

"ഒന്നുമല്ല. അങ്ങനെ നില്ക്കുകയാ".

"അതല്ല, ഏതാണ്ടുണ്ടു്. അല്ലെങ്കിൽ ഇങ്ങനെ...."

"അതേ, ഞാൻ ആങ്ങളയെ കാത്തുനില്ക്കുകയാ. ആങ്ങളയെ കളിക്കാൻ വിളിച്ചിട്ടു കാണ്മാനില്ല".

"കളിക്കാനാണോ വിഷമം. നമുക്കു ഒരുമിച്ചു കളിക്കാം. എനിക്കും കൂട്ടാരുമില്ല".

ഒരു അപരിചിതബാലന്റെകൂടെ കളിക്കാൻ അവൾക്കു അല്പം സങ്കോചം തോന്നി. എങ്കിലും കളിക്കാൻ താല്പര്യവും തോന്നുന്നുണ്ടു്. അതുകൊണ്ടു ഒരു ചോദ്യചിഹ്നം അവന്റെ നേരെ വലിച്ചെറിഞ്ഞു.

"നീ ഏതാ, നിന്റെ പേരെന്താ?"

"നീ ഏതാ, നിന്റെ പേരെന്താ?" ബാലൻ അവളുടെ ചോദ്യംതന്നെ ആവർത്തിച്ചു.

"ഞാനല്ലേ ആദ്യം ചോദിച്ചതു്?"

"അതിനെന്താ? അതൊക്കെ പിന്നെപ്പറയാം. ഇപ്പോൾ നമുക്കു കളിക്കാം".

റോസു കുറച്ചു കളിച്ചേയ്ക്കാമെന്നു കരുതി ചോദിച്ചു.

"എന്താ കളിക്കേണ്ടതു്? നിനക്കു എന്തുകളിയാ കൂടുതൽ ഇഷ്ടം? വട്ടു കളിക്കണോ, കല്ലു കളിക്കണോ, അതോ എന്തും പന്തു് കളിക്കണോ?"

"എനിക്കു എന്തും ഇഷ്ടമാ. നിനക്കിഷ്ടമുള്ളതു് കളിക്കാം".

"എന്നാ കല്ലുകളിയാവാം. അഞ്ചുകല്ലു വേണോ, ഏഴുകല്ലു വേണോ. ഏതാ വേണ്ടതു്?" റോസു വീണ്ടും അവന്റെ ആഗ്രഹം ആരാഞ്ഞു.

"ഏതെങ്കിലും നീ തിരഞ്ഞെടുത്തോ". ബാലൻ സർവ്വസംഗപരിത്യാഗിയായി കാണപ്പെട്ടു.

"എന്നാൽ ഏഴകല്ലുതന്നെയാവാം. നല്ലകല്ല നോക്കി നമുക്കു ഏഴെണ്ണം പെറുക്കി എടുക്കാം".

രണ്ടുപേരുംകൂടി ഏഴെണ്ണം പെറുക്കിയെടുത്തു കളിതുടങ്ങി. ബാലന്റെ കൈപ്പുറത്തു കല്ലു ഒന്നും നില്ക്കുന്നില്ല. റോസു കല്ലുകളിയിൽ വിദഗ്ധയെന്നമട്ടിൽ ചില ഉപദേശങ്ങളും കൊടുത്തുതുടങ്ങി.

"അതേ, നിന്റെ കൈപ്പുറം വളച്ചുനിവർത്തു്. എന്നാലേ അതിന്മേൽ കല്ലു നില്ക്കുകയുള്ളൂ".

"വളയ്ക്കേണ്ടതു് ഇള്ളിലേയ്ക്കോ, പുറമേയ്ക്കോ". ബാലൻ സംശയം ഉന്നയിച്ചു.

"നോക്കൂ, ഇങ്ങനെ, പ്രാവിന്റെ പുറംപോലെ വളച്ചുനിവർത്തു്. പിന്നെ, കല്ലു മേലോട്ടെറിഞ്ഞിട്ടു എന്റെ മുഖത്തു നോക്കിച്ചിരിച്ചാൽ കല്ലു താഴോട്ടുപോരും. വെട്ടിപ്പിടിക്കണമെങ്കിൽ, കല്ലു താഴെ വീഴുന്ന വഴി നോക്കണം".

"ഓ, ഇതു വല്ലാത്ത പണിയുള്ള കളി. നിന്നെ ആരാ ഇതു നന്നായി കളിക്കാൻ പഠിപ്പിച്ചതു്?"

"ചേച്ചി കാണിച്ചതന്നു. പിന്നെ, കളിക്കാൻ കൂട്ടില്ലാത്തപ്പോഴും ഞാൻ തനിയേ ഇരുന്നു കളിച്ചുപഠിക്കും. നിനക്കു് ഒട്ടും അറിഞ്ഞുകൂടെങ്കിൽ നമുക്കു കളി നിറുത്താം".

"വേണ്ടാ, കളിച്ചുകളിച്ചല്ലേ കളി പഠിക്കുന്നതു്".

"പക്ഷേ, നീ തോറ്റുതോറ്റു തൊപ്പിയിട്ടല്ലൊ".

"ഓ. അതുസാരമില്ല. എനിക്കു തോറ്റു നല്ല പരിചയമാ".

"അയ്യേ, നിനക്കു നാണാവുന്നില്ലേ ഇങ്ങനെ തോൽക്കാൻ?"

"എന്താ നാണിക്കാനുള്ളതു്? ജയിക്കുമ്പോഴുള്ള നിന്റെ സന്തോഷം കാണാനാണു് എനിക്കു കൂടുതൽ ഇഷ്ടം!".

"അതു് നീയെന്നെ കളിയാക്കാൻ പറയുന്നതല്ലേ?" റോസു ഒന്നു കണ്ണുരുട്ടിച്ചിരിച്ചു. കുറച്ചുനേരംകൂടി കളിച്ചശേഷം, കല്ലുവാരിക്കൂട്ടിയെടുത്തു് രണ്ടുപേരും പോകാനുള്ള ഒരുക്കമായി. അടുത്തുള്ള തേന്മാവിലിരുന്നിരുന്ന രണ്ടു ചെറിയ മാടത്തകം കൊക്കുരുമ്മികൊണ്ടു എന്തോ തമ്മിൽ മന്ത്രിച്ചിരുന്നു.

"ഇനിയും കളിക്കാൻ വരുമോ" റോസു ചോദിച്ചു.

"ഉം, വരാൻ നോക്കാം".

"പിന്നെ, നിന്റെ പേരെന്താ?"

11

"പിന്നെ, നിന്റെ പേരെന്താ?"

'ഏതായാലും നീ കളിയിൽ തോറ്റു തൊപ്പിയിട്ടതല്ലേ. അതുകൊണ്ട് ഞാൻ തന്നെ ആദ്യം പറഞ്ഞേക്കാം. എന്റെ പേര് ,ഈശോയുടെ റോസെ'ന്നാ. നിന്റെപേരോ?"

"എന്റെ പേര് ,റോസിന്റെ ഈശോ' എന്നാ". അസ്സമാനാക്കൻ ആ ദിവുബാലന്റെ മുഖാരവിന്ദത്തെ പെട്ടൊന്നൊന്ന പ്രസന്നമാക്കി.

"ആ! ആ! അപ്പോ നീ ശ്രപക്കുടിലിരിക്കുന്ന ഉണ്ണീശോ ആണല്ലേ?"

"ഉം. ഇനി ഞാൻ പോട്ടേ. പോകാൻ ധ്രുതിയാ".

"വീട്ടിലേയ്ക്ക് ഒന്നുവന്നേച്ചു പോയാൽമതി. അമ്മ അപ്പവും പഴവും ഒക്കെ തരും. ഉം, വാ...."

"ഇല്ല, ഇപ്പോഴം വരുന്നില്ല. എനിക്കു വേഗം പോകണം".

"എന്നാലേ, നിനക്കു വായിക്കാനും എഴുതാനും ഒക്കെ അറിയാമോ?"

"ഉം, എന്തിനാ".

"എനിയ്ക്കേ, വായിക്കാനും എഴുതാനും ഒട്ടും അറിഞ്ഞുകൂടാ. അമ്മയ്ക്കും ചേച്ചിക്കും മറ്റും എന്നെ പഠിപ്പിക്കുവാൻ നേരോം ഇല്ല. അമ്മ പറഞ്ഞുതന്നിരിക്കുന്നതു് ഉണ്ണീശോ നല്ലഉണ്ണീശോ ആണു്. ചോദിക്കുന്നതൊക്കെ സാധിച്ചുതരും എന്നാ. നിനക്കു എന്നെ വായന പഠിപ്പിക്കാമോ?"

"പിന്നെന്താ. വേഗം ഒരു പുസ്തകം എടുത്തുകൊണ്ടുവാ".

റോസു് വീട്ടിലേയ്ക്കോടി അപ്പന്റെ മേശപ്പുറത്തു കിടന്നിരുന്ന ഒരു വലിയ പുസ്തകം താങ്ങിയെടുത്തുകൊണ്ടു് ബാലന്റെ അടുത്തുവന്നു. —

"ഇതിന്റെ പുറത്തെ പടം കണ്ടോ. ഇതു കത്തിപ്പുണ്യാളത്തിയുടെ പടമാ. ഞാൻ മാമ്മോദീസാമുങ്ങിയതു കത്തിപ്പുണ്യാളത്തിയുടെ തിരുന്നാളിനാ. എന്നെ ഈ പുസ്തകം വായിക്കാൻ പഠിപ്പിച്ചു താ. ഉം. വേഗാട്ടേ" ബാലൻ ഗ്രന്ഥം വാങ്ങിച്ചു് അടുത്തുള്ള ഒരു ചെറിയ പാറമേൽ ഇരുന്നു. പുസ്തകം തുറന്നു ആദ്യ അദ്ധ്യായം എടുത്തു. റോസു ഇടത്തുവശത്തു ബാലന്റെ ഉരത്തിന്മേൽ പിടിച്ചു് തലചാച്ചു് പുസ്തകത്തിലേയ്ക്കു നോക്കിക്കൊണ്ടിരുന്നു.

"ദാ, പുസ്തകത്തിന്റെ തലക്കെട്ടു വായിച്ചേ." ബാലൻ പറഞ്ഞു.

"എനിക്കൊന്നും മനസ്സിലാകുന്നില്ല. എന്താണതു്?"

"ആങ്ങ്ഹാ. എന്നാൽ ഞാൻ ആദ്യം വായിക്കാം. നീ പേജ്തുവായിച്ചാൽ മതി."

"ഉം. വേഗം വായിക്കു." റോസിനു ധൃതിയായി.

പുസ്തകത്തിൽ നോക്കി ബാലൻ വായിച്ചു "സീയെന്നായിലെ വി. കത്രീനായുടെ ജീവചരിത്രം. ഒന്നാം അദ്ധ്യായം."

"നീ വായിച്ചുകേൾക്കട്ടെ." ബാലൻ പുസ്തകം റോസിന്റെ കയ്യിൽകൊടുത്തു. അവൾ അതു വാങ്ങിച്ചു് ഒന്നു കണ്ണോടിച്ചു നോക്കിയശേഷം വിസ്മയത്തോടെ വിളിച്ചുപറഞ്ഞു—

"ഓ. എല്ലാം എനിക്കു നല്ലപോലെ വായിക്കാം."

"ഉം. കേൾക്കട്ടെ."

"സീയെന്നായിലെ വി. കത്രീനായുടെ ജീവചരിത്രം. ഒന്നാം അദ്ധ്യായം. ഇറലിയിലെ ഒരു ദരിദ്രകുടുംബത്തിൽ സുകൃതസമ്പന്നരായ മാതാപിതാക്കന്മാരിൽനിന്നു് വി. കത്രീനാ ജനിച്ചു!.... ഓ! എനിക്കു് എല്ലാം നന്നായി വായിക്കാം. പിന്നെ, നിന്നെ ആരാ വായിക്കാൻ പഠിപ്പിച്ചതു്. നിന്റെ അമ്മയാണോ?"

"എനിക്കു മുമ്പേ അറിയാമായിരുന്നു. പിന്നെ, അമ്മയും പഠിപ്പിച്ചു. എന്നാൽ ഇനി ഞാൻ പോട്ടേ."

"അപ്പോ, നീ വീട്ടിലേക്കു വരില്ലേ".

"ഇല്ല. വേഗം പോണം."

"എന്നാൽ, പിന്നെ, വായന പഠിപ്പിച്ചതിനു് എന്താ വേണ്ടതു്?."

"ഒന്നും വേണ്ടാ. ഞാൻ പോട്ടേ."

"അതു പറ്റില്ല. എന്തെങ്കിലും വാങ്ങിക്കണം."

"എന്താ നിനക്കുള്ളതു്, എനിക്കു തരാൻ?"

"തലയിൽ കുത്തിയിരിക്കുന്ന തങ്കപ്പൂ വേണമോ? പട്ടറിബൺ വേണമോ? വീട്ടിൽചെന്നു പട്ടപാവാടയും സിൽക്കുബ്ലൗസുംകൊണ്ടുവന്നുതരണമൊ? ഏതാ വേണ്ടതു്? അല്ലെങ്കിൽ എല്ലാം വേണമോ?"

"വേണ്ടാ. ഞാൻ ആൺകുട്ടിയല്ലേ? എനിക്കതൊന്നും കൊള്ളുകയില്ല".

"പിന്നെന്തുവേണം? പന്തുവേണോ, പാവ വേണോ?"

"ഓ. അതൊക്കെ വീട്ടിലുണ്ട്. പിന്നെ വല്ലതുമുണ്ടോ നിനക്ക്?"

"പിന്നെ, എന്റെ അമ്മയെ വേണമോ?" റോസു കുറച്ചു ആലോചിച്ചശേഷം ചോദിച്ചു.

"വേണ്ടാ. എനിക്കമ്മയുണ്ട്".

"പിന്നെന്താ നിനക്കുവേണ്ടതു്? നീ തന്നെ അങ്ങു പറഞ്ഞാൽമതി."

"നിനക്കു ചിരിക്കാൻ അറിയാമോ? നിന്റെ ഒരു ചിരി മതി എനിക്കു്".

"ഓ, അതിനാ വിഷമം! പൊട്ടിച്ചിരിക്കണോ? കുടുകുടെ ചിരിക്കണോ? എതാ വേണ്ടതു്? അല്ലെങ്കിൽ രണ്ടും വേണമോ?"

"പൊട്ടിയുംവേണ്ടാ, കുടുകുടെയും വേണ്ടാ. നോക്കി ഒന്നു പുഞ്ചിരിയിട്ടാൽ മതി".

"ആ, എന്നാൽ അങ്ങനെയാട്ടെ."

റോസു ബാലനെ നോക്കി നന്നായി ഒന്നു പുഞ്ചിരിച്ചുകി. ഈശോ മന്ദസ്മിതത്തോടെ നോക്കി നിന്നു. സൂര്യബിംബം ഒന്നാളിക്കത്തി; പ്രകൃതി ഒരു നവീന പ്രഭാപൂരത്തിൽ ആറാടുന്നതായിത്തോന്നി.

"മതിയോ? ഇനിയും വേണമോ?" വികസിതസുമസമാനം പ്രശോഭിച്ചിരുന്ന ആ പൂഞ്ചുണ്ടകം ഒന്നു കൂടി ചലിച്ചു.

"മതി, മതി, ഇനി എന്നെ ഓർക്കുമ്പോഴൊക്കെ ഇങ്ങനെ പുഞ്ചിരിച്ചുകണം. കേട്ടോ. എന്നാൽ ഞാൻ പോട്ടേ". ബാലൻ യാത്രയായി.

"ഇനിയും വരില്ലേ?" റോസു വീണ്ടും ചോദിച്ചു.

"ഉം. പിന്നേല്ലേ?"

ബാലൻ നടന്നകന്നു് വഴിയറിഞ്ഞു മാറിമറയുന്നതുവരെ റോസു കണ്ണെടുക്കാതെ നോക്കിനിന്നിരുന്നു. ഒരു പഞ്ചവർണ്ണക്കിളി ചിലച്ചുകൊണ്ടു വൃക്ഷക്കൊമ്പിൽനിന്നു പറന്നുപോയി. പ്രത്യേകമൊന്നും സംഭവിക്കാഞ്ഞതുപോലെ ആ ശുദ്ധഗതിക്കാരിയായ ബാലികയും വീട്ടിലേക്കു തിരിച്ചു. ആ വലിയ പുസ്തകം കയ്യിൽ താങ്ങിക്കൊണ്ടു അമ്മയുടെ അടുക്കലേക്കു ഓടിവന്നു് അവം പറഞ്ഞു.

"അമ്മേ, അമ്മേ, ഞാൻ വായിക്കാൻ പഠിച്ചു! വായിക്കാൻ പഠിച്ചു!".

"എടീ ആരു പഠിപ്പിച്ചു? എന്നു നിന്നെ പഠിപ്പിച്ചു?" മേരി അലക്ഷ്യമായി ചോദിച്ചു

"അമ്മേ, ഞാൻ വായിക്കാൻ പഠിച്ചു".

"ആരെടീ നിന്നെ പഠിപ്പിച്ചതു്?"

"ഉണ്ണീശോ എന്നെ പഠിപ്പിച്ചു. രൂപക്കൂട്ടിലെ കൊച്ചുണ്ണീശോ എന്നെ വായിക്കാൻ പഠിപ്പിച്ചു".

"എടീ, നീ എന്നു കൂത്താണീ പറയുന്നതു്! എന്താണു് നീ പഠിച്ചതു്? അമ്മയൊന്നു കേൾക്കട്ടെ!"

"ഉം, ഞാൻ വായിക്കാം. ഈ വല്യ പുസ്തകം ഞാൻ അപ്പിടി വായിക്കാം. ഉം. കേട്ടോ. സീയെന്നായിലെ വി. കത്രീനായുടെ ജീവചരിത്രം". റോസു തലക്കെട്ടു വായിച്ചു.

"എടീ, നീ നോക്കിവായിക്കുന്നതാണോടീ? എടീ "സീയെന്നാ" എന്നെവിടെ; "കത്രീനാ" എന്നെവിടെ; "ജീവചരിത്രം" എന്നെവിടെ, പറയെടീ; ഉം, വേഗം പറയെടീ". മേരിയുടെ 'വെപ്രാള'ത്തിന്റെ കാരണമറിയാതെ റോസു പിന്നെയും ശാന്തമായി പറഞ്ഞു.

"ദേ, ഇതു സീയെന്നാ, ഇതു് വി. കത്രീനാ, ഇതു് ജീവചരിത്രം". മേരി മകളുടെ മുഖത്തും പുസ്തകത്തിലും വിസ്മയഭരിതയായി മാറിമാറി നോക്കിയിരുന്നു.

"പിന്നെ,പിന്നെന്താ എഴുതിയിരിക്കുന്നതു്? വായിക്കെടീ"

"ഇററലിയിലെ ഒരു ദരിദ്രകുടുംബത്തിൽ സുകൃതസമ്പന്നരായ മതാപിതാക്കളിൽനിന്നു വി. കത്രീനാ ജനിച്ചു...." അവൾ നിർത്താതെ വായന തുടരുകയാണു്.

"എടീ നിന്നെ ആരാണിതു പഠിപ്പിച്ചതു്? നേരുപറയെടീ"

"ഉണ്ണീശോ, നമ്മുടെ രൂപക്കൂട്ടിലിരിക്കുന്ന ഉണ്ണീശോ ഇല്ലേ, ആ നല്ല കൊച്ചീശോ എൻെറകൂടെ കളിക്കാൻവന്നു. കളികഴിഞ്ഞിട്ടു എന്നെ വായിക്കാനും പഠിപ്പിച്ചു". അമ്മ അത്ഭുതപ്പെടുന്നതിൻെറ കാരണംതന്നെ റോസിനു് ഗ്രഹിക്കാൻ സാധിച്ചില്ല. ഉണ്ണീശോയ്ക്കു അവളോടു സ്നേഹമുണ്ടു്. അതുകൊണ്ടു അവളുടെകൂടെ കളിക്കാൻ വന്നു. ഉണ്ണീശോയ്ക്കു എല്ലാം സാധിക്കും. അതുകൊണ്ടു അവളെ വേഗം വായിക്കാൻ പഠിപ്പിച്ചു. പിന്നെ അതിലെന്താണു് വിസ്മയിപ്പാൻ വകയുള്ളതു്. അഭിജ്ഞരെ അമ്പരപ്പിക്കുന്നതു് ശുദ്ധഗതിക്കാരായ പൈതങ്ങളെ സംഭ്രമിപ്പിക്കുന്നതെന്തിനാണു്?

"ഇതാ ഒരത്ഭുതം! അത്ഭുതം!" എന്നു മേരി വിളിച്ചുപറയുന്നതുകേട്ടു വീട്ടിലുള്ളവരെല്ലാം ഓടിവന്നു. ആ പുസ്തകം അവളെക്കൊണ്ടു് അങ്ങുമിങ്ങും വായിപ്പിച്ചുനോക്കി. വേറെ പുസ്തകങ്ങളും മാറിമാറി കയ്യിൽകൊടുത്തു വായിപ്പിച്ചു. എല്ലാവരും വിസ്മയഭരിതരായി. നാട്ടിലെല്ലാം കാട്ടുതീപോലെ ഈ വർത്തമാനം പരന്നു. ഗാസ്പരിന്റെ വീട്ടിൽ ആളുകൂടം തടിച്ചുകൂടി. ചോദ്യങ്ങളും ഉപചോദ്യങ്ങളുംകൊണ്ടു് അവർ ബാലികയെ അലട്ടിത്തുടങ്ങി.

"ഉണ്ണീശോ മാത്രമേ, കളിക്കാൻ വന്നൊള്ളൂ? യോഹന്നാൻ മാംദോനയും ഉണ്ടായിരുന്നോ? മാലാഖമാരും ഉണ്ടായിരുന്നോ?" ചോദ്യച്ചങ്ങലയുടെ ഒന്നാമത്തെ കണ്ണിയായിരുന്നു അതു്.

"ഉണ്ണീശോ വന്നു് എന്റെകൂടെ കളിച്ചു. പിന്നെ, എന്നെ വായിക്കാൻ പഠിപ്പിച്ചു". എന്നല്ലാതെ അവൾക്കൊന്നും പറയാനില്ലായിരുന്നു. അതുകൊണ്ടു അവർ ചോദ്യങ്ങൾ വേറൊരു വശത്തേയ്ക്കു തിരിച്ചുവിട്ടു.

"നീ സീയെന്നായിലെ കത്രീപ്പുണ്യാളത്തിയുടെ ചരിത്രമല്ലേ ആദ്യമായി പഠിച്ചതു്. ഉണ്ണീശോ അതെടുത്തുകൊണ്ടുവരാൻ പറഞ്ഞതാണോ, അതൊ നീതന്നെ അതു് എടുത്തുകൊടുത്തതാണോ?"

"ഈ പുസ്തകം ഞാൻ എടുത്തുകൊടുത്തതാ."

"എന്തിനാ ആ പുസ്തകംതന്നെ എടുത്തുകൊടുത്തതു്?" എന്നായി പിന്നത്തെ ചോദ്യം.

"അതിൽ കത്രിപ്പുണ്യാളത്തിയുടെ പടമുണ്ടു്. പുണ്യാളത്തിയുടെ തിരുനാളിനാ ഞാൻ മാമ്മോദീസാ മുങ്ങിയതെന്നാ അമ്മ പറഞ്ഞിട്ടുള്ളതു്. കത്രിപ്പുണ്യാളത്തിയോടു എനിക്കു എന്തു ഇഷ്ടമാണെന്നാ!" അന്നത്തെ വിസ്താരം അങ്ങനെ അവസാനിച്ചു. റോസിന്റെ ജീവിതമാതൃകയും മുഖ്യമധ്യസ്ഥയും ഡൊമിനിക്കൻ മൂന്നാംസഭക്കാരിയായിരുന്ന സീയന്നായിലെ വി. കത്രീനാ ആയിരിക്കുമെന്നും, അവരെപ്പോലെ റോസും മാതൃത്തിൽ ചേരാൻ സാധിക്കാതെ വീട്ടിൽതന്നെ ജീവിച്ചുമരിച്ചു് സിദ്ധപദം പ്രാപിക്കുമെന്നും അന്നാരും ഊഹിച്ചില്ല.

അദ്ധ്യായം 8.

പടിഞ്ഞാറെ ചക്രവാളച്ചെരുവിൽ പകലവൻ കനകനിറം പൂണ്ടുനിന്നിരുന്നു. ചെമന്ന റോസപ്പക്കളുടെ ഇതളുകൾ വാരി വിതറിയ മാതിരി സന്ധ്യാകാശം കാണപ്പെട്ടു. അന്നൊരു ഞായറാഴ്ചയായിരുന്നു. അഞ്ചു വയസ്സുള്ള റോസും ഏഴുവയസ്സുള്ള അവളുടെ ആങ്ങള ഫെർഡിനാൻറും മുറ്റത്തു കളിക്കാനൊരുങ്ങുകയാണു്. റോസും ഫെർഡിനാൻറും രണ്ടല്ല, ഹൃദയംകൊണ്ടു ഒന്നുതന്നെയായിരുന്നു. അവൾക്കിഷ്ടമുള്ളതു് കളിക്കാൻ അവനും, അവനിഷ്ടമുള്ളതു് കളിക്കാൻ അവളും എപ്പോഴും ഒരുക്കമാണു്.

"റോസ്, ഇന്നു നമുക്കെന്തുകളിക്കണം? കല്ലുവേണോ, വട്ടുവേണോ, അതോ കുമ്മിയോ?" ഫെർഡിനാൻറു കൂട്ടുകാരിയുടെ അഭിപ്രായം ആരാഞ്ഞു.

"ഇന്നു ഞായറാഴ്ച അല്ലേ. കാലത്തു കണ്ട പള്ളിയിലെ അച്ചനേയല്ലേ കളിക്കേണ്ടതു്?"

"ഓ! ഞാനതു മറന്നുപോയി. അതു തന്നെ. പള്ളിയിൽ കണ്ട എന്താ കളിക്കേണ്ടതു്? പാട്ടുകുബ്ബാനയോ, വാഴ്ത്തോ, അല്ലെങ്കിൽ പ്രസംഗമോ?"

"ഇന്നു പ്രസംഗമായിരിക്കട്ടെ". റോസു അന്ത്യതീരുമാനം ചെയ്തു.

"ആ. അതുതന്നെ".

"എന്നാ ആരാണതു് കളിക്കേണ്ടതു്? ഞാനോ, നീയോ? ഞാൻ അതു കുറെയൊക്കെ മറന്നുപോയി. നീയോ?" റോസു രണ്ടാമത്തെ പ്രമേയം അവതരിപ്പിച്ചു.

"പ്രസംഗമല്ലേ, നിഗളത്തെക്കുറിച്ചു്. ഞാനതു് അസ്സലായി ഓർക്കുന്നുണ്ടു്".

"എന്നാ നീ തന്നെ പ്രസംഗക്കാരൻ. ഞാൻ പ്രസംഗം കേൾക്കുന്ന ആളും".

ഫെർഡിനാൻറു ഉടനെ ഒരുയന്ത്രസ്ഥലത്തു കേറിനിന്നു. റോസു പ്രസംഗക്കാരന്റെ മുഖത്തുനിന്നു കണ്ണെടുക്കാതെ ഭക്തി

യോട്ടകൂടെ താഴെ ഇരിപ്പുറപ്പിച്ചു. ഫെർഡിനാൻറ പ്രസംഗം തുടങ്ങിക്കഴിഞ്ഞു.

"കോൻ, കേൻ; സകല പാപങ്ങളുടേയും പ്രാരംഭം നിഗളമാകുന്നു".

മിശിഹായിൽ പ്രിയ വിശ്വാസികളെ,

"നമ്മുടെ ആദിമാതാവായ ഹവ്വാമ്മയെ സൂത്രിയായ സാത്താൻ കുടുക്കിൽ ചാടിച്ചു. 'വിലക്കപ്പെട്ട കനി തിന്നാ നിങ്ങളും മരിക്കയില്ല, മറിച്ച് നിങ്ങളും ദൈവത്തെപ്പോലെയാകും. അതു തിന്നു നിങ്ങളും ദൈവത്തെപ്പോലെ ആയിത്തീരാതിരിപ്പാൻ വേണ്ടിയാ അതു തിന്നുപോകരുതെന്നു ദൈവം നിങ്ങളെ മുടക്കിയിരിക്കുന്നതു" എന്നു പിശാചു് പറഞ്ഞുകൊടുത്തതു് ഹവ്വാമ്മ കണ്ണുമടച്ചു വിശ്വസിച്ചു. അവളും നിഗളംകൊണ്ടു് ദൈവത്തെപ്പോലെ ആകാൻ ആഗ്രഹിച്ചു. പറുദീസായിൽ വേണ്ടിടത്തോളം സമ്പത്തും സൗന്ദര്യവും സൗഭാഗ്യവും അവൾക്കുണ്ടായിരുന്നു. എങ്കിലും അവളുടെ അഹങ്കാരത്തിനു് അതു മതിയായില്ല. അവൾ ദൈവത്തെപ്പോലെ ആയിത്തീൻ ഒരു ദേവിയാകാൻ ശ്രമിച്ചു. വിലക്കപ്പെട്ടപഴം പറിച്ചതിനു് പാപംചെയ്തു പറുദീസായിൽനിന്നു പുറത്താക്കപ്പെട്ടു. അങ്ങനെ നിഗളത്തിലാ പാപത്തിന്റെ ആരംഭം. സകല ദോഷങ്ങളുടേയും വേരു അതിലാ. ഉള്ളതിൽ അധികം ഉയരുവാനുള്ള അതിമോഹം—നിഗളം—അതിൽനിന്നാ സകല തിന്മകളും മുളയെടുക്കുന്നതു്". റോസു തലകുനിഞ്ഞിരുന്നു ശ്രദ്ധിച്ചിരുന്നു. ഫെർഡിനാൻറ വിഷയത്തിലേയ്ക്കു പ്രവേശിക്കാൻ തുടങ്ങി.

"മിശിഹായിൽ പ്രിയരേ, നിഗളംകൊണ്ടു ഞെളിഞ്ഞുകുഴഞ്ഞു നടക്കുന്നവരുടെ സംഖ്യ ഇന്നു സീമാതീതമായി വർദ്ധിച്ചുവരികയാ. തങ്ങളെത്തന്നെ മോടിപിടിപ്പിക്കുന്നതിൽ നേരം മുഴുവനും ചിലവഴിക്കുന്ന ബാലികമാരും യുവതികളും ഇന്നു ധാരാളമാ. അവർ സ്വയം ദേവികളാക്കാൻ ശ്രമിക്കുന്നു. ചില്ലുപോലുള്ള സിൽക്കുചുറ്റി, തെരുവുകളിൽകൂടി ചുറ്റിത്തിരിയുന്ന അവർ നിഗളത്തിന്റെ കൂടുകാം തന്നെയാ. അവരുടെ കയ്യില്ലാത്ത, മുട്ടുമറയാത്ത, വസ്ത്രങ്ങളിൽ കണ്ണുമങ്ങുന്ന സകലവർണ്ണങ്ങളും കൂട്ടിക്കലർത്തിയിട്ടുണ്ടു്. വിളഞ്ഞ കുമ്പളങ്ങായുടെ നിറംപോലെ മുഖത്തെല്ലാം അരിപ്പൊടി പൂശിയിരിക്കുന്നു. ചുണ്ടു ചായംകൊടുത്തു് ചെമ്പരത്തിപ്പൂപോലെ ചുവപ്പിച്ചിരിക്കുന്നു. ഒരു കയ്യിൽ

മാത്രം വളകൾ ഇട്ട കിലുക്കിനടക്കുന്നു, മറേറ കയ്യിൽ പാമ്പും ചൂററിയിരിക്കുന്നു. പൂറത്തേയ്ക്കിറങ്ങണമെങ്കിൽ ഒരു തുകൽസഞ്ചി കയ്യിൽ തൂക്കണം, കാലു് സാൻഡൽസിൽ കയറണം. മുറിയൻകുട കൈത്തണ്ടയിലും".

റോസു തല ഉയത്തി ഫെർഡിനാൻറിന്റെ മുഖത്തേയ്ക്കു സൂക്ഷിച്ചു ഒന്നു നോക്കി. ചെരിപ്പും വാച്ചുമൊന്നും തന്നെ സംബന്ധിച്ചതല്ലല്ലോ എന്നു വിചാരിച്ചു നല്ലവണ്ണം വലിച്ചൊന്നു ശ്വാസംവിട്ടു. എന്നാൽ പ്രസംഗകനു് അവളെ വിടാൻ ഒരുക്കമില്ലായിരുന്നു. കാര്യത്തിന്റെ കാതലിലേയ്ക്കുതന്നെ കടന്നുകഴിഞ്ഞു.

"ഓ. എന്റെ ദൈവമെ!" അവൻ നെടുതായി ഒന്നു നെടുവീർപ്പിട്ടശേഷം തുടർന്നു. "എന്റെ ദൈവമെ! ഇവരുടെ തലമുടിയിൽ കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾക്കു വല്ല കണക്കുമുണ്ടോ. അതെല്ലാം ഇടത്തുഭാഗത്തേയ്ക്കു ചീകിമറിച്ചിട്ടു്, ഗോമ്പഡുപിന്നുകൾ കുത്തിനിറുത്തുന്നു. പുറകിൽ ഇഴയെല്ലാം പലതായി പിരിച്ചു് പന്നിവാലുകൾപോലെ തൂക്കിയിടുന്നു. വേറെചിലർ മുഴുവനും തിരുകിടപോലെ തെറുത്തു്, കൊതുകുവലകൊണ്ടു അതിനെ പൊതിഞ്ഞുവെക്കുന്നു. വാസലൈൻ ഒഴിച്ചു് മാർബിൾപോലെ അതിനെ മിനുക്കുന്നു".

റോസു ഇരുന്നു അങ്ങോട്ടമിങ്ങോട്ടും വളഞ്ഞുപുളഞ്ഞുതുടങ്ങി. പ്രാസംഗികൻ പിടിവിടാതെ തുടർന്നു.

"പ്രിയരേ, ഇങ്ങനെയുള്ളവർക്കുവേണ്ടി, നിഗളിച്ചു് ഞെളിഞ്ഞു നടക്കുന്നവർക്കുവേണ്ടി, നരകം – തീനരകമാണു് ദൈവം ഒരുക്കിയിരിക്കുന്നതു്. അതിൽകിടന്നു അവർ പൊരിയും – കെടാത്ത തീയിൽ ദഹിക്കാത്ത കനൽപോലെ".

നരകത്തെക്കുറിച്ചുള്ള വിവരണം തുടങ്ങിയപ്പോഴാണു് റോസിന്റെ മുഖം വിളറിത്തുടങ്ങി. അവളും സ്വന്തതലമുടിയെ വളരെ സ്നേഹിച്ചിരുന്നു. അതു ചീകിമിനുക്കി, മെടഞ്ഞു റിബ്ബൺകൊണ്ടു പുറകിൽ കെട്ടിയിരുന്നു. മുമ്പിൽ രണ്ടുമൂന്നു സ്ലൈഡുകളും കുത്തിയിരുന്നു.

"ഇവരൊക്കെ, വെള്ളിടിവെട്ടുന്നപോലെ, ഒററനിമിഷംകൊണ്ടു്, 'ട്ടപ്പേ'ന്നു് നരകത്തിൽ ചെന്നുവീഴും". തന്റെ പ്രസംഗം കുറിയ്ക്കുകൊള്ളുന്നുണ്ടെന്നുകണ്ടു് ഫെർഡിനാൻറു് സ്വരം കുറച്ചുകൂടി ഉയത്തി. "എല്ലാവരും, ഒന്നടങ്കം, തലയും

കുത്തി നരകത്തിന്റെ അടിയിൽ, നടുവിൽ ചെന്നുവീഴും. അ
വിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. – എന്തിനു് നരകത്തെ
കാത്തിരിക്കുന്നു. നരകത്തിനു മുമ്പുതന്നെ മരണം! മരണം! അ
തേമരണം! എത്ര സുന്ദരികളായാലും മരിച്ചു മണ്ണോടുമണ്ണായി
ത്തീരും. ഇന്നല്ലെങ്കിൽ നാളെ. അവരുടെ പൂങ്കവിൾ പുഴു അ
രിക്കും. തലമുടിയിൽ ചിതൽ കൂടുകൂട്ടും".

ഫെർഡിനാൻറു കുനിഞ്ഞു് നിലത്തുനിന്നു കുറെ അഴുക്കു
ണ്ണു് എടുത്തശേഷം "മനുഷ്യാ നീ പൊടിയാകുന്നു; പൊടിയി
ലേയ്ക്കുതന്നെ നീ പിന്തിരിയും" എന്നു പറഞ്ഞുകൊണ്ടു് റോസു
ചീകിമിനുക്കി, മെടഞ്ഞു റിബ്ബൺകൊണ്ടു കെട്ടിയൊതുക്കിവെ
ച്ചിരുന്ന ആ പൊന്നിഴകളിന്മേൽ തുകി. അനന്തരം ആരംഭിച്ച
വേദവാക്യംകൊണ്ടുതന്നെ പ്രസംഗം സമാപിച്ചു. "കോൻകേൻ".
ഫെർഡിനാൻറിന്റെ പ്രസംഗത്തിന്റെ സാരാംശം വികാരിയ
ച്ചനേറതായിരുന്നെങ്കിലും കുത്തുംകോളുമെല്ലാം സ്വന്തമായിരുന്നു.

തലയിൽ ചെളി വീണപ്പോഴാണു റോസിന്റെ കണ്ണുകൾ കോ
പംകൊണ്ടു ജ്വലിച്ചു. അവൾ താലോലിച്ചിരുന്ന തലമുടിയല്ലേ,
ചെളിമണ്ണുകൊണ്ടു് ആകെ അലങ്കോലപ്പെട്ടതു്. ആങ്ങളയ്ക്കും
അയ്യടാ എന്നായി. അഭിനയത്തിന്റെ ആവേശംകൊണ്ടു അങ്ങ
നെ ചെയ്തുപോയതാണു്. പെങ്ങളുടെ ചുരുണ്ട പൊന്നിഴക
ളിൽ അവനും അഭിമാനം കൊണ്ടിരുന്നതാണു്.

"റോസേ, നീ എന്നോടു ക്ഷമിക്കണം. ഞാൻ പെട്ടെന്നു
ചെയ്തുപോയതാ. ചെളി കഴുകിക്കളയാൻ ഞാൻ വേഗം വെള്ളം
കോരിക്കൊണ്ടുവരാം". ആങ്ങള അടുത്തുചെന്നു.

"മതി, മതി, ഇനി ആങ്ങളയുടെ കൂട്ടാവശ്യമില്ല". റോ
സിനു് ആങ്ങളയോടുള്ള അരിശവും, മുടി ചീത്തയായതുകൊണ്ടു
ള്ള ദുഃഖവും അടക്കാൻനിവൃത്തിയില്ലാതെ മുഖം തിരിച്ചുകളഞ്ഞു.

"എടീ എന്നോടു നീ പിണങ്ങിയോ?" ആങ്ങള നിരാശ്ര
യഭാവത്തിൽ ആവലാധിപ്പെട്ടുനോക്കി. പക്ഷേ റോസു മുഖം
വീർപ്പിച്ചു വീട്ടിലേയ്ക്കു കയറിപ്പോയി. ഫെർഡിനാൻറു വിഷണ്ണ
നായി മുറ്റത്തു തന്നെ ഇരുന്നു ചിന്തിച്ചുതുടങ്ങി.–

"പാവം റോസു്! അവളുടെ പൊന്നിഴകളിന്മേൽ ഞാൻ
ചെളിവാരിയിട്ടുവല്ലൊ! ഇനി അവളതു് അപ്പനോടും പറയുമോ
ആവോ. ഇല്ലാ. അവളങ്ങനെ ചെയ്യുകയില്ല. ഉള്ളിൽ അവനു
എന്നെ വളരെ സ്നേഹിക്കുന്നുണ്ടു്." അകത്തേയ്ക്കു കടന്നു് മുഖം

വീപ്പിച്ചുതന്നെ കുറെനേരം ഇരിക്കണമെന്നു കരുതിയാണു് റോസു് മുറിയിൽ പ്രവേശിച്ചതു്. എന്നാൽ ആദ്യമായി അവളുടെ കണ്ണിൽപ്പെട്ടതു് ഉണ്ണീശോയുടെ കൊത്തുരൂപമായിയുന്നു. അവളോടുകൂടി ഒരിക്കൽ കളിക്കയും, അവളെ വായിക്കാൻ പഠിപ്പിക്കയും ചെയ്ത ആ ദിവ്യഉണ്ണിയുടെ തിരുമുമ്പിൽ അവൾ അറിയാതെ മുട്ടുകുത്തി. അവളുടെ ഹൃദയം വല്ലാതെ തുടിക്കുന്നതായി അവൾക്കു തോന്നി. കണ്ണീർ കണങ്ങൾ ആ പൂങ്കവിൾത്തടങ്ങളിൽകൂടി ഒഴുകി പട്ടുടുപ്പിന്മേൽ ഇറ്റിറ്റു വീണു. അവളുടെ ചിന്താഗതി ഒന്നു മാറിവീണു.

"ഉണ്ണീശോ ആയിരുന്നെങ്കിൽ എന്നെപ്പോലെ പിണങ്ങുമായിരുന്നോ? ഞാൻ പിണങ്ങി മോറുവീപ്പിച്ചതും മറവും ഉണ്ണീശോയ്ക്കു ഒട്ടും ഇഷ്ടമായിക്കാണുകയില്ല. പിന്നെ, എങ്ങനെ ആയിരുന്നാലും ആങ്ങള പറഞ്ഞതു് ശരിയല്ലേ? ഞാൻ ഈശോയെക്കാളും എന്റെ തലമുടിയെ അല്ലേ സ്നേഹിക്കുന്നതു്? അതിന്റെ അഴകിനെക്കുറിച്ചു ഞാൻ അഹങ്കരിക്കുന്നില്ലേ? എപ്പോഴും അതല്ലേ എന്റെ വിചാരം? പള്ളിയിൽവെച്ചു എന്റെ പൊന്നിഴകളും എല്ലാരും കാണാൻവേണ്ടി ഞാൻ നെറു് നിരകയിൽനിന്നു ഇടയ്ക്കിടയ്ക്കു മാറുന്നില്ലേ? പിന്നെ, ആങ്ങള മണ്ണുവാരിയെറിഞ്ഞതു്. അതാങ്ങള കളിയായി ചെയ്തതല്ലേ? എന്നാൽ അതുകൊണ്ടു മരണമുണ്ടെന്നും, മരിച്ചു ശവക്കുഴിയിൽ അടക്കുന്നതോടുകൂടി എന്റെ അഴകെല്ലാം അസ്തമിക്കുമെന്നും ഞാൻ ഓർക്കാൻ ഇടവന്നില്ലേ?" അവൾ കണ്ണുനീർ തുടച്ചുകളഞ്ഞു മേലോട്ടു നോക്കിയപ്പോൾ ഉണ്ണീശോ ഒരു ചെറുപുഞ്ചിരി തൂകുന്നതുപോലെ തോന്നി. റോസും അറിയാതെ ഒന്നു മന്ദഹസിച്ചുപോയി.

"എന്റെ നല്ല ഉണ്ണീശോയെ" അവൾ ഏങ്ങിഏങ്ങി പറഞ്ഞുതുടങ്ങി. "കൊച്ചുണ്ണീശോയെ, ഞാൻ ആങ്ങളയോടു പൊരുത്തിരിക്കുന്നു. ഇനി ഞാൻ ഒരിക്കലും മുഖം വീപ്പിക്കയില്ല. പൊന്നുണ്ണീശോ, ഇനി ഞാൻ നിന്നേക്കാളും എന്റെ തലമുടിയെ സ്നേഹിക്കയില്ല. എന്റെ ചുരുളൻതലമുടി ചീകുന്നതിനും മിനുക്കുന്നതിനും, മെടയുന്നതിനുംമറവും ഞാൻ നേരംകളകയില്ല. ഇതാ, എന്റെ പൊന്നിഴകളും എനിക്കുവേണ്ടാ. ഉണ്ണീശോ, ഇതു നല്ല ഇഴകളും ഞാൻ എങ്ങനെ കളയും? നീ അതെടുത്തോ. നീ എന്നെ വളരെ സ്നേഹിക്കുന്നുണ്ടല്ലോ. ഞാൻ അതു വെട്ടി നിനക്കു തരാം".

റോസു മേശപ്പുറത്തേയ്ക്കു തിരിഞ്ഞുനോക്കിയപ്പോൾ മരിയാനയുടെ കടലാസ്സുവെട്ടുന്ന കത്രിക അതിന്മേൽ കിടക്കുന്നതുകണ്ടു. അവൾ ഓടിച്ചെന്നു കത്രികയെടുത്തു പൊന്നുപോലെ മിന്നിയിരുന്ന അവളുടെ ചുരുളൻതലമുടി വെട്ടിവെട്ടി ഉണ്ണീശോയുടെ രൂപത്തിന്റെ മുമ്പിൽ ഇട്ടുതുടങ്ങി. ഇടയ്ക്കിടയ്ക്കു ഉണ്ണീശോ ഇഷ്ടംതന്നെയല്ലേ കാണിക്കുന്നതെന്നറിവാൻ മേലോട്ടു നോക്കിയിരുന്നു.

"റോസിനെ ദുഃഖിപ്പിച്ചല്ലോ; ഇനി അപ്പന്റെ അടിയും കൊള്ളുമോ" എന്നൊക്കെ ഓർത്തു് പുറത്തുതന്നെ ഇരുന്നിരുന്ന ഫെർഡിനാൻഡു, കുറച്ചുനേരം കഴിഞ്ഞപ്പോൾ, സംഗതികൾ എങ്ങനെ കലാശിച്ചു എന്നറിവാൻ പതുങ്ങിപ്പതുങ്ങി അകത്തേയ്ക്കു കേറിവന്നു. ഉണ്ണീശോയുടെ രൂപത്തിന്റെ മുമ്പിൽ നിന്നു മുടി ക്രോപ്പുചെയ്തിരുന്ന റോസിനെ കണ്ടപ്പോൾ അവൻ ഒന്നു ഞെട്ടിപ്പോയി.

"ഇതെന്താ, റോസു്, ഈ പൊന്നിഴകളൊക്കെ വെട്ടി നശിപ്പിക്കുന്നതു്? എന്നോടുള്ള അരിശം എന്തിനാ നിന്റെ നല്ല ചുരുളൻതലമുടിയോടു പോക്കുന്നതു്?" വാസ്തവം പറഞ്ഞാൽ അവൻ തന്നെക്കാൾ കൂടുതൽസ്നേഹിക്കുന്ന സ്വന്തം കുഞ്ഞുപെങ്ങളുടെ പൊന്നിഴകൾ കളയുന്നതു അവനു മമ്മദേകമായിരുന്നു. അവനും അതിൽ അഭിമാനം കൊള്ളുകയും ആനന്ദിക്കയും ചെയ്തുപതിവായിരുന്നു".

"ഇല്ല, കുഞ്ഞാങ്ങളേ, എനിക്കു ആങ്ങളയോടു കെറുവൊന്നുമില്ല". റോസു വെട്ടുനിർത്തി, ആങ്ങളയെ സമീപിച്ചു അവനെ ആലിംഗനം ചെയ്തു കവിളിൽ ചുംബിച്ചുകൊണ്ടു പറഞ്ഞു: "ഇല്ല, ആങ്ങളേ. എനിയ്ക്കു് ആങ്ങളയോടു് നന്ദിപരയാനേയുള്ളൂ. ഞാൻ ഇനി ഈശോയെക്കാൾ എന്റെ പൊന്നിഴകളെ സ്നേഹിക്കയില്ല. അതീശോയല്ലേ എനിക്കു തന്നതു്? അതു ഞാൻ ഈശോയ്ക്കുതന്നെ കൊടുത്തു. ഞാൻ മുടി വെട്ടിവെട്ടി ഇട്ടപ്പോൾ ഈശോയുടെ മുഖത്തു ഒരു ചെറിയ പുഞ്ചിരിയുണ്ടായിരുന്നു. അതീശോയ്ക്കു നല്ല ഇഷ്ടംതന്നെയായിട്ടുണ്ടു്, ഇല്ലേ ആങ്ങളേ?"

ഫെർഡിനാൻഡു എന്തോ പറയാൻ ശ്രമിച്ചെങ്കിലും ചുണ്ടുകൾ ചലിച്ചില്ല."

അദ്ധ്യായം 4.

"ചേച്ചീ, മരിയാനച്ചേച്ചീ!" റോസു വേഗോപദേശപ്പുസ്തകത്തിന്റെ താളുകൾ മറിയ്ക്കുന്നതിനിടയ്ക്കു വിളിതുടങ്ങി.

"എടീ റോസെ, എന്തിനാണിങ്ങിനെ മിനിട്ടുതോറും വിളിച്ചുകൊണ്ടിരിക്കുന്നതു്?"

"അതേ, ചേച്ചീ, ഞാൻ ഉച്ചതിരിഞ്ഞു കുമ്പസാരിക്കാൻ പോകുമ്പോ ഏതു പാവാടയും ബ്ലൗസും ഇട്ടുകൊണ്ടുപോണം?"

"അമ്മയുടെ പെട്ടിയിൽ അലക്കിവെച്ചിരിക്കുന്ന ചുവന്ന പട്ടുപാവാടയും നീല സിൽക്കുബ്ലൗസും ഇട്ടു പോയ്ക്കോ".

"നാളെ ഈശോയെ കൈക്കൊള്ളാൻ പോകുമ്പഴും അതുതന്നെ ഇട്ടുകൂടെ?"

"പാടില്ല. അദ്യകുർബ്ബാന കൈക്കൊള്ളുമ്പോൾ എല്ലാം വെള്ളയായിരിക്കണം. വെള്ള പട്ടുപാവാട, വെള്ള സിൽക്കു ബ്ലൗസു്, വെള്ള നെറു്. എല്ലാം തുവെള്ളയായിരിക്കണം".

"ങ്ങഹാ, ചേച്ചീ അതെന്തിനാ എല്ലാം വെള്ള?"

"ഉണ്ണീശോ എഴുന്നള്ളിയിരിക്കുന്ന ഓസ്തി നീ കണ്ടിട്ടില്ലേ. അതു നല്ല വെള്ളനിറമല്ലേ? ഉണ്ണീശോയ്ക്കു വെള്ളനിറത്തോട വലിയ ഇഷ്ടമാ. നമ്മുടെ ആത്മാവും കറയൊന്നും കൂടാതെ, പാപക്കറ പുരളാതെ, വെളുത്തിരിക്കണം. ആത്മാവിൽ കളങ്കം അഥവാ പാപം ഒന്നുമുണ്ടായിരിക്കുന്നതെന്നു് സൂചിപ്പിക്കാനാണു് എല്ലാം വെള്ളയാക്കുന്നതു്. വെള്ളപ്പാവാട, വെള്ളബ്ലൗസു്, വെള്ള നെറു, വെള്ള റിബ്ബൺ, വെള്ള റോസപ്പൂക്കൊണ്ടുള്ള വെള്ളമുടി."

"അപ്പോ, ചേച്ചീ, നാളെ എന്റെകൂടെ ആദ്യകുർബ്ബാനകൈക്കൊള്ളാൻ പറഞ്ഞയക്കുന്ന മറിയംപെണ്ണിനും വെള്ള പട്ടുപ്പാവാടയും വെള്ളമുടിയും ഒക്കെ കൊടുക്കുകില്ലേ?"

"ഉം, കൊടുക്കും. അവളും നമ്മുടെ പറമ്പിൽ താമസിക്കുന്ന പാവപ്പെട്ടവളാണെങ്കിലും നാളെ അവളേയും നിന്നേപ്പോലെ ഉടുത്തുകെട്ടിച്ചുവിടും. മുടിയും മറുകും വെക്കും. നിന്നോടുകൂടെ ഇരുത്തി ചോറും കാപ്പിയും ഒക്കെ കൊടുക്കും. നാളെ മുഴുവനും

നീ അവളെ സ്വന്ത അനുജത്തിയെപ്പോലെ വിചാരിച്ച് അവളുടെകൂടെ ചിരിക്കയും കളിക്കയും ഒക്കെചെയ്യണം. ഉണ്ണീശോയ്ക്കു അവളോടും വളരെ ഇഷ്ടമാ. അതുകൊണ്ട് നീയും നാളെ അവളോട് സ്നേഹം കാണിക്കണം."

"ഉം. ഞാനും അവളോട് ഇഷ്ടമായിക്കോളാം. നാളെ മാത്രമല്ല, എന്നും അവളെ സ്നേഹിച്ചോളാം. എന്റെ നീല റിബ്ബണും, മുടിയിൽ കുത്തിവെക്കുന്ന സെല്ലുലോയ്ഡ് പൂവും അവൾക്ക് കൊടുത്തോളാം."

"അതൊക്കെ നല്ലതാ. പിന്നെ, നീ വേദോപദേശത്തിലുള്ള നമസ്കാരങ്ങളും മറ്റും പഠിച്ചോ?"

"ഉം, പഠിച്ചു ചേച്ചീ, പുസ്തകത്തിലുള്ളതൊക്കെ വെള്ളം പോലെ ഇപ്പോ വേണെങ്കിൽ ചൊല്ലികേൾപ്പിക്കാം".

"ആട്ടെ; പിന്നെ, ഞാൻ പറഞ്ഞുതന്നതൊക്കെ ഓർക്കുന്നുണ്ടോ? ഞാൻ ഒന്നു ചോദിച്ചുനോക്കട്ടെ"."

"ഉം, ചോദിച്ചോ. ഞാൻ ഒക്കെപ്പറയാം.

"ഇതു കൊച്ചോസ്തിയിൽ ഉണ്ണീശോ എങ്ങിനെയാ ഒതുങ്ങിയിരിക്കുന്നതു?"

"അതേ, ചേച്ചീ, ഉണ്ണീശോ ദൈവമല്ലേ. എല്ലാം സാധിക്കും. അങ്ങനെ കൊച്ചപ്പത്തിൽ ഇരിക്കാനും, എല്ലായിടത്തും ഒരേ സമയത്തിരിക്കാനും ഒക്കെ ദൈവത്തിനു സാധിക്കും."

"പിന്നെ, ഉണ്ണീശോ എന്തിനാ നിന്റെ ഹൃദയത്തിൽ എഴുന്നെള്ളിവരുന്നതു?"

"അതേ, ഈശോയ്ക്കു എന്നോടുള്ള സ്നേഹംകൊണ്ടു എഴുന്നെള്ളിവരുന്നതാ. എന്നോടുകൂടിയിരിക്കാൻ ഉണ്ണീശോയ്ക്കു ഇഷ്ടമാ."

"ഉണ്ണീശോ ഹൃദയത്തിൽ വരുന്നതു വെറുതെ അവിടെ ഇരിക്കാനാണോ?"

"അല്ലാ, ചേച്ചീ, എന്റെ ഉള്ളിലിരുന്നു എന്നോടു വർത്തമാനം പറയാനും, ചോദിക്കുന്നതൊക്കെ തരാനും, പിന്നെ മരിക്കുമ്പോൾ എന്നെ മോക്ഷത്തിൽ കൊണ്ടുപോവാനും ഒക്കെയാ".

"അതുശരിയാ, ഈശോ എഴുന്നള്ളിവരുമ്പോൾ നിനക്കാവശ്യമുള്ളതും അമ്മയ്ക്കും അപ്പനും മറ്റെല്ലാവർക്കും വേണ്ടതൊക്കെയും ചോദിച്ചു വാങ്ങിക്കാം. പിന്നെ എന്റെ കാര്യവും ഉണ്ണീശോയോടു പറയുമില്ലേ."

"പിന്നെയില്ലേ, മരിയാനച്ചേച്ചിയെ ഞാൻ മറക്കുമോ? പി

ന്നേ, ചേച്ചീ, നാളെ ഈശോയെ കൈക്കൊണ്ടിട്ട്, പിന്നെ എ
ന്നു കൈക്കൊള്ളാം?" എല്ലാ ദിവസവും കൈക്കൊള്ളാമൊ?"

"ഉം, എല്ലാ ദിവസവും കൈക്കൊള്ളാം. സൗകര്യമുള്ളവ
ക്കൊക്കെ എല്ലാ ദിവസവും കൈക്കൊള്ളാം."

"അതു് ഈശോയ്ക്കു ഇഷ്ടമാകുമോ. ബുദ്ധിമുട്ടാകയില്ലേ?"

"ഇല്ല, ഈശോ ദൈവമല്ലേ. ബുദ്ധിമുട്ടെന്നു പറയുന്നതു്
ഈശോയ്ക്കില്ല. എല്ലാ ദിവസം എല്ലാവരുടെ ഹൃദയത്തിലും
എഴുന്നെള്ളിവരാൻ വലിയ ഇഷ്ടമാ."

"ആഹാ, എന്നാ എനിക്കു എല്ലാ ദിവസവും കൈക്കൊ
ള്ളണം."

"വേണ്ടാ, വലുതായിട്ടുമതി എല്ലാ ദിവസവും കൈക്കൊള്ള
ന്നതു്. നിന്നെ തനിച്ചു് പള്ളിയിൽ അയക്കാൻ പാടില്ല. നീ
ശരിയ്ക്കു കുമ്പസാരിക്കയും കുബ്ബാന കൈക്കൊള്ളുകയും ചെയ്യു
ന്നുണ്ടോ എന്നു നോക്കാൻ ഞങ്ങടെ വലിയവർ ആരെങ്കിലും നി
ന്റെ കൂടെയുണ്ടായിരിക്കണം. എല്ലാ ദിവസവും നിന്റെകൂടെ
പോരാൻ ഞങ്ങടെക്കു ഒഴിവില്ല. അതുകൊണ്ടു മാതാവിന്റെ ദി
വസമായ ശനിയാഴ്ചതോറും കുബ്ബാന കൈക്കൊണ്ടാൽ മതി."

"ഉം. എന്നാൽ അങ്ങനെയാട്ടെ. എല്ലാ ശനിയാഴ്ചയും
കൊണ്ടുപോകുമല്ലോ."

"ഉം. ഇനി നീ പോയി കളിക്കു."

"നാളെ ഈശോയെ കൈക്കൊള്ളാനുള്ളതല്ലെ, ഇന്നു കളി
ക്കാമോ."

"കളിക്കേണ്ടനേരത്തു് കളിക്കുന്നതു് ഈശോയ്ക്കു ഇഷ്ടമാ.
വഴക്കു പിടിക്കാതിരുന്നാൽമതി. പിന്നെ, കളിക്കുമ്പോഴും ഇട
യ്ക്കിടെ ഈശോയെ ഓർത്തു് "എന്റെ നല്ല ഈശോയെ,
എന്റെ പാവപ്പെട്ട ഹൃദയത്തിൽ എഴുന്നെള്ളിവരണേ." എന്ന
പേക്ഷിക്കണം. ഉം. പോ. മുറത്തു് പോയി ആങ്ങളയുടെകൂടെ
കളിക്കു."

അന്നത്തെ കളിയും, കുളിയും, പ്രാർത്ഥനയും അത്താഴവും
എല്ലാം കഴിഞ്ഞു കിടന്നുറങ്ങുന്നതിനുമുമ്പു് റോസു് മരിയാനയോ
ടു ഉൽക്കണ്ഠയോടുകൂടി ചോദിക്കയാണു്. _

"ചേച്ചീ, ഉണ്ണീശോയ്ക്കു എന്നോടു സ്നേഹമാണോ? നാളെ
എന്റെ ഹൃദയത്തിൽ എഴുന്നെള്ളിവരാൻ ഇഷ്ടമായിരിക്കുമൊ"?

"ഉം. ഉണ്ണീശോ എഴുന്നെള്ളിവരുമ്പോൾ "എന്റെ ഉണ്ണീ

ശോയെ, നിന്നെ ഞാൻ എല്ലാവരേക്കാളും കൂടുതലായി സ്നേഹിക്കുന്നു" എന്ന പറയണം. എന്നാൽ ഉണ്ണീശോയ്ക്കു വലിയ ഇഷ്ടമാകും."

"അമ്മയെക്കാളും കൂടുതലായി ഈശോയെ സ്നേഹിക്കുന്നു എന്നു പറയേണ്ടേ?"

"ഉം. എല്ലാവരേക്കാളും കൂടുതലായി സ്നേഹിക്കുന്നു എന്നു പറഞ്ഞാലും മതി."

"പിന്നെ, എന്റെ പാവ ഉണ്ണീശോയ്ക്കു കൊടുക്കാമെന്നു പറയണമോ. ഇന്നാളു കളിക്കാൻ വന്നപ്പോൾ തരാമെന്നു പറഞ്ഞിട്ടു വേണ്ടെന്നാപറഞ്ഞതു്."

"ഉം, ഉണ്ണീശോയ്ക്കു വേണമെങ്കിൽ തരാം എന്നു പറഞ്ഞോക്കൂ. ഇനി വത്തമാനം പറഞ്ഞതു മതി. ഉണ്ണീശോയെ ഓർത്തു കിടന്നുറങ്ങിക്കോ"

പിറ്റെ ദിവസം വെളുപ്പിനു റോസു് തന്നെത്താൻ ഉണർന്നു. വിശേഷവസ്ത്രങ്ങളെല്ലാം ധരിച്ചു്, വെള്ളമുടിയും വെച്ചു്, ആ ദ്യകുർബാന സ്വീകരിച്ചു. അതവളുടെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യദിനംതന്നെയായിരുന്നു. ആനന്ദം അവളുടെ ഹൃദയത്തിൽ ഓളംതല്ലി. ഈശോയുടെ പ്രഥമാലിംഗനം അവളുടെ മനസ്സിൽ ഒരു മായാത്ത മുദ്ര പതിച്ചു. ദേവാലയത്തിൽനിന്നു മരിയാനയോടുകൂടി വീട്ടിലേക്കു മടങ്ങുമ്പോൾ വഴിയിൽവെച്ചു് നാട്ടുകാരായ കുറെ റെഡ്ഇൻഡ്യക്കാരെ കണ്ടുമുട്ടി. കുടിയേറ്റക്കാരായ സ്പെയിൻകാർ തോക്കു നീട്ടിക്കാണിച്ചു് ഭയപ്പെടുത്തി അവരെയെല്ലാം കാടുകയറ്റിയിരുന്നു. എന്നാൽ മുക്കും ചിലരെ സ്വർണ്ണഖനികളിലും വയലുകളിലും വേല ചെയ്യുവാനായി പട്ടണപ്രാന്തങ്ങളിൽ താമസിക്കുവാൻ അനുവദിച്ചിരുന്നു. അവരിൽ പലരും രോഗികളായും അർദ്ധനഗ്നരായും തെരുവുകളിൽ അലഞ്ഞുതിരിഞ്ഞിരുന്നു. പണത്തെപ്രതിമാത്രം നാടുവിട്ടുപോന്ന സ്പെയിൻകാർ മൃഗങ്ങളോടു കാണിക്കുന്ന ദയപോലും ആ ദുർഭാഗ്യരോടു കാണിച്ചിരുന്നില്ല. കണ്ണുകുഴിഞ്ഞും വയറൊട്ടിയും അർദ്ധനഗ്നരും അവശരുമായി കരുത്ത തൊലിയുള്ള കുറേപ്പേർ വഴിയരികിൽ നില്ക്കുന്നതു കണ്ട റോസു ചോദിച്ചു."—

"ചേച്ചീ, ഇവരെന്താ ഇങ്ങനെ ചാകാറായിരിക്കുന്നേ? ഇവർക്കു് ഉടുപ്പും ഊണും മറുകും കൊടുക്കാൻ ആരുമില്ലേ?"

"ഇല്ല റോസെ, അവർ പാവങ്ങളാണ്. അവരെ ആക്ഷേപിക്കരുത്."

"ഈശോയ്ക്കും അവരോട് ഇഷ്ടമില്ലേ?"

"ഈശോയ്ക്ക് അവരോട് വളരെ ഇഷ്ടമാ. നമുക്കും അവരോട് വളരെ ഇഷ്ടം വേണ്ടതാ. അവരെ മാമ്മോദീസാ മുക്കുന്നതിനു പോലും ഇഷ്ടമില്ലാത്തവരാണ് ഇവിടത്തെ നമ്മുടെ സ്സെയിൻകാർ. ക്രിസ്ത്യാനികളാക്കിയാൽപിന്നെ അവരെ പള്ളിയിലും മറ്റും കയറ്റേണ്ടേ? എന്നാൽ അവർക്കുണ്ട് നിത്യമായ ഒരാത്മാവ്. അവരും സ്വർഗ്ഗം അനുഭവിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. ഈശോ പുൽക്കൂട്ടിൽ വന്നുപിറന്നതും കുരിശിൽ മരിച്ചതും അവർക്കുവേണ്ടിയും കൂടെയാണ്. അവരോട് ഈശോയ്ക്ക് ഇഷ്ടമുള്ളതുകൊണ്ട്, നാം ഈശോയെ സ്നേഹിക്കുന്നുണ്ടെങ്കിൽ അവരേയും നല്ലവണ്ണം സ്നേഹിക്കണം".

അന്നുമുതൽ റോസിനു അവരോട് പ്രത്യേകസ്നേഹം തോന്നിയിരുന്നു. വഴിയിൽവെച്ചു അവരെ കാണുമ്പോഴും ടെയയോടുകൂടി അവരോട് സംസാരിക്കയും, അവർ വീട്ടിൽവരുമ്പോഴും അവരെ തന്നെ സ്വന്തം കൈകൊണ്ട് അവർക്ക് ധർമ്മംകൊടുക്കുവാൻ ഉത്സാഹം കാണിക്കയും ചെയ്തിരുന്നു. തന്നെയുമല്ല, എല്ലാദിവസവും അവരും അവർ മാനസാന്തരപ്പെടുവാൻവേണ്ടി പ്രാർത്ഥിക്കയും, ആശയടക്കങ്ങളും സുകൃതജപങ്ങളും അവർക്കുവേണ്ടി ദൈവത്തിനു സമർപ്പിക്കയും ചെയ്തുവന്നു. അവരുടെ കുട്ടികളെ വേദോപദേശം പഠിപ്പിക്കുന്നതും അവരുടെ ഏറ്റവും ഇഷ്ടമുള്ള ജോലിയായിരുന്നു. കുറച്ചുകൂടി പ്രായമായശേഷം രോഗികളായ റെഡിൻ ഡ്യാക്കാരെയും നീഗ്രോകളേയും വീട്ടിൽ കൊണ്ടുവന്നു അവരെ പരിചരിക്കുവാൻ അവരും മാതാപിതാക്കന്മാരെ നിർബന്ധിച്ചു, വീടിന്റെ ഒരു ഭാഗത്തും അവരെ താമസിപ്പിച്ചിരുന്നു. അവരുടെ ശരീരസുഖത്തിൽ ദൃഷ്ടിപതിച്ചിരുന്നതോടൊപ്പം അവരുടെ ആത്മാവിനും നിത്യസൗഭാഗ്യത്തിനും ഉതകുന്ന സദുപദേശങ്ങളും സൗകര്യംപോലെ അവർക്കു പറഞ്ഞുകൊടുത്തും ഇഹത്തിലും പരത്തിലും അവരെ ഭാഗ്യവാന്മാരാക്കാൻ അവരും കഴിയുന്നതും പരിശ്രമിച്ചിരുന്നു. ചിലപ്പോഴും അവരും പുൽക്കൂട്ടിൽനിന്നു ഉണ്ണീശോയുടെ കൊത്തുരൂപം എടുത്തുകൊണ്ടുവന്നു രോഗികളുടെ ദേഹത്തു വയ്ക്കും. അങ്ങിനെ ചെയ്തിരുന്നപ്പോഴും അവർ അത്ഭുതകരമായി സുഖം പ്രാപിക്കാറുണ്ടായിരുന്നു. പ്രസ്തുത സംഗതിയെ

ക്കുറിച്ചു ജനങ്ങളും അവളെ സ്തുതിച്ചുപറയുന്നതു കേൾക്കുമ്പോഴും അവൾ പറയും.—

"ഞാനല്ലാ അവരെ സുഖപ്പെടുത്തുന്നതു്. അതാ കൊച്ചു മീട്ടുക്കൻ ഡോക്ടരാണു്. ഉണ്ണീശോ ആണു് അതുചെയ്യുന്നതു്. ഞാനൊന്നും ചെയ്യുന്നില്ല".

"പരസ്നേഹം പൂരയിൽ നിറഞ്ഞിരുന്നു" എന്നും, സ്വകുടുംബാംഗങ്ങളെത്തന്നെയാണു് ഒരാൾ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടതെന്നും അവൾക്കറിയാമായിരുന്നു. അതുകൊണ്ടു വീട്ടിലുള്ള എല്ലാവരേയും അവൾ വളരെ അധികം സ്നേഹിക്കയും അവർക്കെല്ലാംവേണ്ടി എന്നും പ്രാർത്ഥിക്കയും ചെയ്തിരുന്നു. സ്വയം വിസ്മരിച്ചുകൊണ്ടു അവരെ സഹായിക്കാനും സന്തോഷിപ്പിക്കാനും അവൾ പ്രദർശിപ്പിച്ചിരുന്ന ഔത്സുക്യം കുറച്ചൊന്നുമല്ല. റോസിന്റെ കുടുംബം വലിയ ധനസ്ഥിതിയുള്ളതായിരുന്നില്ല. വീട്ടിലുള്ളവർക്കു തന്നെക്കൊണ്ടു വല്ല പ്രയോജനവും വരുത്തണമെന്നു കരുതി അവൾ ഒരു റോസുതോട്ടം നട്ടുപിടിപ്പിച്ചു. റോസപ്പൂക്കളോടു അവൾക്കു വളരെ താല്പര്യമായിരുന്നു. അഴകു വഴിഞ്ഞൊഴുകുന്ന ആ മോഹനസൂനങ്ങളെക്കാണുമ്പോൾ അവൾ സഹൃദയത്തിൽ മന്ത്രിക്കും—"ഞാനും ഒരു ചെറിയ റോസപ്പൂവാണു്. അതു ഞാൻ ഈശോയ്ക്കു സമർപ്പിക്കും. അങ്ങല്ലാതെ മറ്റാരും അതറിയുന്നതിനെ ഞാൻ അനുവദിക്കയില്ല".

എല്ലാ ആഴ്ചയും വീട്ടിലുള്ള ശവക്കല്ലറയിൽ വെച്ചുകഴിഞ്ഞു ബാക്കിയുള്ള പൂക്കൾ വെട്ടി അവൾ ചന്തയിൽ കൊടുത്തയയ്ക്കും. മരിയാന ചന്തയിൽ എത്തുമ്പോഴേയ്ക്കും പലപ്പോഴും വഴിയിൽ വെച്ചതന്നെ പൂവെല്ലാം വിറകഴിഞ്ഞു കൂട ഒഴിവാകും. റോസിന്റെ പൂക്കൾക്കു പ്രത്യേക സൗന്ദര്യവും സൗരഭ്യവുമുണ്ടെന്നു് ജനങ്ങൾ പറഞ്ഞിരുന്നു. റോസച്ചെടികൾ നട്ടുനനച്ചുകഴിഞ്ഞു ബാക്കിയുള്ളനേരം അവൾ തയ്യൽപ്പണിയിൽ ചിലവഴിക്കും. ആ ഇനത്തിലും ഒരു നല്ലതുക വീട്ടിലേയ്ക്കു സമ്പാദിച്ചുകൊടുത്തിരുന്നു. പ്രതിദിനം ദിവ്യബലിയിൽ സംബന്ധിക്കയും പരിശുദ്ധകുർബ്ബാന കൈക്കൊള്ളുകയും, തനിച്ചിരുന്നു പ്രാർത്ഥിക്കയും മറ്റും ചെയ്തു ബാക്കിയുള്ള സമയം മുഴുവൻ അവൾ കൈകൊണ്ടു എന്തെങ്കിലും ജോലിചെയ്തിരുന്നു. അവളെ ആരും വിവാഹം കഴിക്കാൻ നിർബന്ധിക്കാതിരിപ്പാൻ വേണ്ടി കഴിയുന്നിടത്തോളം വിരൂപിണിയായി കാണപ്പെടുവാൻ അവൾ ശ്രമിച്ചിരുന്നു. കൈ

കഠംകൊണ്ട ധാരാളം വേലചെയ്താൽ അവയുടെ മാട്ടവം നശിച്ച ഭംഗിയില്ലാതാകുമെന്നും, അദ്ധ്വാനം അഴകിനെ ആട്ടിപ്പായിക്കുമെന്നും അവാം പ്രത്യാശിച്ചിരുന്നു. എന്നാൽ ദൈവം അവാംക്കു അമാനുഷികമായ ഒരഴകാണു് നൽകിയിരുന്നതു്. വിനയവും നൈർമ്മല്യവുമാണല്ലോ അഴകിന്റെ അസ്ഥിവാരം. ഹൃദയ നൈർമ്മല്യം വദനത്തിൽ നിഴലിക്കാതിരിക്കയില്ല. മനോഹരമായ ഒരു വിടർന്ന റോസാപ്പൂപ്പോലെ അവളുടെമുഖം പ്രേക്ഷകക്കു തോന്നിയിരുന്നു എന്നാണു പറയപ്പെട്ടതു്. പ്രതിദിന ദിവ്യകാരുണ്യാവസരത്തിൽ ദിവ്യനാഥൻ അവളുടെ ഹൃദയത്തിൽ കോരിനിറച്ചിരുന്ന പരിശുദ്ധപ്രേമം അവളെ നിർമ്മലയാക്കിത്തീർത്തു. അവളുടെ മുഖത്തും ചേഷ്ടകളിലും നിഴലിച്ചിരുന്ന നൈർമ്മല്യംതന്നെയാണു് അവളെ അഴകണിയിച്ചതു്. കേവലം പന്ത്രണ്ടുവയസ്സുള്ളപ്പോഴും വിശ്വാസത്തേയും ചാരിത്രത്തേയും സംരക്ഷിക്കാൻവേണ്ടി രക്തസാക്ഷിണിയായി വീരമരണമടഞ്ഞ വിശുദ്ധ ആഗ്നസിനെപ്പോലെ റോസിനും അവളുടെ ദിവ്യമണവാളനായ ഈശോയോടു പറയാമായിരുന്നു: "അങ്ങയെ അല്ലാതെ മറ്റാരെയും സ്നേഹിക്കാതിരിപ്പാൻ എന്റെ വദനങ്ങളിൽ അങ്ങു മുദ്രപതിച്ചു. വിശ്വാസമാകുന്ന അംഗുലീയത്താൽ അങ്ങു വിവാഹബന്ധം സ്ഥിരപ്പെടുത്തി. അളവില്ലാത്ത കണ്ണാരേണം എന്നെ അങ്ങു ധരിപ്പിച്ചു. അങ്ങയെ സ്നേഹിച്ചതിനാൽ ഞാൻ പാപമില്ലാത്തവളാകുന്നു. അങ്ങയെ സ്പർശിച്ചതിനാൽ ഞാൻ പരിശുദ്ധയാകുന്നു. അങ്ങയെ സ്വീകരിച്ചതിനാൽ ഞാൻ കന്യകയാകുന്നു".

വി. കുമ്പാനാസ്വീകരണത്തിൽ മിശിഹായെ ചുംബിച്ച ചുണ്ടുകളെ അവിടുന്നു നിർമ്മലമായി കാക്കാതിരിക്കുമോ? പരമപരിശുദ്ധനായ മിശിഹായെ സ്പർശിക്കുമ്പോഴും, പരിശുദ്ധി അവളിലേയ്ക്കു പ്രവഹിക്കാതിരിക്കുമോ? പാവനസ്നേഹത്തിന്റെ ഉറവയിൽനിന്നു കുടിച്ചവനും, അശുദ്ധമോഹത്തിന്റെ ചെളിക്കുണ്ടിൽ ജലംതേടുമോ. അനുദിനദിവ്യകാരുണ്യസ്വീകരണത്തെ അപലപിക്കുന്നവർ കത്തോലിക്കാനാമാധിരികളുടെയിടയിൽ ഉണ്ടെങ്കിൽ അതു വിലപനീയം തന്നെയാണു്. മിശിഹാ ഭക്ഷണപാനീയങ്ങളുടെ സാദൃശ്യത്തിൽ വി. കുമ്പാന സ്ഥാപിച്ചതു് അതു ആത്മീയഭോജനമാണെന്നും, ആദ്ധ്യാത്മികജീവൻ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതു അനുപേക്ഷണീയമെന്നു്

അനുസ്മരിപ്പിക്കുവാനാണെന്നും, അനുദിനമോ അടുക്കലെടുക്കലോ അതു് സ്വീകരിക്കണമെന്നതന്നെയാണു് മിശിഹായെപ്പോലെ തിരുസഭയും ആഗ്രഹിക്കുന്നതെന്നും പരിശുദ്ധ മാപ്പാപ്പാമാർ ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിച്ചിട്ടും സ്വന്ത അഭിപ്രായത്തെ മുറുകെപ്പിടിക്കുന്നതു ശരിയാണോ? ആത്മാവിൽ ചാവുദോഷം ഇല്ലാത്തപ്പോഴും നല്ല ഉദ്ദേശത്തോടും ഭക്തിയോടുംകൂടി വി. കുർബ്ബാന സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന ഏതു ജീവിതാന്തസ്സിലും സാഹചര്യത്തിലും ജീവിക്കുന്നവർക്കും അനുദിനമോ അടുക്കലെടുക്കലോയുള്ള ദിവ്യകാരുണ്യസ്വീകരണം അനുവദനീയവും ഏറ്റവും ഉപകാരപ്രദവുമാണെന്നു തിരുസഭ ഉൽബോധിപ്പിക്കുമ്പോഴും അതു് ചിലരുടെ ചില ഭക്താത്മാക്കൾക്കു് അനുവദിക്കപ്പെടാവുന്ന ആനുകൂല്യമെന്നവണ്ണം സാധാരണക്കാർക്കു് അതിനെ നിഷേധിക്കാമോ? രോഗികൾക്കല്ലാതെ വൈദ്യനെക്കൊണ്ടാവശ്യമില്ലെന്നും, പാപികളെ വിളിക്കാനല്ലാതെ നീതിമാന്മരെ അന്വേഷിച്ചല്ല താൻ വന്നതെന്നും പ്രകടമായി പ്രസ്താവിച്ചിട്ടുള്ള മിശിഹായുടെ ഉദ്ദേശ്യത്തേയും ആഗ്രഹത്തേയും അത്മവിഹീനവും അപ്രായോഗികവുമാക്കിതള്ളിക്കളയുകയല്ലയോ വി. കുർബ്ബാനയോടുള്ള ഉപരിബഹുമാനത്തിന്റെ നാട്യത്തിൽ അവർ ചെയ്യുന്നതു്? "എന്നാൽ പിന്നെ, ആണ്ടിലൊരിക്കൽ പൊസഹക്കാലത്തുമാത്രം അതു സ്വീകരിച്ചാൽ മതിയെന്നു തിരുസഭ കല്പിച്ചിരിക്കുന്നതെന്തിനാണു്?" എന്നാണു് ഇക്കൂട്ടരുടെ വാദം. ചാവുദോഷത്തിൻകീഴ് കല്പിച്ചു് വിശ്വാസികളെ ഭയപ്പെടുത്തി ആണ്ടിലൊരിക്കലെങ്കിലും അതു സ്വീകരിപ്പിക്കുന്നതിൽ നിന്നും അതിന്റെ അത്യാവശ്യം സൂഷ്മമാണല്ലോ കളിയിൽ മുഴുകി പട്ടിണിയായി നടക്കുന്ന വികൃതിക്കുട്ടിയെ വലിച്ചിഴച്ചുകൊണ്ടുവന്നു പിടിച്ചിരുത്തി അമ്മ ചോറുട്ടുന്നതുപോലെ, കൊല്ലത്തിലൊരിക്കലെങ്കിലും തിരുസഭാമാതാവു അലഞ്ഞുതിരിഞ്ഞുനടക്കുന്നവരെപ്പോലും വലിച്ചിഴച്ചു് അൾത്താരയുടെ അടുത്തുകൊണ്ടുവന്നു് ഈ ദിവ്യഭോജനം നല്കുകയാണു് ചെയ്യുന്നതു്, വന്നില്ലെങ്കിൽ നരകത്തിൽ തള്ളിയിടുമെന്ന ഭീഷണിപ്പെടുത്തിപ്പോലും! ആദിമക്രിസ്ത്യാനികൾ ദൈവത്തിന്റെ ഈ മഹാദാനത്തെ നല്കവണ്ണം വിലമതിച്ചിരുന്നു. "അവർ ശ്ലീഹന്മാരുടെ പഠനത്തിലും അപ്പം വീജിക്കുന്നതിലും സ്ഥിരതയുള്ളവരായിരുന്നു". എന്നു ശ്ലൈഹികനടപടിയിൽ പറഞ്ഞിട്ടുണ്ടല്ലോ. അപ്പം ഭ

ക്ഷിക്കുവാൻ പാടില്ലാതിരുന്ന പിഞ്ചുപൈതങ്ങളെക്കൊണ്ട് ക്ലേശചെയ്ത വീഞ്ഞു–മിശിഹായുടെ തിരുരക്തം–അല്പം അവർ അനുഭവിപ്പിച്ചിരുന്നു. തന്മൂലം നിർമ്മലമായി സ്നേഹിക്കുവാനും, നിസ്വാർത്ഥമായി സേവനം അനുഷ്ഠിക്കാനും, ചുട്ടനിണം ചൊരിഞ്ഞുപോലും വിശ്വാസവും ചാരിത്രവും സംരക്ഷിക്കാനും അവർക്കു കഴിഞ്ഞു.

അദ്ധ്യായം 5

റോസു തീരെ കൊച്ചായിരുന്നപ്പോഴേതന്നെ അവളുടെ ഹൃദയവല്ലരിയിൽ തളിരെടുത്ത ഒരാഗ്രഹമാണ്, ഒരു കന്യകാമഠത്തിൽ പ്രവേശിക്കണമെന്നുള്ളതു്. പക്ഷേ ഒരു 'എടാകൂടം'. അവരുടെ തന്നെ പ്രത്യേക മദ്ധ്യസ്ഥയായ സീയെന്നായിലെ വി. കത്രീനായെപ്പോലെ ഒരു ഡൊമിനിക്കൻസന്യാസിനി ആവണം. എന്നാൽ ഡൊമിനിക്കൻ കന്യകാലയങ്ങളും ഒന്നും അമേരിക്കയിൽ ഇല്ലാതാനും. ധനികനായ ഒരു യുവാവിന്റെ ഭാര്യാപദം സ്വീകരിക്കുവാൻ അമ്മ മകളെ നിർബന്ധിച്ചുനോക്കി. എന്നാൽ "ഞാൻ എന്നെ മുഴുവനും ഈശോയ്ക്കു പ്രതിഷ്ഠിച്ചുകഴിഞ്ഞു." എന്നതന്നെയായിരുന്നു എപ്പോഴും റോസിന്റെ മറുപടി. അങ്ങനെ കാലങ്ങളും കടന്നുപോയി. അടുത്തുതന്നെ ലീമായിൽ ഒരു ഡൊമിനിക്കൻമഠം സ്ഥാപിതമാകുമെന്നും അന്നു് തനിക്കു അതിൽ പ്രവേശിക്കാമെന്നും ആയിരുന്നു അവളുടെ പ്രതീക്ഷ. ഒരു ദിവസം റോസു മുറ്റത്തുള്ള തോട്ടത്തിൽ ജോലിചെയ്തുകൊണ്ടിരിക്കയായിരുന്നു. അപരിചിതനായ ഒരു മാന്യൻ പടികടന്നു് മുറ്റത്തേയ്ക്കുവന്നു. "റോസു ഉടനെ അപ്പുറത്തേയ്ക്കു കടന്നുകളയുവാൻ ഭാവിച്ചപ്പോഴേയ്ക്കും അയാൾ ചോദിച്ചു കഴിഞ്ഞു. –

"മിസ്റ്റർ ഗാസ്പർ ഇവിടെയുണ്ടോ?"

"ഉണ്ടു്, അങ്ങേവശത്താണു്." റോസു അവിടെത്തന്നെ നിന്നു. അപരിചിതനോടും ഉപചാരം കാണിക്കണമല്ലൊ.

"ഒന്നു കണ്ടാൽ കൊള്ളാം."

"അതിനെന്താ വിഷമം! ഞാൻ ഉടനെ വിവരം അറിയിക്കാം. ആരാണെന്നാണു് പറയേണ്ടതു്?"

"പട്ടണത്തിലെ ഭണ്ഡാരാധികാരിയായ ഡോൺ ഗൊൺസാലോ ആണെന്നു പറഞ്ഞാൽ മതി."

"ഓ, ഡോൺഗൊൺസാലോ ആണോ! ഇവിടെ കയറി ഇരിക്കൂ. ഞാൻ ചെന്നു അപ്പനെ വിളിക്കട്ടെ." റോസു വീടിന്റെ പുറകിലോട്ടു പോയി.

"വളരെ വിനീതയും സുന്ദരിയുമായ ഒരു യുവതി! ഇവൾ ആയിരിക്കുമോ റോസു് എന്നു പേരുള്ള ഗാസ്പറിന്റെ ഇളയ മകൾ!" ഡോൺഗൊൺസാലോ അങ്ങിനെ ചിന്തിച്ചിരിക്കുമ്പോഴാണു് ഗാസ്പർ വന്നു ഹസ്തദാനം ചെയ്തതു്.

"എന്താ പിന്നെ ഡോൺഗൊൺസാലോ ഇങ്ങോട്ടോയ്ക്കോ ഇറങ്ങാമെന്നു വെച്ചതു്? ക്ഷേമംതന്നെയാണല്ലോ."

"ക്ഷേമംതന്നെ. പഴയ സ്നേഹിതരായ നിങ്ങളെയൊക്കെ ഒന്നു കാണാമെന്നു കരുതി ഇറങ്ങിയതാണു്. പിന്നെ, ഒരു കാര്യവും പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്."

"എന്തായിരിക്കാം?"

"താങ്കളുടെ മകൾ റോസിനെക്കുറിച്ചാണതു്. അവൾക്കിപ്പോൾ പത്തിരുപതു് വയസ്സായിക്കാണുമല്ലോ. ഞാൻ അവളെ കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. എങ്കിലും അവളെക്കുറിച്ചു് പട്ടണത്തിലൊക്കെ വളരെ സംസാരമുണ്ടു്. അവൾ ഒന്നുകിൽ മഠത്തിൽ പോകണം; അല്ലെങ്കിൽ വിവാഹം കഴിക്കണം. പ്രായമായ പെൺകുട്ടികൾ ഇങ്ങനെ നില്ക്കുന്നതു് കൊള്ളുകയില്ല എന്നാണു് എല്ലാവരും മുറവിളികൂട്ടുന്നതു്."

"എന്റെ കുട്ടി പ്രായമായിട്ട് എന്റെ വീട്ടിൽ എന്നോടുകൂടെ താമസിക്കുന്നതിനു് അവരെന്തിനാ ബഹളം കൂട്ടുന്നതു്?"

"അതു ശരിയാ. പക്ഷേ, മനുഷ്യർ ചീത്തപറഞ്ഞുപരത്തുന്നതിനു് നാം അവസരം കൊടുക്കരുതല്ലോ. അവളുടെ പൂന്തോട്ടത്തിൽനിന്നും തയ്യൽപ്പണിയിൽനിന്നുമുള്ള വരവു് നിന്നുപോകുമല്ലോ എന്നുവിചാരിച്ചാണു് അവളെ എങ്ങും വിട്ടയയ്ക്കാത്തതെന്നും ഒരു സംസാരമുണ്ടു്. ആ നഷ്ടത്തിനു് കൊല്ലംതോറും വേണമെങ്കിൽ ഞാൻ ഒരു തുക തന്നുകൊള്ളാം. എനിക്കു നിങ്ങളുടെ കുടുംബത്തോടു താങ്കളുടെ അപ്പന്റെ കാലംമുതൽക്കുള്ള ഒരു പ്രത്യേക പ്രതിപത്തിയുണ്ടു്."

"വളരെ ഉപകാരം അതൊന്നും ഓർത്തിട്ടല്ല അവളെ വിടാത്തതു്."

"പിന്നെ, അവൾക്കു വേണ്ടതു പത്നിമോനിയോ സ്ത്രീധനമോ ഇല്ലാത്തതുകൊണ്ടാണെങ്കിൽ അതും ഞാൻ വഹിച്ചുകൊള്ളാം."

"ഓ, അതു ഞങ്ങടെ എങ്ങനെയെങ്കിലും ശരിപ്പെടുത്തുമായിരുന്നു. എന്നാൽ അവൾക്കു കല്യാണം കഴിക്കേണ്ടെന്നു് തീർത്തു പറഞ്ഞിരിക്കയാണു്. മഠത്തിൽ പോകണമെന്നു തന്നെയാ നിർബന്ധം".

"എന്നാൽ അങ്ങു പോയാൽ പോരേ?"

"പക്ഷേ ഇവിടെയുള്ള മഠങ്ങളിലൊന്നും പോകാൻ അവൾക്കിഷ്ടമില്ല".

"അതെന്താ, അങ്ങനെയൊരു ശാഠ്യം?"

"സീയെന്നായിലെ വി. കന്യാനായോടു് അവൾക്കു വലിയ ഭക്തിയാ. ആ പുണ്യവതി ഒരു ഡൊമിനിക്കൻ സന്യാസമായിരുന്നതുകൊണ്ടു് അവൾക്കു അവരുടെ മഠത്തിൽതന്നെ പോകണമെന്നു നിർബന്ധമാ. ഈ തെക്കെഅമേരിക്കയിൽ അവരുടെ മഠങ്ങളാ ഒന്നും ഇതേവരെ സ്ഥാപിച്ചിട്ടില്ലല്ലോ".

"ഹോ, മഠത്തിൽ പോകാൻ തീച്ചയാക്കിയാൽ, പിന്നെ, ഏതു മഠമായിരിക്കണമെന്നുള്ളതു് അത്ര കാര്യമുള്ളതാണോ. ആ കൊച്ചിനോടു ഞാൻ ഒന്നു പറഞ്ഞുനോക്കാം. അവളെ ഞാൻ അറിയുകയില്ലെങ്കിലും ഇങ്ങോട്ടൊന്നു വരാൻ പറയാമോ?"

"ഓ, അതിനെന്താ വിഷമം. ഡോൺഗൊൺസാലോ വീട്ടിൽ കയറിവന്നപ്പോളാ കണ്ടതു വർത്തമാനം പറഞ്ഞവളാ തന്നെയാണു് റോസു്".

"ആങ്ങ്ഹാ, ഞാൻ ഒന്നു സംശയിച്ചു."

ഗാസ്പർ ഒന്നു കണ്ണുരുട്ടിവരുത്തുന്ന ശബ്ദംകേട്ടു മേരി പുറത്തേയ്ക്കുവന്നു.

"ആ റോസിനോടു ഇങ്ങോട്ടൊന്നു വരാൻ പറ. ഡോൺഗൊൺസാലോയ്ക്കൊന്നുകണ്ടു പറയാനുണ്ടു്." ഗാസ്പർ ഉത്തരവിട്ടു.

അടുക്കളയിൽ എന്തോ ജോലി ചെയ്തുകൊണ്ടിരുന്ന റോസിനെ അമ്മ വിളിച്ചുകൊണ്ടുവന്നു. അവൾ അല്പം സങ്കോചംപൂണ്ടു അകത്തേയ്ക്കുള്ള വാതിലിന്റെ പുറകിൽ നിന്നിരുന്നു.

"റോസെ, നാണംകുണുങ്ങാതെ കതകിന്റെ മറയിൽനിന്നു അല്പം മാറിനില്ക്കു°. ഡോൺഗൊൺസാലോയല്ലേ?" മേരി ഒരു താക്കീതു നൽകി. അദ്ദേഹം വന്ദ്യവയോധികനും, ഭക്തനും അവരുടെ കുടുംബത്തിന്റെ ഒരുറ്റ മിത്രവുമായതുകൊണ്ടു റോസു വിനയത്തോടുകൂടി അല്പം മാറിനിന്നു.

"കുഞ്ഞേ, നിനക്കെന്താ ഡൊമിനിക്കൻ മഠത്തിൽതന്നെ ചേരണമെന്നു ഇത്ര നിർബന്ധം? മരിക്കാൻ നിശ്ചയിച്ചിരിക്കുന്ന ആടുകളുടെ മുണ്ടിത്തന്നെ മരിക്കണമെന്നു നിർബന്ധമുണ്ടോ?"

"ഇല്ലായിരിക്കാം. എന്നാൽ ഒരു ഡൊമിനിക്കൻ സന്യാസിനിയാകണമെന്നു° ഈശോ എന്നോടു ആവശ്യപ്പെട്ടു എന്നാണു° എനിക്കു തോന്നുന്നതു°".

"അതാണു° ദൈവത്തിന്റെ അഭീഷ്ടമെന്നു നിനക്കു വല്ല വെളിപാടും ഉണ്ടായോ?"

"ഇല്ല. എങ്കിലും അങ്ങനെയാണു° ചെറുപ്പംമുതൽ തോന്നിക്കൊണ്ടിരിക്കുന്നതു°".

"തോന്നലല്ലേ? സാരമില്ല. തലയുള്ളിടത്തോളം കാലം ഓരോന്നു തോന്നിക്കൊണ്ടിരിക്കും. കുഞ്ഞേ, ഞാൻ പറയുന്നതു കേൾക്കൂ. ഇവിടെ വി. ആഗ്രസ്തീനോസിന്റെ കന്യാസ്ത്രീമഠമുണ്ടു°, നിനക്കതിൽ ചേർന്നാലെന്താ? പത്രിമോനി ഞാൻ കൊടുത്തേല്പിച്ചുകൊള്ളാം. ആ സഭയിൽ ധാരാളം വിശുദ്ധകളുണ്ടായിട്ടുണ്ടു°. നിനക്കു വി. ഡൊമിനിക്കോസിനോടൊ സീയന്നായി കത്രീപ്പുണ്യാളത്തിയോടൊ ഭക്തിയും സ്നേഹവുമുള്ളതു° നല്ലതുതന്നെ. എന്നാൽ വി. ആഗ്രസ്തീനോസിന്റെ മഠത്തിൽ ചേർന്നതുകൊണ്ടു അവരെ ഉപേക്ഷിക്കണമെന്നില്ല. എല്ലാവരും കത്തോലിക്കാസഭയിലെ പുണ്യവാന്മാരല്ലേ. പിന്നെ അവർതമ്മിൽ വഴക്കും വക്കാണവും ഒന്നുമുണ്ടാകയില്ല. നീ ഡൊമിനിക്കൻ സഭോംഗമായ കത്രീപ്പുണ്യാളത്തിയെ കൂടുതൽ സ്നേഹിക്കുന്നതുകൊണ്ടു ആഗ്രസ്തീനോസു° പുണ്യവാനു° അസൂയയും തോന്നുകയില്ല".

"അതെനിക്കറിയാം. എങ്കിലും....."

"പിന്നെ, ഒരു കാര്യമുണ്ടു°. പതിനെട്ടുപതു വയസ്സായ ഒരു പെൺകുട്ടിയല്ലേ നീ? പെൺകുട്ടികാം പ്രായമായാൽ ഒന്നുകിൽ കാല്യാണം കഴിച്ചു° വീട്ടുവിടണം; അല്ലെങ്കിൽ മഠത്തിൽ പോണം. അതാണു നാട്ടുമുറ. നിന്നെക്കുറിച്ചു° നാട്ടുകാരുടെയിടയിൽ

വലിയ ഒച്ചപ്പാടുണ്ട്. ചിലരെല്ലാം നിങ്ങളുടെ കുടുംബത്തിന്റെ സൽപേരിനെ കളങ്കപ്പെടുത്തുന്ന കെട്ടുകഥകൾ വകഞ്ഞുണ്ടാക്കി പറഞ്ഞുപരത്തുന്നുമുണ്ട്. അതുകൊണ്ട്, കുഞ്ഞേ, ഞാൻ പറയുന്നതു കേൾക്കുക. ഇന്നുതന്നെ ഞാൻ വി. ആഗ്നസ്തീനോസിന്റെ മഠത്തിൽചെന്നു് നിനക്കുള്ള പതുമോനി കൊടുത്തേല്പിക്കാം. താമസിയാതെതന്നെ നീ അവിടെ പ്രവേശിക്കണം. കേട്ടോ".

"അങ്ങയുടെ ഔദാര്യത്തിനു് വളരെ ഉപകാരം. അവിടെ പോകാൻ ശ്രമിക്കാം. കുറെ ആലോചിക്കാനുണ്ടു്. പിന്നെ തീച്ചുപ്പെടുത്തി പോകാം".

"കൊള്ളാം കുഞ്ഞേ, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. ആലോചിച്ചോളൂ. നല്ലപോലെ ആലോചിച്ചോളൂ. വേഗം പോയാൽ മതി".

ഡോൺഗൊൺസാലോ പോയതിനുശേഷം ഗാസ്പറും മേരിയും മറുകുടുംബാംഗങ്ങളും അവളെ വി. അഗ്നസ്തീനോസിന്റെ മഠത്തിൽ ചേക്കാൻ പലവിധത്തിലും പരിശ്രമിച്ചുകൊണ്ടിരുന്നു. റോസിന്റെ ജീവിതത്തിൽ കാറുംകറുപ്പും വന്നുനിറഞ്ഞു. എന്താണു് ചെയ്യേണ്ടതെന്നറിയാതെ അവൾ കുഴങ്ങി. ദൈവഹിതമെന്തെന്നറിവാനായി തന്റെ ആദ്ധ്യാത്മികനിയന്താവും ആത്മികപിതാവുമായ ഫാദർ അലോൺസോയെ അവൾ സമീപിച്ചു. തന്റെ ഹൃദയസ്ഥിതി അവൾ അദ്ദേഹത്തെ അറിയിച്ചു. ഫാദർ അലോൺസാ ആയിരുന്നു ചെറുപ്പംമുതൽ അവളുടെ ആത്മികനിയന്താവു്. കുറച്ചുകൊല്ലങ്ങൾക്കുമുമ്പു് തന്റെ കന്യാത്വത്തെ ഈശോയ്ക്കു നേർന്നതും അദ്ദേഹത്തിന്റെ ആലോചനയോടും അനുമതിയോടുംകൂടിത്തന്നെയായിരുന്നു.

"ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുവാൻ നിനക്കൊരുക്കമാണോ?" എല്ലാം ക്ഷമയോടെ ശ്രവിച്ചതിന്റെശേഷം അദ്ദേഹം ചോദിച്ചു.

"അതേ, പിതാവേ, ഒരുക്കമാണു്. അങ്ങുവഴിയായി ദൈവം എന്നെ അറിയിക്കുന്നതു് എന്തായാലും അതുചെയ്യുവാൻ ഞാൻ തയാറാണു്."

"പരിതസ്ഥിതികളും ആലോചിക്കുകയാണെങ്കിൽ, നീ ആഗ്നസ്തീനോസുപുണ്യവാന്റെ മഠത്തിൽ ചേരാൻ പോകുകതന്നെ വേണം. ഔദ്വാഭീഷ്ടം മറിച്ചാണെങ്കിൽ അദ്ദേഹം അതിനെ

തടഞ്ഞുകൊള്ളും. അതുകൊണ്ട് ദൈവത്തിൽ ആശ്രയിച്ച്, സമചിത്തതയോടും സന്തോഷത്തോടുംകൂടെ നീ അങ്ങനെതന്നെ ചെയ്യുക".

"അങ്ങനെതന്നെ ചെയ്യുകൊള്ളാം. സന്തോഷത്തോടെ". റോസും സമ്മതിച്ചു.

അവസം പള്ളിയിൽനിന്നു പുറത്തിറങ്ങിയതു പുഞ്ചിരിയിട്ടുകൊണ്ടാണു്. ഉദിച്ചുയർന്നിരുന്ന ആദിത്യൻ അവളെ നോക്കി ഒന്നു മന്ദസ്മിതം തൂകുന്നതായിത്തോന്നി. അങ്ങനെ ആ കാളരാത്രി കടന്നുപോയി. അവളുടെ ആത്മാവിൽ വീണ്ടും വാരൊളി വീശി. എന്താണു് ചെയ്യേണ്ടതെന്നു അവസം ഉറച്ചുകഴിഞ്ഞു.

അദ്ധ്യായം 6

"ആങ്ങളേ! ഫെഡിനാൻറാങ്ങളേ!"

"ഇവിടെയുണ്ടേ, എന്തിനാ റോസേ, നീ എന്നെ വിളിക്കുന്നതു്?"

"ഒന്നിങ്ങോട്ടു വരാമോ. ഒരു കാര്യം പറയാനാ."

"ഓ. എപ്പോഴുമുണ്ട് ഒരു കാര്യം. നിനക്കു ഒരിക്കലും കാര്യമല്ലാതെ കളിയൊന്നും പറയാനില്ലേ". ഫെർഡിനാൻറ് ജോലി നിറുത്തി റോസിന്റെ അടുത്തു വന്നു.

"ആങ്ങളേ, എനിക്കൊരു സഹായം ചെയ്യുതരാമോ?"

"എന്താണെന്നു് അങ്ങു പറഞ്ഞുകൂടെ? അല്ലെങ്കിലുമുണ്ട് നിനക്കു്എന്നും ഒരു നീണ്ട പ്രസംഗം, എന്തെങ്കിലും ഒന്നു ചോദിക്കുന്നതിനു മുമ്പു്. ഇതുയൊക്കെ മുഖവുരയെന്തിനാ എടുന്നാടു്?"

"ഇതു പെട്ടെന്നു ദേഷ്യപ്പെട്ടാലോ, ആങ്ങളേ; എനിക്കൊരിടത്തു ഒന്നു പോകാനുണ്ടു്. ആങ്ങളയുംകൂടി ഒന്നു വരണം".

"ഉടനെ ഇറങ്ങണമോ."

"ഉടനെ വേണ്ടാ. ഇന്നു ശനിയാഴ്ചയല്ലേ; നാളെ ഞായറാഴ്ച. നാളെ ഉച്ചതിരിഞ്ഞു മതി."

"എവിടേയ്ക്കാണാവോ? വല്ല തീർത്ഥാടനത്തിനായിരിക്കാം ഇപ്പോ കോളുകൊണ്ടിരിക്കുന്നതു്?"

"തീർത്ഥാടനം ഒന്നുമല്ല. നേരത്തെ അറിഞ്ഞാലേ കൂടെ പ്പോരൂ എന്നു നിർബന്ധമാണോ. ഇനി ഞാൻ ആങ്ങളയെ ബുദ്ധിമുട്ടിപ്പിക്കുമെന്നു തോന്നുന്നില്ല". റോസു് പറഞ്ഞുതീരുന്നതിനുമുമ്പു് മുത്തുമണികൾപോലെ രണ്ടുമൂന്നു കണ്ണുനീർത്തുള്ളികൾ അവളുടെ കവിളുകളിന്മേൽകൂടി ഉരുണ്ടു നിലത്തു വീണുതുടങ്ങി.

ഫെർഡിനാൻറു് ഉടനെ അടുത്തുവന്നു് ബാഷ്പകണങ്ങൾ തുടച്ചുകളയാൻ ഭാവിച്ചുകൊണ്ടു പറഞ്ഞു:—

"ഓ, റോസു ഇപ്പോഴും കൊച്ചുകുട്ടിയാണോ! കോളുകൊണ്ടിരിക്കയാണോ എന്നു് ഒന്നു ചോദിച്ചുപോയതിനാണോ ഈ കരച്ചിലും പിഴിച്ചിലുമൊക്കെ? തരക്കേടില്ല".

"ആങ്ങള എൻറെ മുഖമൊന്നും തുടച്ചുതരണ്ട! ഈ മുത്തുമണികൾ ആങ്ങളെ അറിയാതെ അടർന്നുവീണെന്നുവരും."

റോസിനു ഓർമ്മവെച്ചമുതൽ അവളുടെ ചങ്ങാതിയും കളിത്തോഴനും ഫെർഡിനാൻറായിരുന്നു. പ്രായംചെല്ലുന്തോറും അവർതമ്മിലുള്ള മൈത്രിയും വർദ്ധിച്ചുവരികയാണു് ചെയ്തതു്. അവനും ഏറ്റവും അധികമായി ഈശോയെത്തന്നെയാണു് സ്നേഹിച്ചിരുന്നതു്. എങ്കിലും അവൻ അവളുടെ കുടുംബാംഗങ്ങളെ എല്ലാവരേയും വളരെഅധികം സ്നേഹിച്ചിരുന്നു. അതു് ദൈവാഭീഷ്ടം തന്നെയാണല്ലോ. അവനും തൻറെ സഹോദരീസഹോദരന്മാരെ എല്ലാവരേയും വളരെഅധികം സ്നേഹിച്ചിരുന്നെങ്കിലും അവരിൽ ഏറ്റവും അധികം സ്നേഹിച്ചിരുന്നതു് ഫെർഡിനാൻറിനെ ആയിരുന്നു. മരണംവരെ അങ്ങിനെതന്നെയായിരുന്നു. അതു് അവൻ നേരെമൂത്ത ആങ്ങളയായിരുന്നതുകൊണ്ടോ, അല്ലെങ്കിൽ അവരുടെ സ്വഭാവങ്ങൾതമ്മിൽ പ്രത്യേകചേർച്ചയുണ്ടായിരുന്നതുകൊണ്ടോ ആയിരിക്കാം. കാരണം അവനുക്കൂ തന്നെയും അജ്ഞാതമായിരുന്നു. എന്നാൽ ഫെർഡിനാൻറിനും അവളോടു് അതുപോലുള്ള ഒരു സ്നേഹം ഉണ്ടായിരുന്നോ എന്നറിഞ്ഞുകൂടാ. ഏതുകാര്യത്തിലും അവളെ സഹായിക്കാൻ അവൻ എപ്പോഴും തയാറായിരുന്നെന്നു് റോസിൻെറ ജീവചരിത്രം ഉടനീളം തെളിയിക്കുന്നുണ്ടു്. റോസിനെ സംബന്ധിച്ചിടത്തോളം അവൻ അവളെയാണോ അല്ലെങ്കിൽ വേറെ വല്ലവരേയുമാണോ ഏറ്റവുംകൂടുതൽ സ്നേഹിച്ചിരുന്നതെന്നു അവനും ഒരിക്കലും അന്വേഷിച്ചിരുന്നില്ല. അതു നിസ്വാർത്ഥവും നിർമ്മലവുമായിരുന്നു അവളുടെ സ്നേഹം. സ്നേഹിക്കുവാൻവേണ്ടി മാത്രമാണു് അവനും

സ്നേഹിച്ചിരുന്നതു്; പ്രതിസ്നേഹത്തിനുവേണ്ടിയല്ല. എങ്കിലും അവളുടെ ഹൃദയം വളരെ മൃദുലമായിരുന്നതുകൊണ്ടു ആങ്ങളയുടെ അധരങ്ങളിൽനിന്നു ഒന്നുരണ്ടു കഠിനപദങ്ങളും പുറപ്പെട്ടപ്പോഴേയ്ക്കും അവളുടെ കണ്ണുകളും നിറഞ്ഞുകഴിഞ്ഞു.

"ആങ്ങളേ" റോസു സംസാരം തുടർന്നു. "ഞാൻ ഇവിടെ താമസിക്കുന്നതു് നിങ്ങൾക്കൊന്നും ഇഷ്ടമില്ലല്ലോ. അതുകൊണ്ടു് ഞാൻ ഇവിടെനിന്നു ഇറങ്ങിപ്പോകാൻ തീച്ചയാക്കിയിരിക്കയാണു്".

"ഞങ്ങൾക്കു് നിന്നോടിഷ്ടമില്ലാഞ്ഞിട്ടൊന്നുമല്ല നിന്നോടു മാത്രമിലോമറേറാ ചേരാൻ പറയുന്നതു്. നിന്നോട്ടുടെ വീട്ടിൽ താമസിക്കുന്നതു എനിക്കു വളരെ സന്തോഷമുള്ള സംഗതിയാണു്. റോസെ, നീ പോയാൽ ഈ വീടു ശൂന്യമാകുമെന്നാണു് എനിക്കു തോന്നുന്നതു്. എങ്കിലും നിനക്കു വയസ്സു പത്തിരുപതായില്ലേ? ഇനി ഏതെങ്കിലും ജീവിതാവസ്ഥയിൽ പ്രവേശിക്കാതെ നിവൃത്തിയുണ്ടോ? നാട്ടുകാരെല്ലാം നിന്നെ 'കള്ളകരക്കന്യാസ്ത്രീ' എന്നും മറ്റും വിളിക്കുന്നതു എങ്ങനെ കേട്ടുകൊണ്ടിരിക്കും!".

"കൊള്ളാം. വി. ഫ്രാൻസ്വാനോസിന്റെ മഠത്തിൽതന്നെ പോകാനാണു് ഞാൻ തീച്ചയാക്കിയിരിക്കുന്നതു്. നാളെ ഉച്ചതിരിഞ്ഞു നമുക്കു് പോകണം".

"ഇത്രവേഗം പോകണമെന്നുണ്ടോ? ഒരാഴ്ചകഴിഞ്ഞിട്ടുപോയാൽ പോരേ?"

"പോരാ. നാളെത്തന്നെ പോകണമെന്നു നിശ്ചയിച്ചുകഴിഞ്ഞു. അപ്പനോടും അമ്മയോടും പറഞ്ഞു അനുവാദം വാങ്ങിയിട്ടുണ്ടു്".

"എന്നാ നിന്റെ ഇഷ്ടം പോലെയാകട്ടെ".

അടുത്തദിവസത്തെ ഉച്ചക്ഷേണം എല്ലാവരും ഒരുമിച്ചിരുന്നുകഴിച്ചു. ഊണിനുശേഷം റോസു യാത്രയായി. പുറപ്പെട്ടുന്നതിനുമുമ്പു് പ്രാർത്ഥിക്കുന്നതിനായി രൂപക്കൂടിന്റെ മുമ്പിൽവന്നു മുട്ടുകുത്തി. എല്ലാവരും അവളോടൊന്നിച്ചു മുട്ടുകുത്തി രഹസ്യത്തിൽ കുറച്ചുനേരം പ്രാർത്ഥിച്ചു. സഹോദരീസഹോദരന്മാരോടെല്ലാം യാത്രപറഞ്ഞതിനുശേഷം അവൾ മാതാപിതാക്കന്മാരുടെ മുമ്പിൽ മുട്ടുകുത്തി ആശീർവ്വാദം അപേക്ഷിച്ചു. അവരുടെ നയനങ്ങളിൽനിന്നു തപ്തബാഷ്പകണങ്ങളും റോസിന്റെ ശിര

സ്സിൽ ഇറിറിറ വീണു. സഹോദരീസഹോദരന്മാർ എങ്ങിഏ
ങ്ങിക്കരഞ്ഞുതുടങ്ങി. അവളും കരഞ്ഞാൽ അവരുടെ ദുഃഖം
വർദ്ധിക്കയല്ലേയുള്ള എന്നു കരുതി തദവസരത്തിൽ കണ്ണീരു കാ
ണിക്കയില്ലെന്നു റോസു തീർച്ചപ്പെടുത്തിയിരുന്നു. അവളുടെ മൃദു
ലഹൃദയം ക്ഷുഭംകൊണ്ടു ഭേദിക്കുന്നതുപോലെ അവൾക്കു തോന്നി.
മാതാപിതാക്കന്മാരുടെ ആശീർവ്വാദം വാങ്ങി, ആദരവോടുകൂടി
അവരുടെ കരങ്ങളും ചുംബിച്ചശേഷം അവൾ മുറിത്തേയ്ക്കിറങ്ങി.
തിരിഞ്ഞുനിന്നു എല്ലാവരേയും എല്ലാത്തിനേയും ഒന്നു കണ്ണോടി
ച്ചു അന്തിമയാത്രചൊല്ലി പടികടന്നു. ഫെർഡിനാൻറും അവ
ളെ അനുയാത്രചെയ്തിരുന്നു.

പടിഞ്ഞാറെ ആകാശം സായാഹ്നത്തിനുള്ള മിനുക്കുപണി
കൾ ആരംഭിച്ചിരുന്നു. മാലാഖമാർ ചുറ്റുംകൂടിനില്ക്കുന്ന സ്വ
ർഗ്ഗീയവിളക്കുപോലെ പകലവൻ പ്രകാശിച്ചു നിന്നിരുന്നു. സൂര്യ
പ്രകാശത്തിൽ തിളങ്ങിവിളങ്ങിയിരുന്ന മേഘസഞ്ചയത്തിൽനി
ന്നു ഒരെണ്ണം ഒറ്റതിരിഞ്ഞു അകന്നുപോയിരുന്നു. രണ്ടുപേരും
മൗനമായിത്തന്നെ കുറെ വഴിനടന്നു. സ്നേഹത്തിന്റെ കുറവല്ല,
ദുഃഖത്തിന്റെ പെരുപ്പമായിരുന്നു അതിനു കാരണം. റോസി
ന്റെ ഹൃദയം അപ്പോഴും ദ്രുതഗതിയിൽ തുടിച്ചുകൊണ്ടിരുന്നു. മ
ഠങ്ങളിലും മഠകാവേന്തകളിലും പോകുന്നവർ സ്നേഹമില്ലാത്തവരെ
ന്നു തട്ടിമൂളിക്കുന്ന ചിലർ കണ്ടേയ്ക്കാം. പക്ഷേ അവരെ അടുത്ത
റിഞ്ഞിട്ടുള്ളവർക്കറിയാം കുടുംബാംഗങ്ങളേയും സംബന്ധികളേ
യും അത്രയധികം സ്നേഹിച്ചിരുന്നവർ ആ വീട്ടിലുണ്ടായിരുന്നോ
എന്നു സംശയിക്കേണ്ടിയിരിക്കുന്നു എന്നു. അവർ വീട്ടിലുള്ളവ
രെയെല്ലാം വളരെ അധികം സ്നേഹിച്ചിരുന്നവരാണു്. ആമര
ണം സ്നേഹിക്കയും ചെയ്യും. സ്നേഹത്തിടമ്പുതന്നെയായ ഈ
ശോയുടെ സമാഹ്വാനം സ്വീകരിക്കുന്നതിനുവേണ്ടി മാത്രമാണു
അവർ കുറച്ചുകാലത്തേയ്ക്കു സ്ഥലംകൊണ്ടു്, ഹൃദയംകൊണ്ടല്ലോ,
അവരുടെ സ്നേഹഭാജനങ്ങളിൽനിന്നു പിരിഞ്ഞിരിക്കുവാൻതീരു
മാനിച്ചതും. കുറെ നടന്നശേഷം റോസുതന്നെ മൗനം ഭഞ്ജിച്ചു.

"ആങ്ങളേ!"

"ഉം. എന്താ പെങ്ങളേ."

"എനിക്കു വി. ദോമിനിക്കോസിന്റെ ഈ പള്ളിയിൽ ഒന്നു
കയറണം."

"റോസെ, നേരം വൈകിയല്ലോ. മഠത്തിൽ ചെല്ലുമ്പോ

ഴേയ്ക്കും ഇരുട്ടാകും, അവിടെയിവിടെഒക്കെ കേറിയിറങ്ങാൻ തുടങ്ങിയാൽ."

"ഇവിടെമാത്രം കയറിയാൽ മതി. ഞാൻ വേഗം വന്നേയ്ക്കാം. അവിടെയുള്ള കൊന്തമാതാവിന്റെ പീഠത്തിന്റെ മുമ്പിൽചെന്നു മുട്ടുകുത്തി ഒന്നു യാത്രപറഞ്ഞാൽ മതി. ഞാൻ ചെറുപ്പംമുതൽ അവിടെത്തന്നെ മുട്ടുകുത്തിയാണു് കുമ്പസാനയിലും മറ്റും സംബന്ധിച്ചിരുന്നതു്."

"എന്നാ വേഗം എല്ലാം കഴിച്ചുവരണം. ഞാൻ പുറത്തു ഇവിടെ കാത്തുനിന്നേയ്ക്കാം. ഒട്ടും താമസിക്കരുതു്. കേട്ടോ."

"ഉം. ഒന്നു യാത്രപറഞ്ഞു അപേക്ഷിക്കിനേയുള്ളൂ."

അടുത്തുതന്നെ വേറെ ഒരു പള്ളിയുണ്ടായിരുന്നെങ്കിലും റോസു എല്ലാദിവസവും കുറച്ചു അകലെയായിരുന്ന വി. ഡൊമിനിക്കോസിന്റെ പള്ളിയിലാണു എന്നും കുമ്പസാകാണാനും കൈക്കൊള്ളാനും പോയിരുന്നതു്. സിയെന്നായിലെ വി. കത്രീനായെപ്പോലെ ഒരു ഡൊമിനിക്കൻ സഭാംഗമാകാനിരുന്നതുകൊണ്ടായിരിക്കണം അവർക്കു വി. ഡൊമിനിക്കോസിന്റെ നാമധേയത്തിൽ സ്ഥാപിച്ചിരുന്ന പ്രസ്തുതപള്ളിയോടു പ്രത്യേകപ്രതിപത്തിയുണ്ടായിരുന്നതു്. കൂടാതെ അവിടത്തെ ഉണ്ണീശോയെ കയ്യിലെടുത്തിരുന്ന കൊന്തമാതാവിന്റെ തിരുസ്വരൂപത്തോടു അവർക്കു് വലിയ ഇഷ്ടമായിരുന്നു. റോസു വേഗം പള്ളിയിൽ പ്രവേശിച്ചു് കൊന്തമാതാവിന്റെ പീഠത്തിനുതാഴെ മുട്ടുകുത്തി. ഫെർഡിനാൻറു പുറത്തു കാത്തുനിന്നിരുന്നു. "ആങ്ങള പുറത്തു കാത്തുനില്ക്കുന്നല്ലോ എന്നു കരുതി പെങ്ങൾ വേഗം ഇറങ്ങിപ്പോരുമെന്നു കരുതിയാണു് ഫെർഡിനാൻറു് പുറത്തു നില്ക്കാമെന്നു വെച്ചതു്. എന്നാൽ കുറേനേരം കഴിഞ്ഞിട്ടും റോസു ഇറങ്ങിവരുന്നില്ല. അവൻ വാതുക്കൽചെന്നു അകത്തേയ്ക്കുനോക്കി ഒന്നു ചുമച്ചുനോക്കി. പക്ഷേ അവൾ എഴുന്നേല്ക്കുന്നില്ല. അങ്ങോട്ടമിങ്ങോട്ടും തിരിയുന്നതു് കാണാം. എന്നാൽ എഴുന്നേറ്റുപോരുന്നില്ല. ഫെർഡിനാൻറു അകത്തേയ്ക്കു കടന്നുചെന്നു.

"ഇതെന്തു ഭ്രാന്തിക്കോളാണു്. നേരം ഇരുട്ടാകാറായി. ഒന്നു വേഗം വാ." ആങ്ങള അക്ഷമനായി പറഞ്ഞുകഴിഞ്ഞു.

"ആങ്ങളേ, ആങ്ങളേ, ഒന്നു അടുത്തു വാ. എനിക്കെന്തു പറ്റിയാവോ." റോസു ദീനസ്വരത്തിൽ നിലവിളിച്ചു.

"റോസേ, നിനക്കു തലചുറ്റുന്നുണ്ടോ. എന്താ എഴുന്നേല്ക്കാത്തതു്?"

"തലചുറ്റലൊന്നുമില്ല. എഴുന്നേല്ക്കാൻമാത്രം മേലാ. എൻറെ മുട്ടുകാലുകൾ എടുത്തിട്ടു കിട്ടുന്നില്ല. നിലത്തു പറ്റിപ്പിടിച്ചിരിക്കയാ. വലിച്ചിട്ടു പോരുന്നില്ല."

"ഇതെന്തു കൂത്താണു്. മുട്ടുകാലു തായിൽ ഒട്ടിച്ചെന്നോ!"

"അങ്ങനെയാ തോന്നുന്നതു് ആങ്ങളേ! കയ്യൊന്നു നീട്ടിത്താ. എന്നെ ഒന്നു വലിച്ചുനീക്കു. പിടിച്ചെഴുന്നേല്പിക്കു."

ഫെർഡിനാൻറു കൈകൾ നീട്ടി. റോസു അവയെ മുറുക്കിപ്പിടിച്ചു. ഫെർഡിനാൻറു ഒന്നു വലിച്ചുനോക്കി. അനക്കമില്ല. കാലു പുറകോട്ടുവെച്ചു ശക്തിമുഴുവനും എടുത്തു വലിച്ചു. ഇളക്കമില്ല. അവൻ അമ്പരന്നു.

"ഇതെന്തു കളി! എടീ നിനക്കു കൂടോത്രോം ഉണ്ടോ?"

"എനിക്കോ, കൂടോത്രോ? അയ്യോ, ഒന്നറിഞ്ഞു വലിച്ചേ ആങ്ങളേ."

ഫെർഡിനാൻറു ശക്തിമുഴുവനും എടുത്തു വീണ്ടും വലിച്ചുനോക്കി. ഫലം പഴയപടി. രണ്ടുപേരും കുഴങ്ങി. ഒന്നുകൂടി വലിച്ചു. ഫലമില്ല. റോസിനു ഒരു സംശയംതോന്നി. ഒരുപക്ഷേ താൻ ഡൊമിനിക്കൻസഭയിൽ ചേരാതെ വി. ആഗ്നസ്തീനോസിൻറെ മഠത്തിൽ പോകുന്നതു് പരിശുദ്ധകന്യകയ്ക്കിഷ്ടമില്ലായിരിക്കാം. അതുകൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നതു്. അവളുടെ ഹൃദയത്തിൻറെ അടിത്തട്ടിൽനിന്നു ഒരു പ്രാർത്ഥന പൊട്ടിപ്പുറപ്പെട്ടു.

"ഏറ്റം പ്രിയമാതാവേ, ഞാൻ മഠത്തിൽചേർന്നു ഒരു കന്യാസ്ത്രീയായി ജീവിക്കണമെന്നല്ല ദൈവതിരുമനസ്സെങ്കിൽ, എനിക്കതു വേണമെന്നില്ല. ഞാൻ ഉടനെ വീട്ടിലേയ്ക്കു മടങ്ങിച്ചെന്നു്, അവിടെ കുടുംബാംഗങ്ങളോടുകൂടി ജീവിച്ചുകൊള്ളാം. അവിടെ സാദ്ധ്യമാകുന്നിടത്തോളം ഈശോയെ സ്നേഹിച്ചും സേവിച്ചും ശിഷ്ടായുസ്സു കഴിച്ചുകൊള്ളാം. പ്രിയ അമ്മേ, എന്നെ ഇവിടെനിന്നു ഒന്നെഴുന്നേല്പിച്ചാൽ മതി!" അപേക്ഷയുടെ അവസാനവാക്കു മനസ്സുകൊണ്ടു ഉരുവിട്ടുകഴിഞ്ഞപ്പോഴേയ്ക്കും എഴുന്നേല്ക്കാൻ കഴിയുമെന്നു അവൾക്കു തോന്നി.

"ആങ്ങളേ! എനിക്കിപ്പോം എഴുന്നേല്ക്കാം." എന്നു പറ

ഞ്ഞു അവൾ ചാടിപിടഞ്ഞെഴുന്നേറ്റ പള്ളിയിൽനിന്നു പുറത്തിറങ്ങി. ഫെർഡിനാൻറ് വിസ്മയരീതനായി പുറകെവന്നു.

"റോസേ, നീ പിന്നെ എങ്ങനെയാ എഴുന്നേറ്റതു്?" ആ ങ്ങള കൌതുകപൂർവ്വം ചോദിച്ചു.

"അതേ, മാതാവാ അവിടെ പിടിച്ചുനിറുത്തിയതു്. മാതാവുതന്നെ പിന്നെ എഴുന്നേല്പിച്ചു."

"ഉം. പെങ്ങളേ, ഇനി നമുക്കു വേഗം മാത്തിൽ പോകാം. നേരം ഇരുട്ടിത്തുടങ്ങി. ഓടേണ്ടിവരുമെന്നു തോന്നുന്നു. മുന്നിരുട്ടുമാണു്."

"വേണ്ടാ, ഇനി മാത്തിൽപോക്കു മതി. വീട്ടിൽ ഒരു നല്ല "കരക്കന്യാസ്ത്രീ"യായി ജീവിക്കണമെന്നതന്നെയാണു് ഈശോയുടെ ആഗ്രഹം."

രണ്ടുപേരും വീട്ടിലേയ്ക്കുതന്നെ മടങ്ങി. സംഗതികളെല്ലാം ഗ്രഹിച്ച അവളുടെ മാതാപിതാക്കൾ വീട്ടിൽത്തന്നെ കന്യകയായി നിന്നുകൊള്ളുവാൻ അവളെ അനുവദിച്ചു. എങ്കിലും ഈശോയെ കൂടുതൽകൂടുതൽ സ്നേഹിക്കയും സുകൃതങ്ങൾ അനുഷ്ഠിച്ചു അദ്ദേഹത്തെ സന്തോഷിപ്പിക്കയും ചെയ്യുവാനുള്ള അവളുടെ ആഗ്രഹത്തിനു് ഒരു കുറവും വന്നില്ല. അധികം ആഴ്ചകൾ കഴിയുന്നതിനുമുമ്പു് ആഗസ്റ്റു് 10-ാംതീയതി റോസിനു 20വയസ്സുള്ളപ്പോൾ ആത്മനിയന്താവായ ഫാദർ അലോൺസോയുടെ അനുവാദത്തോടെ അവൾ ഡൊമിനിക്കൻ മൂന്നാംസഭയുടെ സന്യാസവസ്ത്രം സ്വീകരിച്ചു. സഭാവസ്ത്രദാനം നടന്നതു് അവളുടെ മുട്ടുകാലുകൾ ഒട്ടിപ്പിടിച്ച സ്ഥലത്തു് അതേ പീഠത്തിങ്കൽവെച്ചുതന്നെയായിരുന്നു. ഒരു കൊല്ലംകഴിഞ്ഞു അവൾ വ്രതവാഗ്ദാനവും നടത്തി. അങ്ങനെ സീയന്നായിലെ വി. കത്രീനായെപ്പോലെ അവളേയും മിശിഹാ തൻറെ വത്സലവധുവാക്കിത്തീർത്തു.

അദ്ധ്യായം 7.

"അയ്യോ, ചേച്ചി, മരിയാനച്ചേച്ചീ, ഓടിവന്നേ, ഒന്നുവ
ന്നേ." റോസിന്റെ ദീനസ്വരംകേട്ട മരിയാന ഓടിവന്നു—

"റോസേ, എന്തുപറ്റി, നീ എന്താ കരയുന്നതു്?"

"അയ്യോ, എനിക്കു സഹിക്കാൻ മേലാ. ചേച്ചീ, ഞാൻ
ഇപ്പോഴം മരിക്കും."

"റോസെ, കാര്യംപറയൂ. നീ എന്താ ഇങ്ങനെ വളഞ്ഞു
പുളയുന്നതു്?"

"അതേ, അരയിൽ കെട്ടാൻ ചേച്ചീ ഉണ്ടാക്കിച്ചുകൊണ്ടുവ
ന്ന ഇരുമ്പുള്ളചങ്ങലയില്ലേ, ഞാനതു് അരയിൽകെട്ടി. ഓ,
എന്തു വേദന. അയ്യോ സഹിക്കാൻ മേലേ!"

"റോസേ, പുലയരെപ്പോലെ അയ്യയെയും അഴകനെയും
ഒന്നും വിളിക്കാതെ ഈശോ, മാതാവേ എന്നു് വിളിക്കൂ."

"ഈശോ, മാതാവേ, ഓ, എനിക്കു വേദന സഹിക്കാൻ
മേലേ!"

"റോസേ, സഹിക്കാൻ മേലെങ്കിൽ അതങ്ങഴിച്ചുകള
ഞ്ഞാൽ പോരേ? ഉം. അടുത്തുവാ. ഞാനഴിച്ചുകളയാം."

"അഴിക്കാൻ മേലാ. താക്കോലില്ല. മുള്ളരഞ്ഞാണം അ
രയിലിട്ടു പൂട്ടിയിരിക്കയാണു്."

"താക്കോൽ എവിടെ വെച്ചു? ഞാൻ എടുത്തു തുറന്നുതരാം."

"താക്കോലുപോയി. ഇനി അഴിച്ചുമാറ്റാൻ തോന്നാതിരി
ക്കാൻവേണ്ടി ഞാനതു കളഞ്ഞു."

"എവിടെ കൊണ്ടുപോയി കളഞ്ഞു? പറയൂ. ഞാൻ എടു
ത്തോളാം."

"നമ്മുടെ വലിയ കിണറ്റിൽ കൊണ്ടുപോയി എറിഞ്ഞു.
ഓ. എന്തു വേദന! സഹിക്കാൻ മേലേ!"

"എന്തിനാ ഈ പണിക്കു പോയതെടീ. അതുണ്ടാക്കിക്കൊ
ണ്ടുവന്നപ്പോ ഞാൻ ഓർത്തതാ, എന്തെങ്കിലും തകരാറു നീ ഒപ്പി
ക്കുമെന്നു്. നാലുപേരു ജീവിക്കുന്ന ജീവിതംപോരേ? സാധാര
ണ തപസ്സുകളൊക്കെ പോരേ? എന്താ ഈ "ഗ്രൂമാലു"വല്ലതും

ണ്ടോ? ഉം. പോട്ടെ. ഞാൻ ആങ്ങളയോട് പറഞ്ഞ് കൊല്ലനെ വരുത്തി പൂട്ടഴിപ്പിക്കാം."

"ഓ, വേണ്ട, വേണ്ട. അവരാരും ഇതറിയേണ്ടാ. പിന്നേ, കൊല്ലനെക്കൊണ്ട് എന്റെ അരയിൽ തൊടീപ്പിക്കയോ, വേണ്ടാ. ചത്താലും അതുവേണ്ടാ."

"പിന്നെ എന്ത ചെയ്യുമെടീ. എന്നാ ചത്തോട്ടെ എന്നു വെച്ചോളൂ."

"ഓ! എന്തുവേദന. ഞാൻ എന്റെ മാതാവിനോട് അപേക്ഷിക്കും. അമ്മ എന്നെ രക്ഷിക്കാതിരിക്കയില്ല."—

അവളുടെ ഹൃദയത്തിൽനിന്നും ഒരു അഭയശബ്ദം ഉയർന്നു. "അമ്മേ, മാതാവെ, നിന്റെ പ്രിയമകനും എന്റെ മണവാളനുമായ ഈശോയുടെ ആത്മാക്കളെ നേടികൊടുക്കാനാണല്ലോ ഞാൻ ഈ മുള്ളുചങ്ങല കെട്ടി, താക്കോൽ കിണറിലെറിഞ്ഞതു്. വേദനെ സഹിക്കുന്നതിനുള്ള ശക്തിയെങ്കിലും എനിക്കു തരണമെ" പ്രാർത്ഥനയുടെ അവസാനവാക്കുച്ചരിച്ചതോടെ "കപ്പും" എന്നൊരു സ്വരം കേട്ടു. മരിയാന താഴെ നോക്കിയപ്പോഴും, ആ ഇരുമ്പുചങ്ങല ഒരു തളപ്പുപോലെ പൂട്ടിത്തന്നെ റോസിന്റെ പാദങ്ങളിൽ കിടക്കുന്നു!

വിശുദ്ധരുടെ ജീവചരിത്രത്തിന്റെ ഏറ്റവും അനാകർഷണീയമായ ഭാഗമാണു് അവരുടെ തപശ്ചര്യകളുടെ വിവരണം. പ്രസ്തുത പുറങ്ങൾ മറിച്ചുതള്ളുവാൻ മനുഷ്യർക്കു തോന്നിപ്പോകും. മിശിഹാ തന്റെ രക്ഷണീയജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമായി തന്റെ പീഡകളേയും ക്രിശുമരണത്തേയും മൻകൂട്ടി അപ്പസ്തോലന്മാരെ അറിയിച്ചപ്പോൾ പത്രോസു പറഞ്ഞുപോയി "കർത്താവെ, ഇതു നിനക്കൊരിക്കലും സംഭവിക്കാതിരിക്കട്ടെ." എന്നു്. ആ സ്ഥിതിക്കു വിശുദ്ധരുടെ ജീവചരിത്രത്തിന്റെ ഈ ഇരുണ്ട ഉള്ളറയിലേയ്ക്കു കടക്കാതിരുന്നാൽ കൊള്ളാമെന്നു് നാം ആഗ്രഹിച്ചുപോകുന്നതിൽ വിസ്മയിപ്പാനൊന്നുമില്ല. മനുഷ്യനു് പ്രകൃത്യാ സഹനത്തോട് വിപ്രതിപത്തിയാണുള്ളതു്. "അതുപിന്നെ ഒരുക്കമുള്ളതാണു്, എന്നാൽ ശരീരം ബലഹീനമാണു്." എന്നു മിശിഹാ അരുളിച്ചെയ്തതും അതുകൊണ്ടുതന്നെയാണു്. പലപ്പോഴും സഹിക്കാനുള്ള സന്നദ്ധതകൊണ്ടുതന്നെ ദൈവം തൃപ്തിപ്പെടാറുണ്ടു്. അതിനൊരു ഉദാഹരണമാണു് റോസിന്റെ മുള്ളരഞ്ഞാണത്തിന്റെ സംഭവത്തിൽ നാം കാണുന്നതു്.

സഹനത്തിനും അതിൽത്തന്നെ വിലയൊന്നുമില്ല. സഹനത്തിന്റെ പുറകിൽനിന്നും അതിനെ സജീവമാക്കുന്ന സ്നേഹമാണും അതിനെ അമൂല്യമാക്കിച്ചെയ്യുന്നതു്. അതുകൊണ്ടല്ലേ വി. പൗലോസു പറയുന്നതു് "ഞാൻ എനിക്കുള്ളതെല്ലാം ദരിദ്രർക്കു് ഭക്ഷിക്കുവാൻ കൊടുത്താലും, ദഹിക്കുവാനായി എന്റെ ശരീരം ഏല്പിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ എനിക്കു യാതൊരു പ്രയോജനവുമില്ല" എന്നു് (1. Cor. 13. 3.). പ്രകൃതിയിൽനിന്നും സാഹചര്യങ്ങളിൽനിന്നും വന്നുചേരുന്ന ദുരിതങ്ങളുണ്ടു്; അവ നാം സഹിച്ചേ തീരൂ, സുകൃതികളായിത്തീരുവാൻ. എന്നാൽ സ്വയം സ്വീകരിക്കുന്ന സഹനങ്ങളെക്കുറിച്ചു പറയുകയാണെങ്കിൽ, ക്രൂശിതനായ മിശിഹായോടു കൂടുതൽ അനുരൂപരാകുന്നതിനും അന്യരുടെ ആത്മരക്ഷ സാധിതമാകുന്നതിനും പ്രത്യേക തപശ്ചര്യ്യകളും അനുഷ്ഠിക്കാൻ ദൈവത്താൽ ക്ഷണിക്കപ്പെടുന്ന ആത്മാക്കളും, ദൈവപ്രചോദനമനുസരിച്ചും ആത്മികനായ ഒരു വഴികാട്ടിയുടെ നിയന്ത്രണത്തിലും, അങ്ങനെയുള്ള തപഃക്രിയകളും അനുഷ്ഠിക്കുമ്പോളും, ആത്മാക്കളുടെ രക്ഷയിൽ ദൈവത്തോടു സഹകരിക്കുന്നതോടൊപ്പം തങ്ങളുടെ ദൈവസ്നേഹത്തേയും സ്വന്തനസൗഭാഗ്യത്തേയും വർദ്ധമാനമാക്കുകയാണും ചെയ്യുന്നതു്.

അങ്ങനെയുള്ള വീരാത്മാക്കളിൽ ഒരാളായിരുന്നു റോസും. അവൾക്കു് സഹനത്തോടു പ്രകൃത്യാ പ്രതിപത്തിയൊന്നുമുണ്ടായിരുന്നില്ല. സഹനമല്ലാ, സൗഭാഗ്യമാണല്ലോ എവരും എപ്പോഴും ആഗ്രഹിക്കുന്നതു്. എന്നാൽ സ്നേഹത്തെപ്രതി സഹിക്കുന്നതു് സൗഭാഗ്യമല്ലേ? ക്രൂശുമരണത്തോളം തന്നെ സ്നേഹിച്ച ഈശോയേ അവൾ അത്യധികം സ്നേഹിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിനുവേണ്ടിയും അദ്ദേഹത്തെപ്പോലെയും ഈലോകത്തിൽ ക്ലേശങ്ങൾ സഹിച്ചുകൊണ്ടു ജീവിക്കുവാൻ അവൾ ആഗ്രഹിച്ചു. ആത്മാക്കളെ നേടിക്കൊടുത്തുകൊണ്ടു് അദ്ദേഹത്തിന്റെ ഹൃദയദാഹം തീർക്കുവാൻ അവൾ കൊതിച്ചു. സുന്ദരാകാരവും സ്നേഹത്തിടമ്പുമായ ഈശോയെ എല്ലാവരേക്കൊണ്ടും സ്നേഹിപ്പിക്കുവാൻ അവൾ അഭിലഷിച്ചു. "അനേകം റെഡിൻഡ്യാക്കാരും നീഗ്രോകളും ഈശോയെ ഇതേവരെ അറിഞ്ഞിട്ടില്ലല്ലോ! എത്ര പാപികളും ഈശോയെ അനുദിനം ഉപദ്രവിച്ചുകൊണ്ടുതന്നെയിരിക്കുന്നു! എത്ര ആത്മാക്കൾ — ഈശോ മാറോടുചേർത്താലിംഗനംചെയ്യുവാൻ ആഗ്രഹിക്കുന്നവർതന്നെ — പാപക്കടം തീരാതെ ശുദ്ധീ

കരാഗ്നിയിൽത്തന്നെ കിടക്കുന്നു!" എന്നെല്ലാം അനുസ്മരിച്ചപ്പോ ൾ റോസു തന്റെ തപശ്ചര്യ്യകളെ പ്രതിദിനം വർദ്ധിപ്പിച്ചിരുന്നു.

ഡൊമിനിക്കൻമൂന്നാംസഭയിൽ ചേർന്നിരുന്ന അവർ എ പ്പോഴും അവരുടെ പരുപരുത്ത വസ്ത്രം ധരിച്ചിരുന്നു. ശിരോവ സ്ത്രത്തിന്നടിയിൽ കൂർത്തുമൂർത്ത ഇരുമ്പുമുള്ളുകളുള്ള ഒരു മുൾമുടിയും എപ്പോഴും ധരിച്ചിരുന്നു. ആ സംഗതി മറവുള്ളവർ സംശയിക്ക പോലും ചെയ്യാതിരിക്കാനായി റോസുപ്പൂക്കൾകൊണ്ടുള്ള ഒരു മു ടി അവർ പുറമെ ധരിച്ചിരുന്നു. അതുകൊണ്ടാണു് ഒരു റോസ പ്പൂമുടിയണിഞ്ഞവളായി അവളെ സാധാരണയായി ചിത്രീക രിക്കാറുള്ളതു്. അവർ ധരിച്ചിരുന്ന ഉൾവസ്ത്രങ്ങൾ രോമംകൊ ണ്ടുള്ളവയായിരുന്നു. ഒരിക്കലും മാംസം ഭക്ഷിച്ചിരുന്നില്ല. മിക്ക ദിവസങ്ങളും ഉപവാസമായിക്കഴിച്ചിരുന്നു. കുറെനാളത്തേയ്ക്കു വെള്ളവും അപ്പവും മാത്രമേ കഴിച്ചിരുന്നുള്ളൂ. പള്ളിയിൽനിന്നു വന്നാൽ ബാക്കിസമയത്തിൽ ഒട്ടുമുക്കാലും പ്രാർത്ഥനയ്ക്കായി ചി ലവഴിച്ചിരുന്നു. വളരെ കുറച്ചുനേരം മാത്രമേ ഉറങ്ങിയിരുന്നുള്ളൂ. ഏതാനുംസമയം തോട്ടത്തിൽ വേലചെയ്യുന്നതിനും തയ്യൽപ്പണി ചെയ്യുന്നതിനും വിനിയോഗിച്ചിരുന്നു.

അവശരും അഗതികളുമായ രോഗികളെ വീട്ടിൽ സ്വീകരി ച്ചു അവരെ പരിചരിക്കുകയായിരുന്നു അവർക്കേറ്റം ഇഷ്ടമുള്ള ജോലി. ഇങ്ങ്ലീശോയുടെ കൊത്തുരൂപംവഴി അവർ പ്രവർത്തിച്ചി രുന്ന അത്ഭുതരോഗശാന്തികരംമൂലം റോസിനെക്കുറിച്ചുള്ള കീ ർത്തി ലീമയിലെങ്ങും പരന്നു. സുഖപ്രാപ്തിക്കും പ്രാർത്ഥനാസഹാ യത്തിനും ആലോചനയ്ക്കുമായി ആളുകൾ ഗാസ്പറിന്റെ വീട്ടി ന്റെ മുറ്റത്തു തടിച്ചുകൂടിയിരുന്നു. വീട്ടിലുള്ളവർക്കു അതൊരു ശ ല്യവും വിനീതയായ അവർക്കു് അതു് അസഹ്യവുമായിത്തീർന്നു. എങ്ങനെയെങ്കിലും അതിൽനിന്നു രക്ഷപെടണമെന്നു് അവർ തീർച്ചയാക്കി. ഒരു ദിവസം തോട്ടത്തിൽ വേലചെയ്തുകൊണ്ടിരു ന്നപ്പോൾ ഫെർഡിനാൻറ അടുത്തുകൂടി കടന്നുപോകയായിരുന്നു.

"ആങ്ങളേ, ഒന്നിങ്ങോട്ടു വന്നേച്ചു പോകാമോ." റോസു ചോദിച്ചു.

"എന്തിനാ, കയ്യിൽ കെട്ടാൻ വല്ല മുള്ളുചങ്ങല പണിയിച്ചു തരണമോ?" ആങ്ങള അടുത്തു ചെന്നു.

"അതിനൊന്നുമല്ലാ. ഒരു കാര്യം പറയാനാ."

"നിനക്കു എപ്പോഴുമുണ്ടു ഒരു കാര്യം. എന്നാൽ അതങ്ങു

വേഗം പറഞ്ഞുകൂടെ? പെങ്ങളും ആങ്ങളയുംതമ്മിൽ സംസാരിക്കുമ്പോഠം അതു മമ്മം നോക്കാനുണ്ടോ?"

"ഓ. എന്നാ വേഗം പറയാം. എനിക്കൊരു മുറി പണിതു കിട്ടണം. വീട്ടിൽ നിന്നു കുറെ മാറി. അതിനു് ആങ്ങളെഎന്നെ സഹായിക്കുമോ? അപ്പനും അമ്മയുമൊക്ക അതിനു സമ്മതിച്ചിട്ടുണ്ടു്."

"എന്തിനാ ഇപ്പോ മുറി പണിയുന്നേ? രോഗികഠംക്കാവശ്യമാണെങ്കിൽ വീട്ടിലെ ഒരു മുറികൂടി എടുത്തോളൂ. അതു പോരേ?"

"പോരാ ആങ്ങളേ, രോഗികഠംക്കല്ലാ. എനിക്കു താമസിക്കാനാ."

"വീട്ടിലെ മുറികളിലൊന്നിൽ താമസിച്ചാൽ പോരേ?"

"അതു പോരാ. വീട്ടിൽ എന്നെക്കാണാൻ കൂടെക്കൂടെ ആളുകഠം വരുന്നതുകൊണ്ടു എനിക്കു കുറച്ചുനേരം പ്രാത്ഥിക്കുന്നതിനുപോലും സാധിക്കുന്നില്ല. അതുകൊണ്ടു നമ്മുടെ പറമ്പിന്റെ അങ്ങേഅറത്തുള്ള കശുളിവാഴത്തോട്ടത്തിന്റെ നടുവിൽ ഒരു ചെറിയ മുറി പണിതു് അതിൽ പകൽ താമസമാക്കണം."

"അപ്പോഠം റോസെ, നീ തുണിമേൽശെമഓൻ പുണ്യവാനേയുംമറഠം അനുകരിക്കാൻ പോകയാണല്ലേ? ഒന്നു കഴിയുമ്പോഠം വേറൊന്നു്."

"ഏയ്, അങ്ങനെയുള്ള വലിയ പുണ്യവാന്മാരെപ്പോലെയാകാൻ എന്നെപ്പോലെയുള്ളവക്കു ഒക്കുമോ? തനിച്ചിരുന്നു ദൈവത്തെക്കുറിച്ചു ഓക്കുകയും പ്രാത്ഥിക്കയും ചെയ്യാമെന്നു മാത്രം കരുതിയാ."

"അയ്യോ അബദ്ധം! തനിച്ചിരുന്നു പകലുമുഴുവനും ചിന്തിക്കാനോ! അതു തലപോകുന്ന പണിയാ. തലയിൽ തളവും കാലിൽ ചങ്ങലയും വേഗം വേണ്ടിവരും."

"ഏയ്, അങ്ങനെ എപ്പോഴുമിരുന്നു ചിന്തിക്കാനല്ലാ. ആരും അറിയാതെ ജീവിക്കാനും സമാധാനത്തിൽ കുറെ നേരം പ്രാത്ഥിക്കാനും മാത്രമാണു്. ഇവിടെ വീട്ടിൽ ആളുകളുടെ ശല്യമല്ലേ എപ്പോഴും!"

"ആ. അതു കൊള്ളാം. വീടിന്റെ മുറത്തുനിന്നു പുരുഷാരം പോയിക്കിട്ടേണ്ടതു് ആവശ്യംതന്നെ. എന്നാ, അങ്ങനെ ആയിക്കോ. പണി എന്നു തുടങ്ങണം?"

"ഇന്നു തന്നെ. ആങ്ങളയും കൂടണം. രണ്ടുപേരും കൂടിപ

ണി വേഗം തീക്കണം. ചാരപ്പുരയ്ക്കു ചെത്തിച്ച കല്ലു കുറെ ബാക്കിയിരിപ്പുണ്ടല്ലൊ."

"അതു മതിയാകുമോ. കുറച്ചല്ലേയുള്ളു!"

"ഓ. അതുമതി. തീരെ കൊച്ചുമുറി പണിതാൽപോരേ?"

"ഉം. പിന്നെ, വാതിലും മറവും വേണ്ടേ?"

"ഓ. അങ്ങനെ വലിയ വാതിലും മറവുംവേണ്ടാ?"

"പിന്നെയെങ്ങനെയാ ആളുകൾ കേറിയിറങ്ങുന്നതു്."

"അതൊക്കെപ്പുറത്തുതരാം. ഇതാണു് മുറിയുടെ പ്ലാൻ. ആങ്ങള ശ്രദ്ധിച്ചുകേട്ടോളൂ."

"ഉം."

"അഞ്ചടി നീളം. നാലടി വീതി."

"ഓ. നിനക്കുതന്നെ എത്രാണ്ടു അഞ്ചരയടിയിൽ കൂടുതൽ പൊക്കമില്ലേ. പിന്നെ എങ്ങനെയാ അതിൽ നീണ്ടുനിവന്നു കിടന്നു ഒന്നാശ്വസിക്കുന്നതു്?"

"നിവന്നുകിടക്കുകയൊന്നും വേണ്ടാ. വേണമെങ്കിൽ ചാരി ഇരുന്നോമറേറാ അല്പം ആശ്വസിച്ചാൽ മതി."

"ഓ. പിന്നെ, മുറിയുടെ ഉയരമോ?"

"ഉയരം, ഒരാറടി."

"ഉം. മതി. എഴുന്നേറ്റു നിന്നാൽ തലമുട്ടുകയില്ല. പിന്നെ, വാതിലും ജനലും എത്രവേണം?"

"ചുമരിന്റെ ഒരു വശത്തു് വളരെ മുകളിൽ ഒരു ചെറിയ ജനാല വേണം. പ്രാർത്ഥനപ്പുസ്തകം നോക്കിവായിക്കാൻമാത്രം വെളിച്ചം കിട്ടണം."

"പിന്നെ വാതിലോ? എത്രവേണം? നാലു വശത്തും വേണ്ടേ?"

"ആ, ഒരു വാതിലുംവേണ്ടാ. പക്ഷേ രണ്ടടി നീളവും, തറയിൽനിന്നു ഒരു ഒന്നരയടി പൊക്കവും മതി."

"റോസേ, നീ എന്തു തമാശാണിപ്പറയുന്നതു്? ആ വാതിലിൽക്കൂടെ മനുഷ്യരെങ്ങനെ കടക്കും? വല്ല പട്ടികാംകുറുക്കുകടക്കാൻ മാത്രമാണോ?"

"അതെ, അതേ. മനുഷ്യർ അധികമൊന്നും കടന്നുവരാതിരിക്കാൻ തന്നെയാണു്, പ്രത്യേകം പടാത്തയ്യുവരുന്ന തടിച്ചികളും. ഞാൻ എങ്ങനെയെങ്കിലും കേറിയിറങ്ങിക്കൊള്ളാം."

"അതിലെങ്ങനെ പകലുമുഴുവൻ കഴിച്ചുകൂട്ടും, കാറും വെളിച്ചവുമൊന്നുമില്ലാതെ?"

"അതു ഞാൻ കഴിച്ചുകൊള്ളാം. എല്ലാ ദിവസവും ഉച്ചയാകുമ്പോഴും അല്പം അപ്പവും വെള്ളവും കൊണ്ടുവന്നു തന്നാൽമതി."

"നിന്റെ ഓരോ കൊമ്പാസ്സ്, നാലുപേരു നടക്കുന്നപോലെയൊക്കെ നടന്നാൽ പോരേ?"

"ആങ്ങളേ, ഇങ്ങനെ ചെയ്യുവാൻ ഈശോ എന്നോടു ആവശ്യപ്പെടുന്നുണ്ടെന്നാ എനിക്കു തോന്നുന്നതു്. എന്റെ ആത്മനിയന്താവായ ഫാദർ അലോൺസോയുടെ അനുവാദവുമുണ്ടു്."

"ഓ! പിന്നെ പറഞ്ഞാൽ ഫലമുണ്ടോ! എന്നാൽ അങ്ങനെയാട്ടെ. ഇന്നുതന്നെ പണി തുടങ്ങാം."

റോസിന്റെ പ്ലാനനുസരിച്ചുതന്നെ അറയുടെ പണിനടന്നു. വൻപണിയെല്ലാം ഫെർഡിനാൻഡും കുമ്മായംചേർക്കുതുടങ്ങിയ ചെറുപണികളും റോസുംചെയ്തു. അങ്ങനെ ഒരാഴ്ചകൊണ്ടു പണിപൂർത്തിയാക്കി, റോസു പുതിയപുരയിൽ താമസവുംതുടങ്ങി. പക്ഷേ പകൽ മാത്രമേ പ്രാർത്ഥനയിലും തയ്യൽപണിയിലും അവൾ അവിടെ കഴിച്ചിരുന്നുള്ളൂ. രാത്രി സ്വന്ത വീട്ടിൽ വന്നുകിടന്നിരുന്നു.

അദ്ധ്യായം 8.

ഒരു ഓശാനഞായറാഴ്ച. റോസിനു 24 വയസ്സു തികയുന്നതേയുള്ളൂ. അന്നും അവൾ ദേവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ പോയതു വി. ഡൊമിനീക്കോസിന്റെ പള്ളിയിൽത്തന്നെയാണു്. കുരുത്തോല വെഞ്ചരിച്ചുകഴിഞ്ഞു വൈദികൻ അവിടെ സന്നിഹിതരായിരുന്ന വിശ്വാസികൾക്കെല്ലാം ഓല വിതരണം ചെയ്യുവാൻ താഴോട്ടു ഇറങ്ങിവന്നു. ദേവാലയത്തിലെ ഗായകസംഘം "തൗലായെ, എവുറായെ....

യഹൂദപൈതങ്ങൾ ഈന്തപ്പനകൊമ്പുകൾ കയ്യിൽ പിടിച്ചും, ഓശാന എന്നാർത്തുവിളിച്ചും മിശിഹായെ എതിരേറ്റു."

എന്ന ഗാനം ആലപിക്കാൻതുടങ്ങി. നടുവിൽ നിരയായി മുട്ടുകുത്തിയിരുന്ന വിശ്വാസികളും വൈദികന്റെ കരംചുംബിച്ചു ഓല വാങ്ങി, മടങ്ങി സ്വസ്ഥലത്തുപോയി മുട്ടുകുത്തിയിരുന്നു. അതിനിടയിൽ രണ്ടുംമൂന്നും പ്രാവശ്യം മാറിമാറി ഓല വാങ്ങിച്ചിരുന്ന ചില വികൃതിക്കുട്ടികളെ കണ്ടുപിടിച്ചു്, കയ്യിലിരിക്കുന്നതുകൂടെ തിരിയെവാങ്ങിച്ചു് തലയ്ക്കു കിഴുക്കുകൊടുത്തു വിടുവാൻ വലിയ കപ്യാരു ഒട്ടും അമാന്തം കാണിച്ചിരുന്നില്ല.

എല്ലാവർക്കും കുരുത്തോല കിട്ടി. എന്നാൽ റോസിനമാത്രം ഓല ലഭിക്കാതെപോയി. ഓല വാങ്ങിക്കാൻ അവളും ചെന്നു മുട്ടുകുത്തിയതായിരുന്നു. അവൾ വേറെ രണ്ടുപേരുടെ ഉരത്തിനിടയിൽക്കൂടി കൈനീട്ടി. പക്ഷേ വൈദികൻ അവളെ കാണാതെ മുമ്പോട്ടു നീങ്ങിപ്പോയി. അവസാനം വേഗം മദ്ബഹായുടെ അഴിയൂരികിൽചെന്നു മുട്ടുകുത്തിയെങ്കിൽ എങ്ങനേയെങ്കിലും ഓല വാങ്ങിക്കാമായിരുന്നു. പക്ഷേ ഒരു യുവതി, ആണുങ്ങളുടെ ഇടയിൽക്കൂടി, തനിയേ, അതും വേഗം, മുന്നോട്ടു ചെല്ലുക നടക്കുന്ന കാര്യമാണോ? വികാരിയച്ചൻ ഓല കൊടുക്കാതിരുന്നതു മനപ്പൂർവ്വമല്ലെങ്കിലും റോസിനു വലിയ ക്ഷുഭിതംതോന്നി. കുരുത്തോല കിട്ടിയില്ല എന്നതിനേക്കാൾ, അവൾ ഒരാഴ്ചമാത്രം ഓലപിടിക്കാതെ, തുടർന്നു നടത്താൻ പോകുന്ന പ്രദക്ഷിണത്തിൽ പങ്കെടുക്കാനുള്ള സങ്കോചമാണു് അവളെ വിഷമിപ്പിച്ചതു്.

അതു് ഓശാനഞായറാഴ്ചത്തെ പ്രദക്ഷിണമാണു്. പള്ളിയിലുള്ള എല്ലാവരും അതിൽ പങ്കുകൊള്ളണം. പുറത്തിറങ്ങാൻ വൈമനസ്യംകാണിക്കുന്ന കിഴവികളെപ്പോലും വല്ലവിധവും തള്ളിപ്പുറത്താക്കാതെ ഓശാന മുട്ടുമോ? എന്നാൽ അമേരിക്കയിലാണെങ്കിൽ, പ്രദക്ഷിണത്തിൽ ചേരാൻ പുറത്തിറങ്ങി നില്ക്കാമെന്നു വെച്ചാൽ മതിയോ? നമ്മുടെ നാട്ടിൽ പ്രദക്ഷിണം നീങ്ങുന്നതു് കടലിലെ തിരമാലകൾ പോലെയാണു്. കുരിശും കുടയും, തോച്ചക്കോലും രൂപക്കൂട്ടും, അച്ചനും കപ്യാരും മാത്രം നിരനിരനീങ്ങി മടങ്ങിയാൽ മതി. ആളുകൾ പുറകിലും മുമ്പിലും, ഇടത്തും വലത്തുംനിന്നു്, എല്ലാം നോക്കിക്കൊണ്ടുനടക്കും. ബാൻഡുമേളം, പാണ്ടിവാദ്യവും ചെണ്ടിവാദ്യവും, റബേക്കയും ഓടക്കുഴലും എല്ലാം ഒരുമിച്ചു് ആർത്തടിക്കുന്നതും, പ്രമാണികളുടെ പുരമുറ്റത്തു അവ "നിറുത്തി കൊട്ടി"ക്കുന്നതും എല്ലാം കണ്ടുനില്ക്കുണം. പ്രദക്ഷിണമായി. പക്ഷേ അമേരിക്കയിൽ അങ്ങനെ

യെങ്കാനും മതിയോ. എല്ലാവരും വരിവരിയായി നടക്കണം. അപ്പോഴാ ഒരാളുടെ കയ്യിൽമാത്രം കുരുത്തോലയില്ലെങ്കിൽ എല്ലാവരും അതറിയും. ഓലയില്ലാതെ നടക്കുന്നതു് ആ ദിവസം ഒരു പ്രത്യേകതയായതുകൊണ്ടു് എല്ലാവരുടേയും ശ്രദ്ധ അവളുടെമേൽ പതിഞ്ഞെന്നുവരാം; എല്ലാവരും അവളെ നോക്കിയെന്നും വരാം. വിനയമുള്ള ഒരു യുവതിയ്ക്കു് മറ്റുള്ളവരെല്ലാം അവളെ നോക്കുന്നു എന്നോക്കുവാൻ സാധിക്കുമോ?

റോസു് ആകെ പരുങ്ങലിലായി. അന്നത്തെ പ്രദക്ഷിണം വേണ്ടെന്നുവെച്ചു് അതു തുടങ്ങുന്നതിനുമുമ്പുതന്നെ വേഗം വീട്ടിലേയ്ക്കു മടങ്ങാം. പക്ഷേ ഞായറാഴ്ചയല്ലേ, അതും ഓശാനഞായറാഴ്ച. മുഴുവൻ കുമ്പാനകാണേണ്ടേ? പ്രദക്ഷിണം കഴിഞ്ഞല്ലേ കുമ്പാന, ഒശാന ദിവസം? പ്രദക്ഷിണത്തിനു് ആളുകൂടം പുറത്തിറങ്ങി നിരയായി നിന്നുതുടങ്ങി. ഗായകസംഘം —

"കർ ക്രൈവു് മാറൻ.....

നാഥൻ വിശുദ്ധനഗരത്തെ സമീപിച്ചപ്പോൾ,
ശിഷ്യരിൽ രണ്ടുപേരെ മുന്നോട്ടയച്ചു."

എന്ന ഗീതം ആരംഭിച്ചുകഴിഞ്ഞു. എങ്ങനെയായാലും ഈശോയ്ക്കുവേണ്ടി സഹിക്കുവാൻ ഒരവസരമാണല്ലോ എന്നു വിചാരിച്ചു് റോസും ഓലയില്ലാതെതന്നെ പ്രദക്ഷിണത്തിൽ കൂടുവാൻ നിരയിൽ ചെന്നുനിന്നു. പ്രദക്ഷിണം പള്ളിയുടെ പള്ളവാതിൽവഴി കടന്നു് മുറ്റംചുറ്റി ആനവാതുക്കൽ വന്നുനിന്നു. പാട്ടുകാരിൽ രണ്ടു മൂന്നുപേർ വേഗം അകത്തേയ്ക്കു കയറി. വാതിൽ കൊട്ടിയടച്ചുകഴിഞ്ഞു. ബാക്കിയുള്ളവരെല്ലാം പുറത്തു നിലയുറപ്പിച്ചു.

"ഹാറീം തറഏ റേശൈശക്കോൻ,
എയ്നീം തറഏ ദ്മിൻ ആലം
ദ്നേഓൽ മൽക്കാ ദീക്കാറേ!"
വാതാനയങ്ങളേ തുറക്കുവിൻ,
നിത്യവാതായനങ്ങളേ തുറക്കപ്പെടട്ടെ,
പ്രതാപവാനായരാജൻ പ്രവേശിക്കുവാൻ!"

എന്നു ഉയർന്നസ്വരത്തിൽ ആലപിച്ചു് വൈദികൻ വെള്ളിക്കുരിശിന്റെ അടിഭാഗംകൊണ്ടു വാതിലിന്മേൽ ശക്തിയായി ഒന്നുമുട്ടിയ സ്വരം അന്തരീക്ഷത്തിൽ മുഴങ്ങി.

"മന്നേ ഹാനാ മൽക്കാ ദീക്കാറേ?
പ്രതാപപൂർണ്ണനായ ഈ രാജൻ ആരാണു്? എന്നു് അകത്തു

നിന്നു പാട്ടുകാർ ഗാനാരംഭത്തിൽ ആരാഞ്ഞു. വൈദികൻ സ്വരം ഓരോ തവണയും കൂടുതൽ ഉയർത്തി അതേവാചകംപാടി കൂടിക്കൊണ്ടു് ആനവാതിലിന്മേൽ രണ്ടുതവണകൂടി ആഞ്ഞിടിച്ചു. വാതിൽ പെട്ടെന്നു തുറന്നു്, ആളുകളെ അകത്തേയ്ക്കു വിട്ടു.

"കർത്താവു് അൽമാറൻ ലമ്മിതാ കന്തീശ്ശത്താ....

സന്തുഷ്ടനും ശാന്തനും വിനീതനുമായി

നാഥൻ ശുദ്ധനഗരത്തിൽ പ്രവേശിച്ചുപ്പോം". എന്നു ഗാനം ദേവാലയത്തിൽ മാറ്റൊലിക്കൊണ്ടു. ദിവ്യബലിയിൽ സംബന്ധിക്കുവാൻ ഓരോരുത്തരും ദേവാലയത്തിനകത്തു സ്ഥലം പിടിച്ചുകഴിഞ്ഞു. റോസു പതിവനുസരിച്ചു കൊന്തമാതാവിന്റെ പീഠത്തിന്റെ മുമ്പിൽവന്നു മുട്ടുകുത്തി. അനന്തരം പീഠത്തിലുള്ള കൊന്തമാതാവിന്റെ സ്വരൂപത്തെ കണ്ണുയർത്തി നോക്കി. അവളുടെ ഹൃദയത്തിൽനിന്നു ഒരു ചെറിയ പ്രാർത്ഥന ഉയർന്നു. "പ്രിയമാതാവേ, നിന്റെ ഓമനസുതനും എന്റെ വത്സലവല്ലഭനുമായ ഈശോയ്ക്കുവേണ്ടി ഈ ചെറിയ ത്യാഗം അനുഷ്ഠിക്കുവാൻ എന്നെ സഹായിച്ചതിനു് നിനക്കു് ഞാൻ നന്ദിപറയുന്നു. എന്റെ അമ്മേ, ഈലോകത്തിലെ കുരുത്തോല എനിക്കു വേണമെന്നില്ല. ജീവിതായോധനം കഴിഞ്ഞുവരുന്നവർക്കു നൽകപ്പെടുന്ന വിജയമഹിമമാകുന്ന സ്വർഗ്ഗീയകുരുത്തോല എനിക്കു നീ ലഭിച്ചുതന്നാൽമതി." അപേക്ഷ അവസാനിച്ചതോടുകൂടി പരി. കന്യക പുഞ്ചിരിപൊഴിച്ചുകൊണ്ടു് തന്റെ കയ്യിലിരുന്ന ദിവ്യശിശുവിനെ നോക്കുന്നതായും, തത്സമയം ദിവ്യശിശുവിന്റെ മുഖം ഒരു ദിവ്യപ്രഭാപൂരത്തിൽ ആറാടുന്നതായും, അധരങ്ങൾ അനങ്ങുന്നതായും റോസിനു തോന്നി. "Rose of my heart, be thou my spouse,- എന്റെ ഹൃദയത്തിന്റെ റോസു്, നീ എന്റെ മണവാട്ടിയായിരിക്ക." എന്ന ആ കോമളബാലൻ പുഞ്ചിരികൊണ്ടു് പറയുന്നതും അവൾ വ്യക്തമായി ശ്രവിച്ചു. അവളുടെ ആത്മാവു് ആനന്ദക്കടലിൽ മുങ്ങിത്തുടിച്ചു. പ്രതിക്ഷിണത്തിൽ സംബന്ധിക്കാനുള്ള വിഷമം ഈശോയ്ക്കുവേണ്ടി സഹിച്ചതിനുള്ള സമ്മാനമായിരുന്നു അതു്. സ്നേഹത്തിൽ തന്നെ പിന്നിലാക്കുവാൻ അവിടുന്നു ഒരുമ്പെടുകയില്ലല്ലോ! അന്നത്തെ ദിവ്യബലിയും മറ്റും കഴിഞ്ഞു റോസു മടങ്ങി, ദിനകൃത്യങ്ങളിൽ വ്യാപൃതയായി.

സൂര്യൻ പടിഞ്ഞാറെ കടലിൽ മുങ്ങിമാഞ്ഞു.

ദൂരെ പർവ്വതത്തിന്റെ ഉച്ചിയിൽ നിന്നിരുന്ന ചന്ദ്രൻ മുറ്റത്തു പാൽപോലുള്ള നിലാവു് തൂവികൊണ്ടിരുന്നു. ആ കളർനിലാവത്തു് നാരകച്ചുവട്ടിലിരുന്നു ആശ്വസിച്ചിരുന്ന ഫെർഡിനാൻറിനെ റോസു് സമീപിച്ചു, ഒരഭ്യർത്ഥനയുമായി

"ആങ്ങളേ, എനിക്കിന്നൊരു കായ്യം പറയാനുണ്ടു്."

"ഓ! കായ്യംതന്നെയല്ലേ? പറഞ്ഞോളൂ, വേഗം പറഞ്ഞോളൂ."

"അതേ, എനിക്കൊരു സഹായം ചെയ്യുതരാമോ?"

"പിന്നേയും മുഖവുരതന്നെ. മുഖവുരയൊന്നുംകൂടാതെ പറയാൻ ഇത്രനാളായിട്ടും റോസിനു് അറിഞ്ഞുകൂടേ? എന്റെ അടുത്തും നേരെ അങ്ങു പറയാൻ വിഷമമാണോ?"

"അതേ; ആങ്ങളയോടു നേരെചൊവ്വെ പറയാൻ വിശ്വാസമില്ലാഞ്ഞിട്ടല്ല. ആങ്ങളയെ ബുദ്ധിമുട്ടിപ്പിക്കേണ്ടെന്നു കരുതിയാ."

"ഉം. എന്നാ കേൾക്കട്ടേ. എന്താണു് വേണ്ടതു്?"

"ആങ്ങളയുടെ കയ്യിൽ സ്വർണ്ണം ഇരിപ്പുണ്ടോ? കുറച്ചുമതി."

"ഉം. എന്തിനാ? അരച്ചുകലക്കി കുടിയ്ക്കാനായിരിക്കും. വയറു കാഞ്ഞുകാഞ്ഞു് വ്യാധി പിടിപ്പെട്ടിരിക്കാം. അല്ലേ?"

"വയറിൽ തകരാറൊന്നുമില്ല; എനിക്കൊരു ഭംഗിയുള്ള സ്വർണ്ണമോതിരം പണിയിച്ചുതരണം. കല്യാണമോതിരംപോലെ ചന്തമുള്ളതായിരിക്കണം."

"ആ, നല്ല കായ്യം! ഈ 24–ാംവയസ്സിലെങ്കിലും ഈ നല്ലബുദ്ധി തോന്നിയല്ലോ. ഓ! സാരമില്ല. 24 അല്ലേ ആയൊള്ളൂ. 50കഴിഞ്ഞിട്ടും കല്യാണം കഴിക്കുന്നവരുണ്ടല്ലോ."

"ഏയ്, അങ്ങനെയുള്ള നല്ലബുദ്ധിയൊന്നുമല്ല ഇതു്. എനിക്കു എന്റെ ഈശോ അല്ലാതെ വേറെ ആരും വേണ്ടാ. ഈശോയാണു എന്റെ ഏക നിത്യമണവാളൻ എന്നു ഞാൻ എപ്പോഴും ഓർക്കുവാൻവേണ്ടിയാണു് ഈ മോതിരം വിരലിൽഇടാൻ പോകുന്നതു്."

"ഓ, അങ്ങനെയാണോ? അതുകൊള്ളാം. പക്ഷേ ഈശോയുടെ ദാരിദ്ര്യത്തിനു് ചേരുന്നതാണോ സ്വർണ്ണമോതിരം?"

"അതു സാരമില്ല. സ്വർണ്ണഖനികം ധാരാളമുള്ള ഈ പെരുരാജ്യത്തിൽ സ്വർണ്ണത്തിനു് ഇരുമ്പിന്റെ വിലയല്ലേയുള്ളൂ. പിന്നെ, മൂന്നു രാജാക്കന്മാർ സമർപ്പിച്ച സ്വർണ്ണം ഈശോ തിരസ്കരി

ച്ചില്ലല്ലോ? ഏറ്റവും വിലയേറിയ സുഗന്ധതൈലം തന്റെ തിരു
ത്തലയിൽ ഒഴിച്ച മറിയംമശലനായെ അവിടുന്നു തടയാതെ പ്ര
ശംസിക്കയല്ലേ ചെയ്തതു്. ? ഭൗതികങ്ങളംക്കു് സ്വർണ്ണം ഉപയോ
ഗിക്കാമെങ്കിൽ ആദ്ധ്യാത്മികകാര്യങ്ങളംക്കു അതു ഉപയോഗിച്ചു
കൂടെയൊ?"

"അതുശരി. എന്നാ തനി സ്വർണ്ണംതന്നെയാകട്ടെ. പി
ന്നെ, അതിന്മേൽ വല്ല അക്ഷരങ്ങളും കൊത്തണമോ?"

"വേണം, വേണം. എന്താണു് എഴുതേണ്ടതു്?"

"പെങ്ങളംക്കിഷ്ടമുള്ളതു് എഴുതിക്കാം. പെങ്ങളല്ലേ മോ
തിരം ഇടുന്നതു്?"

"എന്തു വേണമെന്നാ ആങ്ങളയ്ക്കു തോന്നുന്നതു്?"

ഫെർഡിനാൻറ കുറച്ചു ആലോചിച്ചശേഷം പറഞ്ഞു:—

"Rose of my heart, be thou my spouse,
എന്റെ ഹൃദയത്തിന്റെ റോസ്, നീ എന്റെ മണവാട്ടി
യായിരിക്ക." അതു മതിയോ പെങ്ങളേ?"

റോസൊന്നു ഞെട്ടി. തനിക്കു ദേവാലയത്തിൽവെച്ചുണ്ടാ
യ കാഴ്ചയെക്കുറിച്ചോ ദിവ്യശിശുവിന്റെ സംഭാഷണത്തെക്കുറി
ച്ചോ ഒന്നും ആരോടും അവൾ പറഞ്ഞിട്ടുണ്ടായിരുന്നില്ല. ഏ
തോ ദൈവനിവേശത്താൽ ആങ്ങള പ്രസ്തുത വാചകംതന്നെ നി
ർദ്ദേശിച്ചതാണെന്നു അവൾക്കു ബോദ്ധ്യമായി. തന്റെ പ്രവൃത്തി
ദൈവത്തിനു് പ്രീതിജനകമാണെന്നുള്ളതിനു ഒരുത്തമ തെളിവായി
അവൾ അതിനെ എടുത്തു.

"എന്നാൽ അതുതന്നെയിരിക്കട്ടെ. നല്ല വാചകം! പി
ന്നെ, എന്നു പണിതീരും കിട്ടും?"

"എന്നുവേണം? പെങ്ങൾതന്നെ ദിവസം നിശ്ചയിച്ചോളൂ"

"ആ! പെസഹാവ്യാഴാഴ്ച കിട്ടണം. അന്നല്ലേ ഈശോ
സ്നേഹത്തിന്റെ കുദാശയായ വി. കുർബാന സ്ഥാപിച്ചതു്? അ
ദ്ദേഹവുമായുള്ള എന്റെ വിവിഹബന്ധം ഉറപ്പിക്കാൻ പാറിയ
ദിവസമല്ലേ അതു്?"

"സംശയമുണ്ടോ? നല്ലദിവസംതന്നെ. പണി അന്നു തീ
ർത്തേയ്ക്കാം."

മോതിരത്തിന്റെ പണി പറഞ്ഞ ദിവസംതന്നെ തീർന്നു.
അന്നുതുടങ്ങി റോസു് ആ മോതിരം വിരലിൽ ധരിക്കയും അതി

ലെ അക്ഷരങ്ങളം ഇടയ്ക്കിടെ വായിച്ച് ഈശോയോടുള്ള തന്റെ സ്നേഹത്തെ തട്ടിയുണർത്താൻ ശ്രമിക്കയും ചെയ്തിരുന്നു. ദൈവത്തെ സ്നേഹിക്കുന്ന ആത്മാക്കളം തങ്ങളുടെ സ്നേഹത്തെ പരിപോഷിപ്പിക്കുന്നതിനുള്ള കൗശലങ്ങളം താനേ കണ്ടുപിടിച്ചുകൊള്ളും. ലോകത്തിനു് അതിൽ അമർഷം തോന്നിയേയ്ക്കാം. പക്ഷേ ലോകത്തിന്റെ വിധിയും ഗതിയും അവർ അത്ര കാര്യമായി കരുതുകയില്ല. എന്താ നെറിച്ചുകളിക്കുന്നതു്? മരണത്തോടൊന്നിച്ചു മറഞ്ഞുമായുന്ന മമതകളം വെച്ചുപുലർത്താൻ ലൗകികർ പ്രയോഗിക്കുന്ന ഉപാധികളംപോലും ദൈവപ്രേമികളംക്കു് അനുവദനീയമല്ലെന്നോ?

അദ്ധ്യായം 9

റോസു് 29–ാം വയസ്സിലേയ്ക്കു കടന്നു. പുരയിടത്തിന്റെ പുറകിലുള്ള ചെറിയ അറയിൽ തനിച്ചിരുന്നു പ്രാർത്ഥിക്കുകയൊ, തയ്യൽപ്പണി ചെയ്യുകയൊ ആയിരുന്ന അവളുടെ പ്രധാനജോലി. ചിലപ്പോളം മുറിയിൽനിന്നു പുറത്തിറങ്ങി തോട്ടത്തിൽ വേല ചെയ്തിരുന്നു. ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുംമാത്രമേ അവളം സ്വഭവനത്തിനു പുറത്തു പോയിരുന്നുള്ളു. ഒരു ദിവസം സന്ധ്യായാകാറായപ്പോളം അകലെനിന്നും ഒരു ശബ്ദകോലാഹലം കേൾക്കാറായി. അതെന്തായിരിക്കാം എന്നു് ആലോചിച്ചിരിക്കുമ്പോഴാണു് ഫെർഡിനാൻഡു ഓടിവന്നതു്.

"റോസേ, വേഗം പുറത്തുവരണം. ഒരു അത്യാഹിതം നേരിട്ടിരിക്കുന്നു" ഫെർഡിനാൻഡു ഒറ്റശ്വാസത്തിൽ പറഞ്ഞുകഴിഞ്ഞു.

"എന്തുപറ്റി? നമ്മുടെ പുരയ്ക്കു തീ പിടിച്ചോ? എന്താണീ ബഹളം"

"പുരയ്ക്കുന്നും തീ പിടിച്ചിട്ടില്ല. നമ്മുടെ ലീമാപ്പട്ടണത്തിനും പെരുരാജ്യത്തിനു് ആകെയുമാണു് അത്യാഹിതം നേരിട്ടിരിക്കുന്നതു്."

"അയ്യോ! നമ്മുടെ പട്ടണത്തിനോ? നാടിനോ? എന്തു പറ്റി?"

"നമ്മുടെ പട്ടണത്തിന്റെ തുറമുഖമായ കല്ലാവോ ഇല്ലേ, അതിനടുത്തു ലന്തക്കാരായ കടൽക്കള്ളന്മാരുടെ നാവികസൈന്യം വന്നു നംകുരമുറപ്പിച്ചിരിക്കുന്നു. വലിയതോക്കു ഘടിപ്പിച്ചിട്ടുള്ള അനേകം കപ്പലുകൾ വന്നു നിരന്നുകഴിഞ്ഞു. എന്നാൽ കല്ലാവോയിൽ അവരെ തടഞ്ഞുനിറുത്താൻ വേണ്ടത്ര തോക്കുകളോ കാവൽസൈന്യമോ ഇല്ലാ."

"ഓ! പാവപ്പെട്ട കല്ലാവോ!" റോസു നെടുവീർപ്പിട്ടു.

"അവർ ആക്രമിച്ചാൽ കല്ലാവോ വീണതുതന്നെ. അതിനു പുറകെ ലീമായും. പിന്നെ പെരുമുഴുവനും അവർ ചുട്ടു വെണ്ണീറാക്കും."

"കഷ്ടം! നമ്മുടെ നാടു മുടിയാനാണോ പോകുന്നതു?"

"അതുമാത്രമോ? അവർ കാൽവിൻപാഷണ്ഡമതാവലംബികളല്ലേ? കത്തോലിക്കരായ നമ്മുടെ കണ്ണുകോടാലികളാണു്. നമ്മുടെ ദേവാലയങ്ങൾക്കു് അവർ തീവെക്കും. വൈദികരേയും കന്യാസ്ത്രീകളേയും ഒന്നുകടങ്കം വാളിനിരയാക്കും. കത്തോലിക്കമതാനുയായികളേയെല്ലാം കൊന്നൊടുക്കും."

"അയ്യോ! അവർ ഇത്ര ദൈവദ്രോഹികളാണോ!"

"അതു മാത്രമോ? അവർ പരിശുദ്ധ കുബ്ബാനയിൽ യഥാർത്ഥത്തിൽ ഈശോ സന്നിധിചെയ്യുന്നുവെന്നു വിശ്വസിക്കാത്തവരാണു്. വി. കുബ്ബാന സക്രാരിയിൽ സൂക്ഷിച്ചുവണങ്ങുന്നതു് വിഗ്രഹാരാധനയായി അവർ വിചാരിക്കുന്നു. പള്ളികളും അവർ പിടിച്ചെടുത്താൽ ആദ്യമായി വി. കുബ്ബാന നിലത്തു വലിച്ചെറിഞ്ഞു ചവുട്ടിത്തേയ്ക്കും."

"ഓ! എന്റെ ഈശോയേ! അതൊരിക്കലും ഇടവരുത്തല്ലേ!"

"ഇതാ! ലീമായിലെ ജനങ്ങളെല്ലാം ഇളകിവശായിരിക്കുന്നു. ഭയചകിതരായ ജനാവലി നമ്മുടെ മുറ്റത്തു തടിച്ചുകൂടിയിരിക്കുന്നു, നിന്നെക്കണ്ടു് പ്രാർത്ഥനാസഹായം യാചിക്കുവാൻ. നഗരാധിപനായ മേയരും വന്നിട്ടുണ്ടു്. നീ വേഗം പുറത്തുവന്നു അവരെ പറഞ്ഞുവിടണം."

"ഞാൻ പുറത്തുവരേണ്ട ആവശ്യമില്ല. ഞാൻ ഇവിടെ ഇരുന്നു തീക്ഷ്ണതയോടെ പ്രാർത്ഥിച്ചുകൊള്ളാം."

"നിന്നെ നേരിട്ടുകണ്ടു അപേക്ഷ യാചിക്കുവാനല്ലേ മേയ

രും ജനക്കൂട്ടവും വന്നു കാത്തുനില്ക്കുന്നതു്?"

"അതിനു് ഞാൻ വരണമെന്നില്ല. ഞാൻ ഈ അറയിൽ ഇരുന്നു നല്ലവണ്ണം അപേക്ഷിച്ചുകൊള്ളാം. ലീമായിലെ തെരുവുകളിൽകൂടി പരിശുദ്ധകുബ്ബാനയും വഹിച്ചുകൊണ്ടു് പരിഹാരപ്രദക്ഷിണങ്ങളും നടത്തിയശേഷം എല്ലാവരും കത്തീഡ്രൽ പള്ളിയിൽ വന്നുചേർന്നു തീഷ്ണതയോടെ പ്രാർത്ഥനകളും നടത്തട്ടെ. ഒരാപത്തും വരാതെ ഈശോ ലീമായെ സംരക്ഷിച്ചുകൊള്ളുമെന്നു് മേയറിനോടും ജനക്കൂട്ടത്തോടും ആങ്ങളപോയി അറിയിച്ചാൽ മതി."

"ഉം. ഞാൻ പോയി പറഞ്ഞുനോക്കാം."

ഫെർഡിനാൻറിൽനിന്നു വിവരമറിഞ്ഞ മേയരും ജനസഞ്ചയവും സമാധാനത്തോടുകൂടി മടങ്ങിപ്പോയി. റോസിനെ ഒരു പുണ്യവതിയും പ്രവാചകയുമായിട്ടാണു് അവരെല്ലാം ബഹുമാനിച്ചിരുന്നതു്. അതുകൊണ്ടു അവളുടെ വാക്കുകളും ഒട്ടും സംശയിക്കാതെതന്നെ അവർ സ്വീകരിച്ചു.

അന്നു രാത്രി ലീമാനഗരത്തിനു ഒരു കാളരാത്രിതന്നെയായിരുന്നു. എല്ലാവരും ദുഃഖസൂചകമായി കറുത്ത വസ്ത്രങ്ങൾ ധരിച്ചിരുന്നു. നഗരത്തിന്റെ ഓരോ തെരുവിൽക്കൂടിയും കൂട്ടംകൂട്ടമായി ആളുകളും പരിഹാരപ്രദക്ഷിണം നടത്തി ഭദ്രാസനദേവാലയത്തിൽ വന്നുചേർന്നിരുന്നു. അന്നു രാത്രിമുഴുവനും ഉപവാസത്തിലും പ്രാർത്ഥനയിലും എല്ലാവരും ദൈവസഹായം അഭ്യർത്ഥിക്കണമെന്നു് മെത്രാപ്പോലീത്തയുടേയും മേയരുടേയും നിർദ്ദേശവുമുണ്ടായിരുന്നു. വീഥികളിൽക്കൂടിയുള്ള പ്രദക്ഷിണനേരത്തു വിലാപപ്രാർത്ഥനകളുടെ സ്വരം അന്തരീക്ഷത്തിൽ ഉയർന്നു.

"എന്റെ ഈശോയേ, അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെക്കരുതി"" എന്നു ഒരാൾ ഉറക്കെച്ചൊല്ലിയിരുന്നതിനു മറുപടിയായി ജനതാമദ്ധ്യത്തിൽ നിന്നു "പൊറുക്കണമേ, അനുഗ്രഹിക്കേണമേ." എന്ന ഉത്തരം വീഥികളുടെ ഇരുഭാഗങ്ങളിലുള്ള ഭവനഭിത്തികളിന്മേൽ തട്ടി പ്രതിധ്വനിച്ചു. ഇങ്ങനെ അനുഗ്രഹക്കൊന്തകളും ഒന്നിനുശേഷം ഒന്നായി ചൊല്ലി ഓരോ വാർഡുകളിൽനിന്നും പരിശുദ്ധ കുബ്ബാനയും സംവഹിച്ചുകൊണ്ടുള്ള പരിഹാരജാഥാകളും വന്നു ചേർന്നിരുന്നു. പാതിരാവായപ്പോഴേയ്ക്കും ഭദ്രാസനദേവാലയം നിറഞ്ഞുകഴിഞ്ഞു. വൈദികരും കന്യാസ്ത്രീകളും, ആബാലവൃദ്ധം വിശ്വാസികളും ഭയഭക്തിയോടുകൂ

ടെ ഉയർന്ന ദീനസ്വരത്തിൽ പ്രാർത്ഥിച്ചിരുന്നു. സാധാരണയായി പള്ളിയിൽ പ്രാർത്ഥനകഠം ചൊല്ലിയിരുന്ന ഭക്തിതിലകനും വയോധികനുമായ നിക്കോച്ചേട്ടൻ വലിയ ലുത്തനിയാ ആരംഭിച്ചു.–

"കർത്താവെ അനുഗ്രഹിക്കണമെ; കർത്താവെ അനുഗ്രഹിക്കണമെ."

"മിശിഹായെ അനുഗ്രഹിക്കണമെ; മിശിഹായെ.....

.....

"ശുദ്ധപത്രോസെ; ഞങ്ങഠംക്കുവേണ്ടിഅപേക്ഷിക്കണമെ."

"ശുദ്ധ പൗലോസെ; ഞങ്ങഠംക്കുവേണ്ടി....."

പള്ളിയിലുള്ള ജനങ്ങളെല്ലാം മുട്ടിന്മേൽതന്നെ നിവൎന്നുനിന്നിരുന്നു. ചുവരിൽ ചാരിയൊ ചടഞ്ഞോ ഇരിക്കുന്നവർ അന്നാരും ഉണ്ടായിരുന്നില്ല. പ്രാർത്ഥന നിറുത്താതെ നടന്നിരുന്നു.–

"ദയാപരനായിരുന്നു; കർത്താവെ ഞങ്ങളുടെ പാപങ്ങളെ നീ പൊറുക്കണമെ."

"ദയാപരനായിരുന്നു; കർത്താവെ ഞങ്ങളുടെ പ്രാർത്ഥന നീ കേഠംക്കണമെ.

"സകല തിന്മകളിൽനിന്നു: കർത്താവെ ഞങ്ങളെ നീ രക്ഷിക്കണമെ,

"നിന്റെ കോപത്തിൽനിന്നു; കർത്താവെ ....."

അന്നത്തെ ജനങ്ങളുടെ ഭക്തി അനിതരസാധാരണമെന്നേ പറയേണ്ടു. ജീവനിൽ ആക്കാണൂ കൊതിയില്ലാത്തതു? സാധാരണയായി പള്ളിമുറ്റത്തുള്ള തൈമാവിന്റെ ചുവട്ടിൽതന്നെ കുബ്ബാനാരംഭമുഴുവൻ ആശ്വാസത്തിൽ ഇരുന്നു, വികാരിയച്ചന്റെ പ്രസംഗത്തെ വിമർശിക്കയുംമറ്റുംചെയ്തു കഴിച്ചുകൂട്ടാറുണ്ടായിരുന്നതുണ്ടുതാനും "പുരോഗമനവാദി"കളായ അഭ്യസ്തയുവാക്കാന്മാർ പോലും അന്നു് അകത്തുകടന്നു് മുട്ടുകുത്തി, കൂപ്പിയിരുന്ന കൈകഠം നെഞ്ചോടുചേർത്തു തന്നെ പിടിച്ചിരുന്നു. പ്രംസിസ്സ്കോസു് മൂന്നാംസഭക്കാരായ ചില വൃദ്ധന്മാർ കൈവിരിച്ചു പിടിച്ചതു കണ്ടു്, നാലഞ്ചു കോളജ്കുമാരന്മാർ അറിയാതെ കൈപൊക്കിപ്പോയി. പ്രാർത്ഥനയുടെ സ്വരം ദേവാലയത്തിൽ മാറ്റൊലിക്കൊണ്ടതന്നെയിരുന്നു.

"നിന്റെ തിരുസഭയുടെ ശത്രുക്കളെ കീഴ്പ്പെടുത്തണമെന്നു;
കർത്താവെ, നിന്നോടു ഞങ്ങഠം അപേക്ഷിക്കുന്നു."

"ഞങ്ങളുടെ അപേക്ഷകം കൈക്കൊള്ളണമെന്നു°;
കത്താവെ, നിന്നോടു ഞങ്ങളം അപേക്ഷിക്കുന്നു."

നഗരത്തിലെ ഭൂരിപക്ഷം ജനങ്ങളും പള്ളിയിലെത്തിയെങ്കിലും റോസു തന്റെ വീട്ടിൽത്തന്നെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടുകയാണു° ചെയ്തതു°. ലന്തക്കാർ മടങ്ങിപ്പോകണമെന്നു പ്രാർത്ഥിക്കുവാൻ അവർക്കു മനസ്സുവന്നിരുന്നില്ല. കാരണം, അവർ മതവിരോധികളായതുകൊണ്ടു അവർ നഗരം കരസ്ഥമാക്കിയാൽ ഈശോയ്ക്കുവേണ്ടി രക്തസാക്ഷിയാകാൻ അവർക്കു അവസരം ലഭിക്കും. ചോരചൊരിഞ്ഞുകൊണ്ടു ഈശോയോടുള്ള സ്നേഹം കാണിക്കുവാൻ അവർ എന്നും അത്യധികം ആഗ്രഹിച്ചിരുന്നു. അതുകൊണ്ടു അവർ വരണമെന്നപേക്ഷിക്കുവാൻ അവർക്കു തോന്നിയിരുന്നു. എങ്കിലും അവർ വളരെ അധികം സ്നേഹിച്ചിരുന്ന ലീമാനഗരത്തെ അവർ ചുട്ടെരിയ്ക്കും. വിശുദ്ധസ്ഥലങ്ങളെ നിലംപതിപ്പിക്കും. വൈദികരേയും കന്യാസ്ത്രീകളേയും വാളിന്നിരയാക്കും. കത്തോലിക്കരായ നഗരവാസികളേയെല്ലാം കൊന്നൊടുക്കും. മാതൃമോ സ്നേഹത്തിന്റെ ക്ഷീരാശയായ പരിശുദ്ധ കുമ്പാനയെത്തന്നെ അവർ അവമാനിക്കും, നിലത്തു വലിച്ചെറിയും, എന്നെല്ലാം ഓർത്തപ്പോൾ കാൽവിൻകാരായ ലന്തക്കാരെ ഓടിക്കണമെന്നുതന്നെ തീഷ്ണതയോടെ രാവു മുഴുവനും പ്രാർത്ഥിച്ചിരുന്നു.

അന്നു നേരം ഏതാണ്ടു വെളുക്കുമ്പോളം ജനങ്ങളം പള്ളിയിൽത്തന്നെ പ്രാർത്ഥനയിലും പ്രലാപത്തിലും കഴിച്ചുകൂട്ടി. മലകളെ തുളച്ചു പൊങ്ങിവന്നിരുന്ന ആദിത്യൻ ആകാശത്തെ ചെഞ്ചായം പൂശിത്തുടങ്ങി. തത്സമയം ഒരു വികൃതിപ്പെരുക്കൻ പള്ളിമുറ്റത്തേയ്ക്കു ഓടിവന്നു° വിളിച്ചുപറഞ്ഞു:—

"ലന്തപ്പട്ടികകം മണ്ടിക്കളഞ്ഞു; അവർ പരാപരന്നു." വാതുക്കലുണ്ടായിരുന്ന ജനങ്ങളിൽ കുറേപ്പേർ മുറ്റത്തേയ്ക്കിറങ്ങിച്ചെന്നു° ബാലനെ "ക്രോസു°" ചെയ്തുതുടങ്ങിയതേയുള്ളു. അപ്പോഴേയ്ക്കും തുരുമുഖാധികാരികളിൽനിന്നുള്ള ഔദ്യോഗികദൂതും വഹിച്ചുകൊണ്ടുവരുന്ന വില്ലാളിശിപായി വന്നടുത്തു. അയാളം വന്നയുടനെ, ദേവാലയമദ്ധ്യത്തിൽ പ്രാർത്ഥനാനിരതനായി മുട്ടുകുത്തിനിന്നിരുന്ന മെത്രാപ്പോലീത്തായെ സമീപിച്ചു. "കാൽവിൻകാർ കടന്നുകളഞ്ഞു. വെളുക്കാറായപ്പോളം ഏതോ ഭയങ്കരശത്രുസന്നാഹംകണ്ടു ഭയപ്പെട്ടിട്ടെന്നപോലെ കപ്പലുകളെല്ലാം ശാന്ത

സമുദ്രമദ്ധ്യത്തിലേയ്ക്കു ഉടനെ ഓടിച്ചുപോയി. നമ്മുടെ ലീമാ നഗരം രക്ഷിക്കപ്പെട്ടിരിക്കുന്നു." എന്നു അയാൾ മെത്രാപ്പോലീത്തായുടെ ചെവിയിൽ പറഞ്ഞു. ആ വന്ദ്യദേഹം ഉടനെ എഴുന്നേറ്റു ജനങ്ങളുടെനേരെ തിരിഞ്ഞു അറിയിച്ചു:—

"ദൈവത്തിനു സ്തുതിയായിരിക്കട്ടെ. നമ്മുടെ ലീമാ രക്ഷിക്കപ്പെട്ടിരിക്കുന്നു. കാൽവിൻകാരുടെ കപ്പലുകളെല്ലാം പലായനംചെയ്കയിഞ്ഞു. റോസിന്റെ പ്രാർത്ഥനകൊണ്ടാണു് നമ്മുടെ നഗരം രക്ഷിക്കപ്പെട്ടതെന്നു നാം കരുതുന്നു. ലീമാ എന്നും അവളെ സ്നേഹപൂർവ്വം സ്മരിക്കുന്നതാണു്."

ആഹ്ലാദഭരിതരായ ജനസഞ്ചയം, "അതേ, അവൾ നഗരത്തിന്റെ സംരക്ഷകതന്നെ. റോസു് എന്നും "ലീമയുടെ ഓമന" യായിരിക്കും" എന്നു ആർത്തുവിളിച്ചു. ശാന്തമായിരിക്കാൻ ആംഗ്യം കാണിച്ചുകൊണ്ടു മെത്രാപ്പോലീത്താ തുടർന്നു:—

"ഉടനെതന്നെ ദൈവത്തിനു നന്ദിപറയുവാനായി ലോകാലാഹാ മ്ശബഹീനൻ, ദൈവമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു' എന്ന സ്തോത്രഗീതം നമുക്കാലപിക്കാം." അതിനുശേഷം എല്ലാവർക്കും വീടുകളിൽച്ചെന്നു ഈ ദിവസം ഒരു സന്തോഷദിനമായി കഴിക്കാം."

ആദിത്യൻ ഉദിച്ചുയർന്നപ്പോഴേയ്ക്കും ലീമാപട്ടണത്തിന്റെ മട്ടൊക്കെ മാറി. എല്ലാ ദേവാലയങ്ങളിൽനിന്നും സന്തോഷസൂചകമായ മണിനാദം കേൾക്കാറായി. ജനങ്ങൾ ആനന്ദകുതൂഹലരായി ആഡംബരവേഷവിധാനങ്ങളോടുകൂടി തെരുവുകളിൽക്കൂടി മന്ദംമന്ദം ഉലാത്തിയിരുന്നു. എവിടേയും പാട്ടും കൂത്തും, വെടിയും പടക്കവും, കളിയും ചിരിയുംതന്നെ.

അദ്ധ്യായം 10.

ലീമയുടെ മോചനം നടന്നിട്ടു് ഏതാനും മാസങ്ങൾ കഴിഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷം ഗാസ്പറും മേരിയും വീടിന്റെ മുൻവശത്തിരുന്നു ഗാർഹികകാര്യങ്ങളെക്കുറിച്ചു് ചർച്ച നടത്തിയിരുന്നു. വെയിലിന്റെ ചൂടു അല്പം ശമിച്ചുതുടങ്ങിയതേയുള്ളൂ. ആരോ ഒരാൾ പടിവാതിൽ കടന്നുവരുന്നതുകണ്ടു് മേരി അകത്തേയ്ക്കു കടന്നു് വാതിലിന്റെ മറയിൽ ഒളിച്ചു.

"ഓ! ഡോൺഗൊൺസാലോ ആണോ! വേഗം കയറിയി

രിക്കുക. കണ്ടിട്ട് വളരെ നാളായല്ലോ!" ഗാസ്പർ കുശലപ്രശ്നം നടത്തി.

"അതു അധികം നാളായോ? നിങ്ങളുടെ താല്പര്യംകൊണ്ട് അങ്ങനെ തോന്നുന്നതായിരിക്കും."

"പിന്നെ, എന്താ ഇങ്ങോട്ട ഇറങ്ങാമെന്നുവെച്ചതു?"

"വിശേഷിച്ചൊന്നും ഉണ്ടായിട്ടല്ല. ഇവിടെ എല്ലാവർക്കും സുഖംതന്നെയാണല്ലോ."

"ആ! സുഖംതന്നെ. ഈ ലോകത്തിൽ പ്രതീക്ഷിക്കാവുന്നിടത്തോളം."

"പിന്നെ, റോസു വളരെ ക്ഷീണിച്ചു അങ്ങേഅറ്റം പറഞ്ഞിയെന്നു കേട്ടല്ലോ?"

"അതു ശരിയാ. അവളുടെ തപസ്സും പ്രാർത്ഥനയും അവളുടെ കഥ വേഗം കഴിക്കുമെന്നാണു തോന്നുന്നതു. ദേഹത്തു് എല്ലും തൊലിയും മാത്രമേയുള്ളു."

"വല്ലതും അകത്തോട്ട ചെന്നെങ്കിലല്ലേ പുറമെ കാണുകയുള്ളു. പിന്നെ കാറ്റും വെളിച്ചവുമില്ലാത്ത അറയിലിട്ട തന്നെത്താൻ പൂട്ടിയിരിക്കയല്ലേ. എങ്ങനെ പിന്നെ ജീവൻ നിലനില്ക്കും." വാതിലിന്റെ മറയിൽനിന്നു തല അല്പം പുറത്തുകാണിച്ചുകൊണ്ട് മേരി പറഞ്ഞു. കുഞ്ഞു ചാകുന്നകാര്യം വന്നപ്പോഴം അമ്മയുടെ നാവനങ്ങാതിരിക്കുമോ?

"നിങ്ങളൊക്കെ അവളോട നല്ലവണ്ണം പറഞ്ഞുനോക്കിയില്ലേ, സാധാരണക്കാരു് ജീവിക്കുന്നപോലെ ജീവിച്ച പുണ്യവതിയായാൽ മതിയെന്നു്."

"ഓ! പറഞ്ഞു, പറഞ്ഞു. അതിനപ്പുറവും പറഞ്ഞു. ഞാനും മേരിയും ഫെർഡിനാൻറും മരിഴാനയുമൊക്കെ പറഞ്ഞുനോക്കി." ഗാസ്പർ അല്പം കുണ്ഠിതത്തോടുകൂടി പറഞ്ഞുനിർത്തിയപ്പോഴേയ്ക്കും മേരി തുടന്നു:—

"ആരുപറഞ്ഞാലെന്താഫലം? അവളോട ഈശോ ഇതാവശ്യപ്പെട്ടുന്നുണ്ടത്രേ. പോരെങ്കിൽ, അവളുടെ ആത്മപിതാവിന്റെ അനുവാദവും ഉണ്ടെന്നാ പറയുന്നതു്."

"അവളുടെ കുമ്പസാരക്കാരൻ ഡൊമിനിക്കൻ മൂന്നാംസഭക്കാരുടെ സുപ്പീരിയറായ ഫാദർ അലോൺസോ അല്ലേ?" ഡോൺഗൊൺസാലോ തുടന്നു:— "അദ്ദേഹം വിവേകമുള്ള ഒരു മനുഷ്യനാണു്. ഞാൻ അദ്ദേഹത്തെ ചെന്നുകണ്ട വിവരങ്ങളെല്ലാം ധരി

പ്പിച്ചു്, ഒരെഴുത്തും അദ്ദേഹത്തിൽനിന്നു വാങ്ങിച്ചു കൊണ്ടുവന്നിട്ടുണ്ടു്."

"എന്താണാവോ എഴുത്തിൽ പറയുന്നതു്? അവനും അറയിൽനിന്നു പോന്നു, ഞങ്ങളുടെകൂടെ നേരംമുഴുവനും വീട്ടിൽവന്നു താമസിക്കണമെന്നാണോ?" അപ്പൻ ആവേശത്തോടെ ആരാഞ്ഞു.

"മൂന്നുനേരം നാഴി കഞ്ഞിവെള്ളം അകത്തേയ്ക്കു കഴിക്കണമെന്നു പറഞ്ഞിട്ടുണ്ടോ?" മകളുടെ ഉള്ളിൽ ജീവൻ നിറുത്തേണ്ട കാര്യത്തിലേയ്ക്കു അമ്മയുടെ ശ്രദ്ധ ആദ്യംപതിഞ്ഞു.

"കൃത്യം അങ്ങനെയല്ലാ. എനിക്കു വേറൊരു പ്ലാനുണ്ടു്."

"അതെന്തായിരിക്കാം?"

"അവനും ഇവിടെത്തന്നെ താമസിച്ചാൽ ഈ തപസ്സിന്റേയും നമസ്കാരത്തിന്റേയുംമറ്റും വിചാരം വീണ്ടുംവരും. ഈ ചുറ്റുപാടുകളിൽനിന്നൊക്കെ മാറി വേറൊരുസ്ഥലത്തു് താമസിക്കണം. എന്നാലേ മനസ്സു മാറിക്കിട്ടുകയുള്ളു."

"അതിനെന്താ പോംവഴി?"

"വീട്ടിൽ അവയ്ക്കും മക്കൾക്കുമെല്ലാം റോസിനോടു വലിയ താല്പര്യമാ. റോസിനെ നമ്മുടെ വീട്ടിൽ ഒരതിഥിയായി എന്നും താമസിപ്പിക്കണമെന്നാണു് എന്റെ ആഗ്രഹം. ഡോക്ടറന്മാരെ വരുത്തി ആളിനു ഒരു കോലം വരുന്നതുവരെയെങ്കിലും കുറെ ചികിത്സ ചെയ്യണം. അവിടെ ഇടയ്ക്കിടയ്ക്കു പാട്ടും ഡാൻസുമൊക്കെയുള്ളതുകൊണ്ടു് വിനോദത്തിന്റെ ഇടയിൽ തപസ്സിന്റെ കായ്കൃമൊക്കെ മറന്നുകൊള്ളും."

"എനിക്കതിൽ വലിയ വിരോധമില്ല. ഒന്നു പരീക്ഷിച്ചുനോക്കാം." അവളുടെ അമ്മയുടെ അഭിപ്രായമെന്താണാവോ?" ഗാസ്പർ സചന്തകായ്യം പറഞ്ഞു.

"എങ്ങനെയായാലും എന്റെ കുഞ്ഞു ജീവനോടിരിക്കുന്നതു കണ്ടുകൊണ്ടു് എനിക്കു മരിച്ചാൽമതി." അമ്മ തന്റെ സമ്മതം കൊടുത്തു.

"പക്ഷേ അവനും നിങ്ങളുടെ വീട്ടിലേയ്ക്കു പോകുമോ?" അപ്പനൊരു സംശയം.

"അവനും പോകാതിരിക്കയില്ല! അതിനുവേണ്ടിയാണു് ഫാദർ അലോൺസായുടെ എഴുത്തു വാങ്ങിക്കൊണ്ടുവന്നിരിക്കുന്നതു്. നിങ്ങളും സമ്മതിക്കുമെങ്കിൽ അവനും എന്റെ വീട്ടിൽവന്നു

താമസിക്കണമെന്നും, തൽക്കാലത്തേയ്ക്കു തപഃശ്ചര്യ്യകളൊന്നുംകൂടാതെ വേണ്ടപോലെ തിന്നുംകുടിച്ചും, ചികിത്സകഠംചെയ്തും ആശ്വാസമായി കഴിക്കണമെന്നും അദ്ദേഹം അതിൽ കല്പിച്ചിട്ടുണ്ട്. ഇതാ കത്തു് അവർക്കു കൊടുക്കാൻ." ഗോൺസാലൊ എഴുത്തു ഗാസ്പറിനെ ഏല്പിച്ചു.

"ആങ്ങ്ഹാ, നല്ലകാര്യം. താമസിയാതെ ഫെർഡിനാൻഡു് അവളെ അവിടെ കൊണ്ടുചെന്നാക്കാൻ ഏർപ്പാടുചെയ്യാം." ഗാസ്പർ വാക്കുകൊടുത്തു.

"വളരെ ഉപകാരം. കാര്യത്തിനു ഒട്ടും അമാന്തം വരുത്തരുതേ. എന്നാൽ ഞാൻ പോകട്ടെ." ഗൊൺസാലൊ പോകാൻ ഒരുങ്ങി.

"ഇത്ര ധൃതിയെന്താ? വല്ലതും കഴിച്ചിട്ടുപോകാം. ഡോൺ ഗൊൺസാലോയൊക്കെ അങ്ങനെ അനുരേപ്പോലെ വെള്ളമിറക്കാതെ ഇറങ്ങിപ്പോയാലോ?" ഗാസ്പർ ലോഹ്യംപറഞ്ഞു.

"അല്പംകൂടി ഇരുന്നാൽമതി. പക്ഷവിനെ കറക്കേണ്ട താമസമെയുള്ള." ലോഹ്യംപറയുന്നതിൽ വീട്ടുകാരി പുറകോട്ടനിന്നില്ല.

"ഓ. വേണ്ടാ. ഈ ഇരുട്ടുന്നനേരത്തു് ആരാ കാപ്പികുടിക്കുക. ഞാൻ വീട്ടിൽച്ചെന്നു അത്താഴം കഴിച്ചുകൊള്ളാം." അതിഥി നടയിറങ്ങി നടന്നുകഴിഞ്ഞു.

അടുത്തദിവസം സന്ധ്യയോടുകൂടെ റോസു് ഡോൺഗോൺസാലോയുടെ ഭവനത്തിൽച്ചെന്നു താമസംതുടങ്ങി. അവിടെയുള്ളവരെല്ലാം അവളെ ഒരു പുണ്യവതിയായി ബഹുമാനിക്കയും, വലിയ സ്നേഹംകാണിക്കയും ചെയ്തിരുന്നു. അവർ യാതൊരു ജോലിയും ചെയ്യുവാൻ അവർ അനുവദിച്ചിരുന്നില്ല. എങ്കിലും അവരെ നിർബ്ബന്ധിച്ചു വീട്ടിലെ കുട്ടികളുടെ കായ്മെല്ലാം അവർ ഏറ്റെടുത്തു. കുട്ടികൾക്കെല്ലാം അവളോടു അതിരറ്റ താല്പര്യമായിരുന്നതു്. ഈശോയോടുള്ള സ്നേഹത്തെപ്രതി ചെറിയ സുകൃതജപങ്ങളും ആശയടക്കങ്ങളും ചെയ്യുന്നതിനു് അവർ അവരെ തഴക്കിയിരുന്നു. ആത്മപിതാവിന്റെ നിർദ്ദേശമനുസരിച്ചു് അവർ തപഃശ്ചര്യ്യകളെല്ലാം മാറ്റിവെച്ചു്, ആവശ്യാനുസരണം ആഹാരംകഴിക്കയും ആശ്വസിക്കയുംചെയ്തിരുന്നു. പ്രാർത്ഥനയ്ക്കായിമാത്രം അധികനേരം ചെലവഴിക്കാൻ ആത്മനിയന്താവിന്റെ അനുമതിയില്ലാഞ്ഞതിനാൽ ജോലിചെയ്യുന്നതിനിടയ്ക്കും സം

സാരത്തിലേപ്പെട്ടിരിക്കുന്നതിനിടയ്ക്കും അവൾ കൂടെക്കൂടെ ഏദ
യംകൊണ്ട് സൂകൃതജപങ്ങൾ ചൊല്ലിയിരുന്നു.

ഡോൺഗോൺസാലോ എല്ലാ പ്രധാനകാര്യങ്ങളിലും അവ
ളോട് ആലോചന ചോദിച്ചിരുന്നു. അവളുടെ പ്രാർത്ഥനവഴി
യായി തൻെറ കുടുംബം സമ്പത്തിലും സന്തോഷത്തിലും പുരോ
ഗമിക്കുമെന്നു അയാൾ വിശ്വസിച്ചിരുന്നു. അപേക്ഷയും ആ
ലോചനയും ലഭിക്കുന്നതിനായി വരുന്ന ജനങ്ങൾ അവളെ അല
ട്ടാതിരിക്കുവാനായി ആരേയും അകത്തു പടികടത്തി വിട്ടിരു
ന്നില്ല. "നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു അവളെ
അറയിച്ചേക്കാം" എന്നു പറഞ്ഞ് അവരെ അയച്ചിരുന്നു. ലീമയുടെ മദ്ധ്യസ്ഥയും ഒരു മഹാ പുണ്യവതിയുമാ
യിത്തന്നെ നഗരവാസികൾ അവളെ എന്നും കരുതിയിരുന്നു.

റോസ് ഡോൺഗൊൺസാലോയുടെ വീട്ടിൽ വന്നിട്ടു കുറെ
ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം മാതാപിതാക്കന്മാരും
ആങ്ങളയും അവളെ സന്ദർശിക്കുവാൻ വന്നു. റോസിയിലുണ്ടായ
മാറ്റം കണ്ട് അവർ അത്ഭുതപരതന്ത്രരായി.

"ഇതു നമ്മുടെ പഴയ റോസുതന്നെയാണോ!" പെങ്ങളെക്ക
ണ്ട് ആങ്ങള പെട്ടെന്നു പറഞ്ഞുപോയി.

"പിന്നെ, കഞ്ഞിയും ചോറും കഴിച്ചുതുടങ്ങിയപ്പോൾ അ
തിൻെറ ഫലം കാണാതിരിക്കുമോ?" അപ്പൻ തൻെറ അഭിപ്രായം
പ്രകടിപ്പിച്ചു.

"മനുഷ്യനു വായുമാത്രംപോരാ. ഭക്ഷണവും വേണം. അ
കത്തേയ്ക്കു ചെല്ലുമ്പോൾ പുറത്തേയ്ക്കു വരാതിരിക്കയില്ല." മക
ളെക്കണ്ട അല്പം അമ്പരന്നുനിന്ന മേരി തൻെറ വിജ്ഞാനം വെളി
പ്പെടുത്തി. പിന്നെ, കുഞ്ഞിൻെറ കാര്യം അമ്മയേക്കാൾ ആ
ർക്കാണ് അറിയാവുന്നത്?

"എന്നാൽ അവൾ ഇവിടെത്തന്നെ താമസിച്ചുകൊള്ളട്ടെ.
പിള്ളേർക്ക് അവളെ വലിയ കാര്യമാ. വീട്ടുകാരിക്കും അങ്ങനെ
തന്നെയാ." ഗൊൺസാലോ ഭാവിയിലേയ്ക്ക് കാലിട്ടു.

"ഓ! വിരോധമൊന്നുമില്ല. എൻെറ കുഞ്ഞു ചാകാതെ
കിടന്നാൽമതി. ഒന്നുവന്നു കാണുകയെങ്കിലും ചെയ്യാമല്ലോ."
അമ്മ വേഗം സമ്മതം കൊടുത്തു.

"നിങ്ങൾക്കൊക്കെ നിർബ്ബന്ധമാണെങ്കിൽ ഞാൻ ഇവിടെ
ത്തന്നെ താമസിച്ചുകൊള്ളാം. പക്ഷേ, എൻെറ ഈലോകപ്രവാ

സം അവസാനിക്കാറായി." റോസു് ഉറച്ചസ്വരത്തിൽ പറഞ്ഞു.

"ഒരു അമ്പതുകൊല്ലത്തിനകത്തു പെങ്ങളു് മരിക്കയില്ല. തല്ലിക്കൊന്നാലും ചാകയില്ല. ഇപ്പോഴം വെച്ചിട്ടുള്ള മാംസമെല്ലാം പോയി, വീണ്ടും എല്ലും തൊലിയുമായിട്ടല്ലേ മരിക്കുകയുള്ളൂ?" ആങ്ങള തന്റെ ആഗ്രഹം പറഞ്ഞെന്നേയുള്ളു.

"ശരിയായിരിക്കാം. പക്ഷേ എനിക്കറിയാം ഇനി അധികം നാളില്ലെന്നു്. ഇന്നു് ആഗസ്റ്റു് 24–ാംതീയതി വിശുദ്ധ ബർത്തലൂമാശ്ലീഹായുടെ തിരുന്നാളല്ലേ. വരുന്നതിന്റെ പിന്നത്തെ പെരുനാളാം ഞാൻ സ്വർഗ്ഗത്തിൽച്ചെന്നു ഘോഷിക്കും." റോസു് പ്രവചിക്കയാണെന്നു ആരും കരുതിയില്ല.

"എടീ, കരിനാക്കുകൊണ്ടു് ഒന്നുംപറയാതെ." മേരിയുടെ മാതൃഹൃദയം നൊന്തു. തന്റെ ഓമനക്കുഞ്ഞിനെ വിട്ടുപിരിയേണ്ട കാര്യം അവൾ എങ്ങനെ ഓർക്കും.?

അനന്തരം എല്ലാവരും യാത്രപറഞ്ഞു പിരിഞ്ഞു.

ദിവസങ്ങൾ അങ്ങനെ ഓരോന്നായി കടന്നുപോയി. റോസിന്റെ ആരോഗ്യം അഭിവൃദ്ധിപ്പെട്ടുന്നതായി എല്ലാവർക്കും തോന്നിയിരുന്നു. എപ്പോഴും ആനന്ദഭരിതയായും പുഞ്ചിരിതൂകിയും അവൾ നടന്നിരുന്നു. ശാരീരികതപസ്സുകളൊന്നും ചെയ്തിരുന്നില്ലെങ്കിലും പാപികൾക്കുവേണ്ടി എപ്പോഴും പ്രാർത്ഥിച്ചിരുന്നു. അന്നു് 1617 ആഗസ്റ്റു് 1–ാംതീയതിയായിരുന്നു. റോസു 31–ാം വയസ്സിലേയ്ക്കു കടന്നുകഴിഞ്ഞിരുന്നു. രാത്രി പതിവുപോലെ ഊണുകഴിച്ചു റോസു് ഉറങ്ങാൻപോയി. ഒന്നു മന്ദിച്ചതേയുള്ളൂ. പെട്ടെന്നു ഞെട്ടിഎഴന്നേറ്റു. ദേഹം ആലിലപോലെ വിറയ്ക്കുന്നു. കയ്യുംകാലും അനക്കാൻ നിവൃത്തിയില്ല. സഹായത്തിനായി അടുത്തുകിടന്നിരുന്ന വേലക്കാരിയെ വിളിച്ചുണർത്തി. എല്ലാവരും ഓടിവന്നു റോസിന്റെ ചുറ്റുംകൂടി. അവൾ മരിക്കാൻ പോകയാണെന്നു എല്ലാവർക്കും തോന്നി. വേഗം ഡോക്ടർക്കു് ആളയച്ചു. അയാൾ വന്നു ചില മരുന്നുകളെല്ലാം കൊടുത്തു. അല്പം ആശ്വാസംപോലെ തോന്നി. എങ്കിലും രോഗസ്ഥിതി ആശങ്കാജനകംതന്നെയായിരുന്നു. വീട്ടിൽനിന്നു മാതാപിതാക്കന്മാരും ഫെർഡിനാൻറും മരിയാനയും വന്നുചേർന്നു. ഡോൺഗൊൺസാലോ ലീമായിലെ എല്ലാ സുപ്രസിദ്ധവൈദ്യന്മാരേയും വരുത്തി ചികിത്സിച്ചുനോക്കി. കുറെയൊക്കെ ഗുണംകണ്ടു.

എന്നാൽ 23–ാം തീയതി സന്ധ്യയോടുകൂടി രോഗം മൂർച്ച

ന്യാവസ്ഥയെ പ്രാപിച്ചതായിത്തോന്നി. റോസിന്റെ കിടക്ക യ്ക്കുചുറ്റും ഗാസ്പറും മേരിയും ഫെർഡിനാൻറും മറ്റും വന്നുനി ന്നു. ഫാദർ അലോൺസോയും വന്നെത്തി. രോഗിയുടെ അന്ത്യ ലേപനവും തിരുപാഥേയവും നൽകിയശേഷം അദ്ദേഹം മരണാ സന്നക്കായുള്ള നമസ്കാരങ്ങൾ തുടങ്ങി. റോസ് ദൃഷ്ടികൾ ആകാ ശത്തിലോട്ടുതിരിച്ച് പ്രസന്നമുഖയായി അനക്കമില്ലാതെ കിട ന്നിരുന്നു. ഗാസ്പറും മേരിയും ഫെർഡിനാൻറും അശ്രുധാരയോ ടുകൂടി അവളെ നോക്കിനിന്നു. പെട്ടെന്നു അവൾ ഫെർഡിനാ ൻറിന്റെ നേരെനോക്കി. അവളുടെ ചുണ്ടുകൾ ചലിക്കുന്നതു പോലെ തോന്നി. ഫെർഡിനാൻറ് അവളുടെ മുഖത്തേയ്ക്കു തല ചായ്ച്ചു ശ്രദ്ധിച്ചു.

"ആങ്ങളേ!" എന്നു പതുക്കെ പറയുന്നതുകേട്ട "പെങ്ങളേ! എന്തുവേണം" എന്നു ചോദിച്ചു.

"എനിക്കൊരുകാര്യം ചെയ്തുതരാമോ?" റോസ് പതിവു പോലെ മുഖവുരയിട്ടു.

"ഉം. എന്താ, പെങ്ങളേ?"

"അതേ, എന്റെ കയ്യിൽ കിടക്കുന്ന ഈശോയുടെ മണ വാട്ടിയെന്നു പേരുകൊത്തിയ മോതിരത്തോടുകൂടിത്തന്നെ എ ന്നെ സംസ്കരിക്കണം."

"ഉം. അങ്ങിനെതന്നെ ചെയ്യാം. പിന്നെയെന്താ വേ ണ്ടേ?"

"എന്റെ പ്രിയ കത്രിപ്പണ്യാളത്തിയെപ്പോലെ ഡൊമിനി ക്കൻ സന്യാസവസ്ത്രത്തോടെ എന്നെ അടക്കണം."

"അങ്ങനെതന്നെ ചെയ്യാം. ഇനിയൊന്നുമില്ലല്ലോ."

"ഉം". റോസിന്റെ മുഖം മുന്നോട്ടു ആഞ്ഞു. കൈകൾ പൊ ക്കി, ആലിംഗനംചെയ്യുവാൻ ആഗ്രഹിക്കുന്നപോലെ തോന്നി. ഗാസ്പറും മേരിയും ഫെർഡിനാൻറും മരിയാനയും അവളുടെ വി ളറിയ വദനത്തിൽ ഓരോ നവചുംബനങ്ങൾ ചാർത്തി. റോസ് അവളുടെ ചുണ്ടുകൂട്ടി അവരുടെ മുഖത്തോടടുപ്പിച്ചു. അനന്തരം വീണ്ടും മൗനമായി കിടന്നു. മരിയാന തലയിണകൾ പൊക്കി വെച്ചുംമറ്റും റോസിന്റെ കിടപ്പു സുഖകരമാക്കാൻ ശ്രമിച്ചു. അല്പംകഴിഞ്ഞു അവൾ പെട്ടെന്ന് മുഖം വളരെ പ്രസന്നമാക്കി നല്ലവണ്ണം ഒന്നു പുഞ്ചിരിതൂകി. ഫാദർ അലോൺസോ, തലചാ യ്ച്ച് മന്ദസ്മിതം തൂകിയതിന്റെ കാരണം ചോദിച്ചു.

"ഞാൻ ഈശോയെ കണ്ട പുഞ്ചിരിതൂകിയതാണു്. അ
ന്നു് കളിക്കാൻ വന്നപ്പോഴും ഞാൻ എപ്പോഴും പുഞ്ചിരിയിടണ
മെന്നാണു് ഈശോ പറഞ്ഞിരുന്നതു്. പിതാവെ, എനിക്കു പോ
കുവാനുള്ള സമയം അടുത്തെന്നാ തോന്നുന്നതു്. എന്നെ ആ
ശീർവ്വദിക്കണമെ." എന്നു പറഞ്ഞു റോസു് തലകുനിച്ചു. ഫാ
ദർ അലോൺസോ തന്റെ ആദ്ധ്യാത്മികപുത്രിയ്ക്കു അന്തിമാശീ
സ്സു നൽകി. അല്പം കഴിഞ്ഞു അവശം ചോദിച്ചു:—

"അകലെനിന്നു കേൾക്കുന്ന ആ സ്വരം എന്താ?"

"അതു പാതിരാത്രി കഴിഞ്ഞുള്ള കാനോനാ നമസ്കാരത്തി
നു് സന്യാസീസന്യാസിനികളെ വിളിച്ചുകൂട്ടുവാൻ കൊവേന്ത
കളിലും മഠങ്ങളിലും നിന്നുയരുന്ന മണിനാദമാണു്. 24-ാം തീ
യതി വി. ബർത്തലൂമ്മായ്ലീഹായുടെ തിരുനാൾനമസ്കാരമാണു്
അവർ ആലപിക്കാൻ പോകുന്നതു്." ഫെർഡിനാൻറ പറഞ്ഞു
മനസ്സിലാക്കിക്കൊടുത്തു.

"എന്നാ ഞാനും സഭ്യത്തിൽ ചെന്നുപാടും." റോസു പ
തുക്കെ പറഞ്ഞു. വീണ്ടും ഒന്നു മുഖവണ്ണം മന്ദസ്മിതം തൂകിക്കൊ
ണ്ടു് അവശം സാവധാനത്തിൽ പറഞ്ഞു:— "എന്റെ ഈശോ
യെ, നിന്നെ ഞാൻ സ്നേഹിക്കുന്നു". അവളുടെ അവസാന
വാക്കുകളായിരുന്നു അതു്. അമലമനോഹരമായ ആ റോസപ്പുഷ്പ
ത്തെ തന്റെ മണിമാറിൽ അണിയുവാനായി കന്യകകളുടെ മണ
വാളൻ അരികത്തെടുത്തുകഴിഞ്ഞു. എങ്കിലും ആ അന്തിമമന്ദ
സ്മിതം അവളുടെ മുഖകമലത്തിൽ തത്തിനിന്നിരുന്നു.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
24 AUG 1995		
4 DEC 1997		
24 OCT 2001		
7 NOV 2001		

DC Library
00001633
LO R7